05
ജൂൺ 2014
വാല്യം. 18
ലക്കം. 11
വില ₹.4.00

# മരുപ്പച്ച

Published from Thiruvalla on 05-06-2014
സമകാലിക പത്രിക

MEMBER
NEWS PAPERS
ASSOCIATION OF INDIA
e-mail: maruppacha@yahoo.com
www.marupacha.com
Tel. +91 469 2634321

# ഡിജിറ്റൽ ബൈബിളുകൾക്ക് പേപ്പർ ബൈബിൾ വഴിമാറുന്നു

**കോട്ടയം:** അച്ചടി ബൈബിളിനെക്കാൾ ഡിജിറ്റൽ ബൈബിളുകൾക്ക് പട്ടണപ്രദേശങ്ങളിൽ പ്രിയമേറുന്നതായി സർവേ റിപ്പോർട്ട്. കൊളംബോയിൽ നടന്ന ഫോറം ഓഫ് ബൈബിൾ ഏജൻസിസ് ഇന്റർനാഷണലിന്റെ വാർഷിക സമ്മേളനത്തിൽ അവതരിപ്പിച്ച റിപ്പോർട്ടിലാണ് സർവേ ഫലം വെളിപ്പെടുത്തിയത്.

അച്ചടി ബൈബിളിനെക്കാൾ ഡിജിറ്റൽ രൂപത്തിലുള്ള ബൈബിൾ ഇഷ്ടപ്പെടുന്ന ഒരു നവപ്രവണത പട്ടണപ്രദേശങ്ങളിലെ യുവജനങ്ങളിൽ ഇന്നു ദൃശ്യമാകുന്നുണ്ട്. മൊബൈൽ സാങ്കേതിക വിദ്യയുടെ വളർച്ചയിൽ ഡിജിറ്റൽ ബൈബിൾ ഒരു വിരൽതുമ്പിന്റെ അകലമേയുള്ളൂ. സാങ്കേതികവിദ്യയുടെ മാറ്റത്തിനനുസരിച്ച് പരിഭാഷാ സംഘടനകൾ വിവർത്തനം ചെയ്ത വേദഭാഗങ്ങളുടെ വിതരണരീതിയ്ക്ക് മാറ്റങ്ങൾ വരുത്തിക്കൊണ്ടിരിക്കുന്നു. സ്മാർട്ട് ഫോൺ, ടാബ്ലെറ്റ്, എസ്.ഡികാർഡ്, എംപിദ പ്ലെയർ, വെബ്സൈ



ബൈബിൾ ഇന്ന് ലഭ്യമാണ്. വിക്ലിഫ് ഇന്ത്യയുടെ സിഇഒ., അലക്സ് മാത്യു പറയുന്നു.

സഭകളിൽ ക്രമമായി സംബന്ധിക്കുന്നവർ ബൈബിൾ കൂടുതൽ വായിക്കുവാൻ താല്പര്യം കാണിക്കുന്നു. സഭകളിൽ പോകാത്തവർ ബൈബിൾ വായനയിലും പുറകിലാണ് എന്നതായിരുന്നു സർവ്വേ ഫലം. ഒരൊറ്റ സഭപോലും പരിഭാഷാപ്രവർത്തനങ്ങൾ ചെയ്യുന്ന വിക്ലിഫ് പോലുള്ള ബൈബിൾ പരിഭാഷാ സംഘടനകൾക്ക് ഈ കണ്ടെത്തൽ ഭാവി പ്രവർത്തനങ്ങളിൽ എങ്ങനെ മാറ്റങ്ങൾ വരുത്താമെന്നു ചിന്തിക്കുവാൻ അവസരമൊരുക്കി.

പരിഭാഷപ്പെടുത്തിയ വേദഭാഗങ്ങൾ ഏറ്റവും ആദ്യം വായിക്കുന്നത് അതാത് ഭാഷാസമൂഹത്തിലെ പ്രാദേശികസഭാംഗങ്ങളാണ്. സഭകളില്ലാത്ത സമൂഹങ്ങളിൽ, സഭാസ്ഥാനത്തിനു മുൻഗണന നൽകുന്ന പ്രസ്ഥാനങ്ങളെ ക്ഷണിക്കുകയും സുവിശേഷവ്യാപനത്തിനു സാഹചര്യം ഒരുക്കുകയും ചെയ്യേണ്ട ആവശ്യകത ഇതു ബോധ്യമാക്കുന്നു. ദൈവവചനം ഹൃദയഭാഷയിൽ ലഭ്യമാകുന്ന പ്രാദേശികസഭയിലൂടെ രൂപാന്തരപ്പെട്ട ഒരുജനതയെ വാർത്തെടുക്കുവാൻ കഴിയുന്നു. വിക്ലിഫ് ഇന്ത്യയുടെ നേതൃത്വത്തിൽ പരിഭാഷാ പ്രവർത്തനം നടക്കുന്ന ഒഡീഷയിലെ ജുവാങ് സമൂഹത്തിൽ ആരംഭത്തിൽ ഒരു പ്രാദേശികസഭ മാത്രമേ ഉണ്ടായിരുന്നുള്ളൂ. വിവർത്തനം ചെയ്യപ്പെട്ട വേദഭാഗങ്ങൾ ജുവാങ്ജനങ്ങളിൽ എത്തിക്കുന്നതിന് ആ പ്രാദേശികസഭയ്ക്ക് ഒട്ടേറെ പരിമിതികളുണ്ടായിരുന്നു.

എന്നാൽ 2010-ൽ ഒരു പ്രമുഖ സഭാസ്ഥാപനപ്രസ്ഥാനത്തെ വിക്ലിഫ് ഇന്ത്യ അവിടേക്കു ക്ഷണിക്കുകയുണ്ടായി. ബൈബിൾ പരിഭാഷാ സംഘവും സഭാസ്ഥാപന ഏജൻസിയും ഒത്തൊരുമിച്ചുള്ള പ്രവർത്തനം പ്രാദേശികസമൂഹത്തിലെ ദൈവവചനത്തിന്റെ വ്യാപനത്തിനു വളരെ ഫലപ്രദമെന്നു തെളിഞ്ഞു.

ഈ പങ്കാളിത്തത്തിന്റെ ഫലമായി ഇന്ന് ധാരാളം പ്രാർത്ഥനാകൂട്ടായ്മകളും ആരാധനകളും ജുവാങ് സമൂഹത്തിൽ ഉടലെടുത്തു. നിരക്ഷരരുടെയിടയിൽ ഓഡിയോ ബൈബിളിന്റെ സ്വാധീനം വലുതാണ്.

യേശു പറഞ്ഞു, "രാജ്യത്തിന്റെ ഈ സുവിശേഷം സകലജാതികൾക്കും സാക്ഷ്യമായി ഭൂലോകത്തിൽ ഒക്കെയും പ്രസംഗിക്കപ്പെടും; അപ്പോൾ അവസാനം വരും" സുവിശേഷത്തിനെതിരെ വാതിൽ കൊട്ടിയടക്കപ്പെട്ട രാജ്യങ്ങളിൽപോലും വിവരസാങ്കേതികവിദ്യയുടെ ദൈവവചനം ചെന്നെത്തുന്നു. ഗോത്രഭാഷകളിൽ വിവർത്തനം ചെയ്യപ്പെടുന്ന ദൈവവചനം ഡിജിറ്റൽ രൂപത്തിൽ ലഭ്യമാണ്- അലക്സ് മാത്യു പറഞ്ഞു.

## അമേരിക്കയിൽ ബ്രദറൺ സംഗമം

### സൗത്ത് വെസ്റ്റ് കോൺഫ്രൻസ് ജൂൺ 18ന്, ഫിബാ കോൺഫ്രൻസ് ജൂലൈ 17ന്

**ന്യൂയോർക്ക്:** ബ്രദറൺ സഭാംഗങ്ങളുടെ സംഗമമായ ഫിബാ കോൺഫ്രൻസിനും സൗത്ത് വെസ്റ്റ് കോൺഫ്രൻസിനും ഒരുക്കങ്ങൾ പൂർത്തിയായി. ടെക്സസിലെ ഹൺസ് വില്ലിലുള്ള സാം ഹൂസ്റ്റൺ സ്റ്റേറ്റ് യൂണിവേഴ്സിറ്റി ക്യാമ്പസാണ് ഈ വർഷത്തെ സമ്മേളനത്തിന് വേദിയാകുന്നത്. അമേരിക്കയിലെ വിവിധ സ്റ്റേറ്റുകളിലുള്ള ബ്രദറൺ സമൂഹം 2014 ജൂൺ 13ന് ഈ സമ്മേള നഗരിയിൽ ഒത്തുചേരും. "വിശ്വാസികൾ ഒരുക്കമുള്ളവരായിരിക്കുക" എന്ന ചിന്താവിഷയത്തെ പുരസ്കരിച്ച് പ്രഭാഷണങ്ങളും സെമിനാറുകളും നടക്കും. പ്രശസ്ത പ്രഭാഷകരായ ബ്രയാൻ ഗണ്ണിംഗ്, സാം ചെറിയാൻ, നേറ്റ് ബ്രാംസെൻ എന്നീ കർതൃദാസന്മാർ വചനഘോഷണം നടത്തും. യുവജനസമ്മേളനം, ചിൽഡ്രൻസ് പ്രോഗ്രാം, താലന്തു പരിശോധന തുടങ്ങി വിവിധ പ്രോഗ്രാമുകൾ സമ്മേളനത്തിന്റെ ഭാഗമായി നടത്തപ്പെടും. 15ന് നടക്കുന്ന സംയുക്ത ആരാധനയിൽ നൂറുകണക്കിന് വിശ്വാസികൾ പങ്കു ചേരും. ജൂൺ 13ന് ആരംഭിക്കുന്ന ഈ കോൺഫ്രൻസ്

▸ ശേഷം പേജ് 8ൽ

## മോദിയെപ്പറ്റിയുള്ള പഴയധാരണകൾക്ക് പ്രസക്തിയില്ല: കർദ്ദിനാൾ മാർ ബസേലിയോസ്

**തിരുവനന്തപുരം:** ഭാരതത്തിന്റെ ഭരണചക്രം തിരിക്കുന്ന വ്യക്തിയായി നരേന്ദ്രമോദി ഉയർന്നിരിക്കുന്നതിനാൽ അദ്ദേഹത്തെപ്പറ്റിയുള്ള നമ്മുടെ പഴയ ധാരണകൾക്ക് പ്രസക്തിയില്ലെന്നു കർദ്ദിനാൾ മാർ ബസേലിയോസ് ക്ലിമിസ് കാതോലിക്കാ ബാവ.

മോദിയുടെ ഭാഗത്തുനിന്ന് സഹകരണത്തിന്റെയും സമന്വയത്തിന്റെയും ഉന്നതമായ ദർശനത്തിന്റേതുമൊക്കെ ചിന്തകളാണ് ഭാരതജനത വരും നാളുകളിൽ പ്രതീക്ഷിക്കുന്നത്. ആ ജനതയോട് ചേർന്ന് ഇവിടുത്തെ ക്രൈസ്തവസമൂഹവും മുന്നേറട്ടെ. ഈ അവസരത്തിൽ മോദിയെ അഭിനന്ദിക്കുകയും ദൈവം അദ്ദേഹത്തിന് നല്ല രീതിയിൽ മുന്നേറാൻ വഴിയൊരുക്കട്ടെയെന്ന് പ്രാർത്ഥിക്കുകയും ചെയ്യുന്നു. സർക്കാരിന്റെ പ്രവർത്തനങ്ങളിൽ സഭ ക്രിയാത്മകമായ പിന്തുണ നൽകി രാഷ്ട്ര നിർമ്മാണ പ്രക്രിയയിൽ പങ്കാളിത്തം തുടരുന്നതാണ്.

എല്ലാ വിഭാഗം ജനങ്ങളുടെയും സുരക്ഷ, വികസനം, അന്താരാഷ്ട്ര തലത്തിൽ ഭാരതത്തിന്റെ യശസ് ഉയർത്തിപ്പിടിക്കുവാൻ തക്കവിധമുള്ള നിലപാടുകൾ ഇക്കാര്യത്തിലെല്ലാം ശ്രദ്ധേയമായ നേട്ടം കൈവരിക്കാൻ സർക്കാരിന് കഴിയട്ടെയെന്നാണ് പ്രാർത്ഥന. രാജ്യം എക്കാലവും ഉയർത്തിപ്പിടിച്ച സനാതന മൂല്യങ്ങളും മതേതരത്വവും ജനാധിപത്യ വ്യവസ്ഥകളും അഭംഗുരം തുടരുന്നതിനും പുതിയ ഗവൺമെന്റിനു സാധിക്കട്ടെ. ക്രിസ്ത്യൻ സഭകളുടെ അഭിപ്രായമനുസരിച്ച് ഭരിക്കാൻ ഒരു സർക്കാരിനും കഴിയില്ലല്ലോ. എല്ലാ വിഭാഗം ജനങ്ങൾക്കും വേണ്ടിയാണ് ഗവൺമെന്റ്. സഭയുടെ അടിസ്ഥാനപരമായ വിദ്യാഭ്യാസ-ആതുര ശുശ്രൂഷ, സാമൂഹ്യസേവനം രാഷ്ട്രനിർമ്മാണ പ്രക്രിയയുടെ സകല മേഖലകൾ ഇവിടെയൊക്കെ സഭയ്ക്ക് പ്രവർത്തിക്കാൻ സാധിക്കുന്നതുപോലെയുള്ള സ്വാതന്ത്ര്യവും സാഹചര്യവും ഒരുക്കേണ്ടത് ഗവൺമെന്റിന്റെ ഭാഗത്തുനിന്നാണ്.

### കൊച്ചുപ്പാപ്പൻ

*വിളക്കും താമരയും മാർത്തോമ്മാ സഭയുടെ ഔദ്യോഗിക മുദ്രയിലുണ്ടെന്നു ഞാൻ മോദിയോടു പറഞ്ഞപ്പോൾ അദ്ദേഹം സന്തുഷ്ടനായി. - ജോസഫ് മാർത്തോമ്മാ*



*പട്ടും വളയും നേടാൻ ഇതിൽ പരം എന്തുവേണം തിരുമേനി!*



ടർക്കിയിലെ ഹൈറോപൊലിസിൽ വച്ച് എ.ഡി. 52ൽ രക്തസാക്ഷിത്വം വഹിച്ച അപ്പൊസ്തലനായ ഫിലിപ്പോസിന്റെ ശവകുടീരത്തിനു മുമ്പിൽ ഡോ. പി.ജി. വർഗീസും അച്ചൻകുഞ്ഞ് ഇലന്തൂരും

ചെയർമാൻ
ജോൺ വർഗീസ്

മാനേജിംഗ് എഡിറ്റർ
സ്റ്റാൻലി ജോർജ്ജ്

ചീഫ് എഡിറ്റർ
അച്ചൻകുഞ്ഞ് ഇലന്തൂർ

ഓവർസീസ് എഡിറ്റർ
ഉമ്മൻ എബനേസർ

ഓവർസീസ് ഡയറക്ടർ
ഡോ. എം.എസ്. സാമുവൽ

റസിഡന്റ് എഡിറ്റർ
കുര്യാക്കോസ് തോട്ടത്തിൽ

അസോസിയേറ്റ് എഡിറ്റേഴ്സ്
വർഗീസ് മാത്യു
ചാർലീസ് മാത്യു
റെജി മൂലേടം
മാത്യൂസ് പി. ജോൺ
ജോസ് ഐക്കരപ്പടി
റെഞ്ചി ജേക്കബ് ജോർജ്
ബെന്നി കൊച്ചുവടക്കേൽ

സബ് എഡിറ്റേഴ്സ്
ജെസ്സി വർഗീസ്
ജെയ് തോമസ് മാലിയിൽ
പൊന്നമ്മ സാം

സ്പെഷ്യൽ റിപ്പോർട്ടേഴ്സ്
റ്റീയെസ് കപ്പമാംമൂട്ടിൽ
റെജി വർഗീസ് വെണ്ണിക്കുളം
ഫിന്നി ബെഞ്ചമിൻ വർഗീസ്
ഫിന്നി രാജു ഹൂസ്റ്റൺ
ജസ്റ്റസ് ചന്ദ്രബോസ്
സാം മാത്യു

യു. എസ്. ജനറൽ കോ-ഓർഡിനേറ്റർ
സാം പണിക്കർ

യു. കെ. ജനറൽ കോ-ഓർഡിനേറ്റർ
ജിജി ബറോഡ

യു.എ.ഇ. ജന. കോ-ഓർഡിനേറ്റർ
ജോൺ മത്തായി അതിരുങ്കൽ

ജോ. കോ-ഓർഡിനേറ്റർ
ജെയിംസ് മേമന

കോ-ഓർഡിനേറ്റേഴ്സ്
കെ.റ്റി.ജോഷ്വ
ജോൺ കാട്ടുപറമ്പിൽ
രാജൻ ഏബ്രഹാം
ജോൺസൺ ജോർജ്ജ് ഡാളസ്സ്
ജോയി സാം ജേക്കബ് കാനഡ

മരുപ്പച്ച

വാർഷിക വരിസംഖ്യ
ഇന്ത്യയിൽ : 150 രൂപ
യു.എസ്.എ. & കാനഡ : $ 50
ഇംഗ്ലണ്ട് : 20 പൗണ്ട്
ഗൾഫ് രാജ്യങ്ങൾ : 2000 രൂപ

വരിസംഖ്യ അയയ്ക്കേണ്ട വിലാസം

മരുപ്പച്ച
പ്ലാന്തോട്ടം കോംപ്ലക്സ്
തിരുവല്ല-1, കേരള.
ഫോൺ : 0469-2634321
e-mail: maruppacha@yahoo.com
www.marupacha.com

എഡിറ്റോറിയൽ

# മാർത്തോമ്മായുടെ താമരയും മോദിയുടെ കുരിശും

സമാനതകളില്ലാത്ത രാഷ്ട്രീയ നേതാവായി മാറിക്കഴിഞ്ഞ നരേന്ദ്രമോദിയെ ഇനി ഇൻഡ്യൻ ജനത കാണുന്നത് സംഘപരിവാരിന്റെ ഹൃദയമുള്ള മനുഷ്യനായല്ല, മതേതരത്വത്തിന്റെ മുഖമുള്ള പ്രധാനമന്ത്രിയായാണ്.

ഇന്ത്യാ - പാക്ക് സൗഹൃദം കാലഘട്ടത്തിന്റെ ആവശ്യമാണെന്ന സൂചനയാണ് നരേന്ദ്രമോദി നൽകുന്നത്. ഇത് ഇന്ത്യയിലെ മുസ്ലീം സഹോദരങ്ങളുടെ മനസ്സിനു കുളിർമ്മ പകരുന്നതാണ്. അമേരിക്കയുമായി ഉണ്ടാക്കാൻ പോകുന്ന ധാരണകൾ എല്ലാ അർത്ഥത്തിലും ഇന്ത്യയ്ക്കു ഗുണമായി ഭവിക്കും.

ബിജെപിക്കു ഏതു കാലവും ഏറ്റവും ആഭിമുഖ്യമുള്ളത് ഇസ്രയേലിനോടാണ്. രണ്ടു കൂട്ടർക്കും മുസ്ലീമിനോടുള്ള മനോഭാവത്തിന്റെ സമാനതകൾകൊണ്ടു മാത്രമായി അതിനെ കാണേണ്ടതില്ല.

സാങ്കേതിക വിദ്യയിലും മറ്റും ഒന്നാമതു നില്ക്കുന്ന ഇസ്രയേലുമായുള്ള ചങ്ങാത്തം ഇന്ത്യയുടെ പുരോഗതിക്കു അത്യാവശ്യം തന്നെയാണ്. ഇന്ത്യ-ഇസ്രയേൽ-അമേരിക്ക കൂട്ടുകെട്ട് നരേന്ദ്രമോദി ശക്തിപ്പെടുത്തുമെന്നു തന്നെ കരുതാം. പാകിസ്ഥാനോടു വഴക്കടിക്കുന്നതിലും നല്ലത് അവിടേക്ക് ട്രെയിൻ ഓടിക്കുന്നതാണ്. അതിർത്തിക്കപ്പുറം കഴിയുന്നവരും മനുഷ്യരാണ്.

ഹൃദയത്തിൽ സംഘപരിവാരിന്റെ കനൽ സൂക്ഷിക്കയും തലയിൽ കോർപ്പറേറ്റ് മുതലാളിത്വം കൊണ്ടുനടക്കുകയും ചെയ്യുന്ന നരേന്ദ്രമോദി മതേതരത്വത്തിന്റെ ഘാതകനായി മാറുമെന്നു ആശങ്കപ്പെടുന്നവരുണ്ട്.

സംഘപരിവാറിന്റെ അടുക്കളയിലെ ഭക്ഷണം മാത്രമാണ് നരേന്ദ്രമോദിയുടെ ഊർജ്ജമെന്നാണ് അവർ അതിനു പറയുന്ന ന്യായം.

ഹിന്ദുത്വയുടെ വഴിയിലൂടെയാണ് നരേന്ദ്രമോദി സഞ്ചരിച്ചുവന്നത്. എന്നാൽ ഗുജറാത്തിന്റെ രാഷ്ട്രീയ പാഠങ്ങൾ അദ്ദേഹത്തിന് മാനസാന്തരമുണ്ടാക്കിയെന്നു വേണം കരുതാൻ. മതേതരത്വത്തിന്റെ അന്ധകനായി നരേന്ദ്രമോദിയെ ചിത്രീകരിച്ച മാധ്യമങ്ങൾ ഇപ്പോൾ അദ്ദേഹത്തിന്റെ സ്തുതിപാഠകരായി മാറിക്കഴിഞ്ഞു.

എല്ലാ മതവിഭാഗങ്ങളുടെയും സ്നേഹിതനെന്ന സർട്ടിഫിക്കറ്റ് ഒരിക്കൽ പോലും നരേന്ദ്രമോദിക്ക് ആരും നൽകിയിട്ടില്ല. ഹിന്ദുത്വയുടെ രൂപമാണ് ആ മുഖരേഖയെന്ന ആക്ഷേപത്തെ മറി കടക്കുന്നതൊന്നും അദ്ദേഹത്തിനു ചെയ്യാനും കഴിഞ്ഞിട്ടില്ല.

ഗുജറാത്തിൽ സംഘപരിവാർ സംഘങ്ങൾ ചെയ്തു കൂട്ടിയതെല്ലാം അദ്ദേഹത്തിന്റെ അക്കൗണ്ടിൽ ചെന്നു ചേർന്നുയെന്നതു നേരാണ്. മുസ്ലീം സഹോദരങ്ങൾ മാത്രമല്ല അവിടെ അക്രമിക്കപ്പെട്ടിട്ടുള്ളത്.

ഇലക്ഷൻ കാലഘട്ടത്തിൽ മോദി ഒരു ടെലിവിഷനിൽ നടത്തിയ അഭിമുഖത്തിൽ പറഞ്ഞത്, ഭാരതത്തിൽ ക്രൈസ്തവ ആരാധനാലയങ്ങൾക്കും മിഷനറിമാർക്കുമെതിരെ നടന്ന അതിക്രമങ്ങളെപ്പറ്റി അറിവില്ലെന്നാണ്. അതിനു മറുപടിയായി ഇവാഞ്ചലിക്കൽ ഫെലോഷിപ്പ് ഓഫ് ഇന്ത്യയുടെ ജനറൽ സെക്രട്ടറി റിച്ചാർഡ് ഹവൽ പറയുന്നത് ഇങ്ങനെയാണ്: "അദ്ദേഹം പറയുന്നത് ശുദ്ധനുണയാണ്. വിശ്വഹിന്ദു പരിഷിത്തിന്റെ യുവജനവിഭാഗമായ ബജ്റംഗദൾ രാജ്യത്തുടനീളം ക്രിസ്ത്യാനികളെ ആക്രമിക്കയും പള്ളികൾ തകർക്കുകയുമാണ്.

1998 ൽ എൻഡിഎ സർക്കാരിന്റെ കാലത്ത് ഗുജറാത്തിലെ ഡാങ്ങ് ജില്ലയിൽ ആദിവാസി ക്രൈസ്തവരെ ആക്രമിച്ചതും ദേവാലയങ്ങൾ തീയിട്ടതും മോദിക്ക് എങ്ങനെ മറക്കാൻ കഴിയും? അന്നത്തെ പ്രധാനമന്ത്രി വാജ്പേയി അതിക്രമങ്ങൾ നടന്ന സ്ഥലം നേരിട്ടു സന്ദർശിച്ചതാണ്. 2002 ൽ ഗുജറാത്തിൽ 22 ക്രിസ്റ്റ്യൻ ദേവാലയങ്ങൾ തീവെച്ചു നശിപ്പിക്കയും വിശ്വഹിന്ദു പരിഷിത്തിന്റെ നേതൃത്വത്തിൽ നിരവധി ക്രൈസ്തവരെ ആക്രമിക്കയും ചെയ്തിരുന്നു". ഇതെല്ലാം സത്യമാണ്. ഇനിയും മറക്കാനാവാത്ത സംഭവങ്ങൾ.

നരേന്ദ്രമോദിയുടെ അറിവോടൊ സമ്മതത്തോടോ ക്രൈസ്തവ സമൂഹം പീഡിപ്പിക്കപ്പെട്ടതായി ആക്ഷേപം ഇല്ല. എന്നാൽ മുസ്ലീം സഹോദരങ്ങളുടെ വിഷയത്തിൽ നരേന്ദ്രമോദി അത്രകണ്ടു സ്വീകാര്യനാകുന്നുമില്ല.

എങ്ങനെയൊക്കെ പറഞ്ഞാലും സംഘപരിവാരിന്റെ ചോറുതിന്നു വളർന്ന, ബി.ജെ.പിയുടെ രാജകുമാരനാണ് നരേന്ദ്രമോദി.

സംഘപരിവാരിൽ നിന്നും വന്ന നരേന്ദ്രമോദി ഇപ്പോൾ ഇന്ത്യയുടെ പ്രധാനമന്ത്രിയാണ്. അധികാരത്തിന്റെ കടിഞ്ഞാൺ അദ്ദേഹത്തിന്റെ കൈയ്യിലാണ്. സംഘപരിവാരിന്റെ നേതാവായല്ല ഇന്ത്യൻ ജനത അദ്ദേഹത്തെ കാണുന്നത്. മതേതരത്വ മനസ്സും മുഖവുമുള്ള ഒരു പ്രധാനമന്ത്രിയെയാണ് ആ കസേരയിൽ ദർശിക്കുന്നത്. ഉള്ളിൽ ഹിന്ദുത്വ അജണ്ട കൊണ്ടുനടന്ന കോൺഗ്രസ് പ്രധാനമന്ത്രിമാർ നമുക്ക് ഉണ്ടായിരുന്നില്ലേ? ഒരുപക്ഷേ ഹിന്ദുത്വയെ മനസ്സിൽ മരവിപ്പിച്ചു നിർത്തുകയോ രഹസ്യമായി ഉപേക്ഷിച്ചു കുമ്പസരിക്കയോ ചെയ്തുകാണും നരേന്ദ്രമോദി. അധികാരമേറ്റപ്പോൾ വിതുമ്പിപ്പോയത് ആ കുമ്പസാരം കൊണ്ടാകാം.

ഒരു കാര്യം ഉറപ്പാണ്. ഇനിയുള്ള കാലങ്ങളിൽ മതേതരത്വ നിലപാടുകളിലൂടെയല്ലാതെ ഇന്ത്യയിൽ ആർക്കും ഭരണം നിലനിർത്താനാവില്ല.

സംഘപരിവാരിന്റെ നേതാവായല്ല ഇനി നരേന്ദ്രമോദിയെ കാണേണ്ടത്. സംഘപരിവാർ അദ്ദേഹത്തെ നിയന്ത്രിക്കുവാൻ ഇടവരരുത്. ആർ.എസ്.എസിന്റെ രഹസ്യ അജണ്ടകളുടെ ഒരു നടത്തിപ്പുകാരനായും അദ്ദേഹം മാറരുത്. മതേതര കൂട്ടായ്മകളാണ് പ്രധാനമന്ത്രിക്ക് ശക്തിയും - പിൻതുണയും നൽകേണ്ടത്. നരേന്ദ്രമോദിയുടെ ഭൂതകാലം മറക്കാം. പ്രധാനമന്ത്രിക്കസേര മുതൽ അദ്ദേഹം പുതിയ മനുഷ്യനാണ്. അദ്ദേഹത്തെ വിശ്വാസത്തിൽ എടുക്കണം. അടുത്ത അഞ്ചുവർഷം അദ്ദേഹം ഭരിക്കട്ടെ. മതേതര സങ്കല്പങ്ങളെ ബഹുമാനിക്കുന്ന പ്രധാനമന്ത്രിയായി നമുക്ക് അദ്ദേഹത്തെ വിശ്വസിക്കാം.

ഭാഗ്യവശാൽ വികസന സ്വപ്നങ്ങളുള്ള പ്രധാനമന്ത്രിയെയാണ് നമുക്ക് കിട്ടിയത്. കോർപ്പറേറ്റുകളുടെ ചങ്ങാതിയെന്നു ആക്ഷേപിച്ചിട്ടു കാര്യമില്ല. വൻ വ്യവസായങ്ങൾ വരട്ടെ. ജനങ്ങൾക്ക് അവസരങ്ങൾ ഉണ്ടാകട്ടെ. ചെറുപ്പക്കാർ സ്വപ്നങ്ങൾ കാണട്ടെ.

എല്ലാ മേഖലയിലും ഉദാരമായ നയങ്ങൾ ഉണ്ടാകട്ടെ. നല്ല അയൽ ബന്ധങ്ങൾ ഉണ്ടായാൽ യുദ്ധ ഭീഷണി കുറയും. പ്രതിരോധചിലവുകൾ കുറയും. സാമ്പത്തികഭദ്രതയുണ്ടാകും. ഉറപ്പുള്ള ഭരണമുണ്ടായാൽ വ്യവസായ സംരംഭങ്ങൾ ശക്തിപ്പെടും.

> **ഉള്ളിൽ ഹിന്ദുത്വ അജണ്ട കൊണ്ടുനടന്ന കോൺഗ്രസ് പ്രധാനമന്ത്രിമാർ നമുക്ക് ഉണ്ടായിരുന്നില്ലേ? ഒരു പക്ഷേ ഹിന്ദുത്വയെ മനസ്സിൽ മരവിപ്പിച്ചു നിർത്തുകയോ രഹസ്യമായി ഉപേക്ഷിച്ചു കുമ്പസരിക്കയോ ചെയ്തുകാണും നരേന്ദ്രമോദി. അധികാരമേറ്റപ്പോൾ വിതുമ്പിപ്പോയത് ആ കുമ്പസാരം കൊണ്ടാകാം.**

മതേതരത്വ മൂല്യങ്ങൾ സംരക്ഷിക്കപ്പെടണമെന്നാണ് മോദിയിൽ നിന്നും ഇന്ത്യയിലെ മതന്യൂനപക്ഷങ്ങൾ പ്രതീക്ഷിക്കുന്നത്. 'ഗുജറാത്ത് സംഭവങ്ങളിൽ അദ്ദേഹം വേണ്ടുവോളം പാഠങ്ങൾ പഠിച്ചു കഴിഞ്ഞുവെന്നുതന്നെ നമുക്ക് വിശ്വസിക്കാം.

മതേതരത്വ മനസ്സുള്ളവരാണ് മോദിയുടെ ബുദ്ധി കേന്ദ്രങ്ങൾ. അൽഫോൻസ് കണ്ണന്താനത്തെപോലെയുള്ള ഉപദേശകർക്ക് മോദി ചെവി കൊടുക്കുമെന്നുതന്നെ കരുതാം.

മോദിയെ അമാനുഷികനായി ചിത്രീകരിക്കേണ്ടതില്ല. എങ്കിലും അദ്ദേഹം നിശ്ചയദാർഢ്യമുള്ള പ്രധാനമന്ത്രിയാണ്. കോൺഗ്രസുകാരായ പ്രധാനമന്ത്രിമാർക്ക് ചെയ്യാൻ കഴിയാത്തത് മോദിക്ക് ചെയ്യാനാവും.

ക്രൈസ്തവ നേതൃത്വങ്ങളുമായി എന്നും നല്ല ബന്ധം പുലർത്തി വന്നാളാണ് നരേന്ദ്രമോദി. ഗുജറാത്തിലെ ക്രൈസ്തവർ മോദിയെ സ്നേഹിക്കുന്നവരാണ്. അദ്ദേഹം ആ സമൂഹത്തിന് ചെയ്ത നന്മകളെപ്പറ്റി അവർ വാചാലരുമാണ്.

മാർതോമ്മാ മെത്രാപ്പോലിത്ത മോദിയുടെ സൗഹൃദത്തെപ്പറ്റി പറയുന്നതു കൂടി അറിയുക:

"മാർത്തോമ്മാ സഭയോടുള്ള അദ്ദേഹത്തിന്റെ സ്നേഹവും കരുതലും ശ്രദ്ധേയമാണ്. 2011 ൽ ജൂലൈ 23ന് ഗുജറാത്ത് മുഖ്യമന്ത്രിയായിരുന്ന മോദി തന്നെ ഔദ്യോഗിക വസതിയിലേക്ക് ക്ഷണിച്ചു സ്വീകരിക്കുകയും ചെയ്തു. മാർത്തോമ്മാ സഭ ഉൾക്കൊള്ളുന്ന ഭാരതീയ സംസ്കാരത്തെ പ്രകീർത്തിക്കുകയുമുണ്ടായി.

ജനസംഘത്തിന്റെ അടയാളമായിരുന്നു മൺവിളക്ക്. ഇപ്പോൾ താമരചിഹ്നമായി. വിളക്കും താമരയും മാർത്തോമ്മാ സഭയുടെ ഔദ്യോഗിക മുദ്രയിൽ ഉണ്ട്. ഈ കാര്യം ശ്രദ്ധയിൽപ്പെടുത്തിയപ്പോൾ സഭയുടെ ഉന്നതമായ ദർശനത്തിൽ അദ്ദേഹം സന്തുഷ്ടി പ്രകടിപ്പിച്ചു."



ബിജെപിയുടെ താമരയുമായി ബൈബിളിലെ താമരയ്ക്കു ബന്ധമില്ലെന്നറിയാവുന്നവരാണ് ക്രൈസ്തവ സഹോദരങ്ങൾ. ക്രിസ്ത്യാനിത്വം സംഘപരിവാറിനെന്നും ഒരു കുരിശാണ്. പ്രത്യാശയുടെയും സഹനത്തിന്റെയും ചിഹ്നമായി മോദിക്ക് കുരിശു മാറട്ടെയെന്നു നമുക്ക് പ്രാർത്ഥിക്കാം.

അച്ചൻകുഞ്ഞ് ഇലന്തൂർ



മരുപ്പച്ചയുടെ വെബ്സൈറ്റ് സന്ദർശിക്കുക
www.marupacha.com
മരുപ്പച്ച വെബ്സൈറ്റിൽ
മരുപ്പച്ച സൗജന്യമായി വെബ്സൈറ്റിൽ നിന്നും ഡൗൺലോഡ് ചെയ്യാം. നിങ്ങൾ ലോകത്തിന്റെ എവിടെയാണെങ്കിലും എല്ലാ മാസവും 07, 22 തീയതികളിൽ മരുപ്പച്ച വായിക്കാം. സന്ദർശിക്കുക:
Email:maruppacha@yahoo.com
Ph: +91 469-2634321

**നമ്പൂതിരി സ്ത്രീകളും ക്രിസ്ത്യൻ-മുസ്ലീം സ്ത്രീകളും മാത്രമേ പുറത്തിറങ്ങുമ്പോൾ മേൽവസ്ത്രം നിർബ്ബന്ധമായും ധരിച്ചിരുന്നുള്ളൂ. നായർ മുതൽ താഴോട്ടുള്ള സ്ത്രീകൾ അവരുടെ സ്തനങ്ങൾ നഗ്നമാക്കിയിടുന്നത് ഒരു കുറവായി കരുതിയിരുന്നില്ല. അതിൽ അവർ ലജ്ജിച്ചിരുന്നുമില്ല. മാത്രമല്ല, സ്തനങ്ങൾ മറയ്ക്കുന്നതുകൊണ്ട് ക്രിസ്ത്യാനികളെയും മുസ്ലീംങ്ങളെയും പോലെ ആയിപ്പോകുമെന്നായിരുന്നു നായർ-ഈഴവജാതിക്കാരുടെ വിശ്വാസം. അതുകൊണ്ട് മാറ് മറയ്ക്കുന്ന ജാക്കറ്റോ മേൽവസ്ത്രമോ ധരിക്കുന്നത് ആചാരലംഘനമാണെന്ന് ഉറച്ചു വിശ്വസിച്ചിരുന്നവരാണ് അധികവും.**

## സ്ത്രീകൾക്ക് അരയ്ക്കു മുകളിൽ

# തുണിയില്ലാതിരുന്ന കാലം



ഡോ. സാമുവൽ നെല്ലിമുകൾ

**തി**രുവിതാംകൂറിലെ സവർണ്ണഹിന്ദുക്കളിൽ ബ്രാഹ്മണർ, ക്ഷത്രിയർ എന്നീ ജാതിക്കാരായ സ്ത്രീകൾക്കു മാത്രമേ മാറ് മറയ്ക്കാനുള്ള സ്വാതന്ത്ര്യം ഉണ്ടായിരുന്നുള്ളൂ. കുറെ കഴിഞ്ഞപ്പോൾ, നായർ സ്ത്രീകൾക്കും ആ സ്വാതന്ത്ര്യം ലഭിച്ചു. എന്നാൽ ദേവന്റെ മുമ്പിലും ബ്രാഹ്മണപുരുഷന്മാരുടെ മുമ്പിലും നിൽക്കുമ്പോൾ മാറ് മറയ്ക്കാൻ തോൾ വഴി ഇട്ട തുണി എടുത്തു മാറ്റണമായിരുന്നു. നാടാർ, ചോഗർ തുടങ്ങി താഴോട്ടുള്ള ജാതികളിൽപ്പെട്ട സ്ത്രീകൾ ശരീരത്തിന്റെ അരയ്ക്കുമുകളിലും, കാൽമുട്ടിനുതാഴെയും മറയ്ക്കുന്നത് നിയമം മൂലം നിരോധിച്ചിരുന്നു. അതിനെ മറികടന്ന് സ്ത്രീകൾ മാറ് മറച്ചത് നിയമസമാധാനവ്യവസ്ഥയെ തകിടം മറിക്കുമാറ്, ഒരു വിസ്തൃതദേശം മുഴുവൻ വ്യാപിച്ച പ്രക്ഷോഭമായി മാറിയ സംഭവപരമ്പരയാണ് തിരുവിതാംകൂറിൽ നടന്നത്. ചില ചരിത്രകാരന്മാരും ജീവചരിത്രകാരന്മാരും 'മേൽവസ്ത്രസമരം' 'ചാന്നാർ ലഹള', തുടങ്ങിയ പേരുകളിൽ വിശേഷിപ്പിച്ചിട്ടുള്ള പ്രസ്തുത സംഭവത്തിന്റെ വസ്തുനിഷ്ഠമായ വിവരണമാണ് ഇവിടെ നൽകുന്നത്.

നമ്പൂതിരി സ്ത്രീകളും ക്രിസ്ത്യൻ-മുസ്ലീം സ്ത്രീകളും മാത്രമേ പുറത്തിറങ്ങുമ്പോൾ മേൽവസ്ത്രം നിർബ്ബന്ധമായും ധരിച്ചിരുന്നുള്ളൂ. നായർ മുതൽ താഴോട്ടുള്ള സ്ത്രീകൾ അവരുടെ സ്തനങ്ങൾ നഗ്നമാക്കിയിടുന്നത് ഒരു കുറവായി കരുതിയിരുന്നില്ല. അതിൽ അവർ ലജ്ജിച്ചിരുന്നുമില്ല. മാത്രമല്ല, സ്തനങ്ങൾ മറയ്ക്കുന്നതുകൊണ്ട് ക്രിസ്ത്യാനികളെയും മുസ്ലീംങ്ങളെയും പോലെ ആയിപ്പോകുമെന്നായിരുന്നു നായർ-ഈഴവജാതിക്കാരുടെ വിശ്വാസം. അതുകൊണ്ട് മാറ് മറയ്ക്കുന്ന ജാക്കറ്റോ മേൽവസ്ത്രമോ ധരിക്കുന്നത് ആചാരലംഘനമാണെന്ന് ഉറച്ചു വിശ്വസിച്ചിരുന്നവരാണ് അധികവും.

"മുണ്ടും റവുക്കയും തോർത്തുമായിരുന്നു ഈഴത്തികളായ ചെറുതരുണികളുടെ സാധാരണ വേഷം (19-ാം നൂറ്റാണ്ട് ഒടുവിൽ). ഈ വേഷം ഒരു കാലത്ത് ഈഴത്തികൾക്കുപാടില്ലായിരുന്നു. മുട്ടിനുതാഴെ എത്താത്ത മുണ്ടേ ഉടുക്കാൻ പാടുണ്ടായിരുന്നുള്ളൂ. മുട്ടിന് കീഴെനിൽക്കുന്ന ഉടുമുണ്ടിന് 'അച്ചിപ്പുടവ' എന്നായിരുന്നുപ‌ര്. അച്ചിപ്പുടവ അച്ചികൾക്ക് (നായർ സ്ത്രീകൾക്ക്) മാത്രം അവകാശപ്പെട്ടതാണ്. മേൽ മുണ്ട് മറ്റ് സ്ത്രീകൾക്കുപാടില്ല. മാറ് മറയാതെ തന്നെ കിടക്കണം." ഈ അപരിഷ്കൃത ആചാരം മാറിയത് എങ്ങനെ എന്ന് നോക്കാം.

മാറ് മറയ്ക്കൽ ഒന്നാംഘട്ടം – 1812 – 1822

ലണ്ടൻ മിഷണറി സൊസൈറ്റി തെക്കൻ തിരുവിതാംകൂറിൽ നടത്തിയ വിദ്യാഭ്യാസ-സാമൂഹ്യ പ്രവർത്തനമാണ് നാടാർ-ചാന്നാർ സ്ത്രീകൾക്ക് മാറ് മറയ്ക്കുന്നതിന് തുടക്കം ആയത്. ക്രിസ്തുമതം സ്വീകരിക്കുന്ന നാടാർ സ്ത്രീകൾ മാറുമറയ്ക്കണം എന്ന് മിഷണറിമാർ നിർദ്ദേശിച്ചു. അതിനുള്ള അവകാശം ദിവാൻ മൺറോയുടെ പ്രേരണയാൽ റാണി ഗൗരി പാർവ്വതീഭായി നൽകി. ഉയർന്ന ജാതിക്കാരുടെ എതിർപ്പും അതോടെ ആരംഭിച്ചു.

തിരുവിതാംകൂറിൽ ചാന്നാർ സ്ത്രീകൾ മേൽ വസ്ത്രം ധരിക്കാൻ തുടങ്ങിയതും അത് പ്രക്ഷോഭമായി മാറിയതും ഗവേഷകനായ റവ.ഡോ.ജോൺ എ. ജേക്കബ് വിവരിച്ചിരിക്കുന്നത് ഉദ്ധരിക്കുന്നു.

"കൽക്കുളം, ഇരണിയൽ താലൂക്കുകളിലെ നാടാർ സമുദായക്കാരായ ക്രിസ്ത്യൻ സ്ത്രീകൾ മേൽവസ്ത്രം ധരിക്കാൻ തുടങ്ങി. ഇവരെ പൊതു സ്ഥലത്തുവച്ചും ചന്തകളിൽ വച്ചും മേൽ ജാതിക്കാർ ഉപദ്രവിച്ചു. ശൂദ്രർ മുതൽ മുകളിലേക്കുള്ള ജാതിയിൽപ്പെട്ട സ്ത്രീകൾക്ക് മാത്രമേ മേൽ വസ്ത്രം ധരിക്കാൻ അനുവാദമുണ്ടായിരുന്നുള്ളൂ. എന്നാൽ മിക്ക ശൂദ്രസ്ത്രീകൾക്കും അത് അത്യാവശ്യമായി തോന്നിയിരുന്നില്ല. നാടാർ, ഈഴവർ, അടിമകൾ എന്നീ വിഭാഗത്തിൽപ്പെട്ട സ്ത്രീകൾക്ക് അരയ്ക്കുമുകളിൽ യാതൊരു വസ്ത്രവും ധരിക്കാൻ അനുവാദമില്ലായിരുന്നു. ഇവർക്ക് ആഭരണങ്ങൾ ധരിക്കാനും വിലക്കുണ്ടായിരുന്നു.



> ശൂദ്രർ മുതൽ മുകളിലേക്കുള്ള ജാതിയിൽപ്പെട്ട സ്ത്രീകൾക്ക് മാത്രമേ മേൽ വസ്ത്രം ധരിക്കാൻ അനുവാദമുണ്ടായിരുന്നുള്ളൂ. എന്നാൽ മിക്ക ശൂദ്രസ്ത്രീകൾക്കും അത് അത്യാവശ്യമായി തോന്നിയിരുന്നില്ല. നാടാർ, ഈഴവർ, അടിമകൾ എന്നീ വിഭാഗത്തിൽപ്പെട്ട സ്ത്രീകൾക്ക് അരയ്ക്കുമുകളിൽ യാതൊരു വസ്ത്രവും ധരിക്കാൻ അനുവാദമില്ലായിരുന്നു. ഇവർക്ക് ആഭരണങ്ങൾ ധരിക്കാനും വിലക്കുണ്ടായിരുന്നു.



"ക്രിസ്തുമതം സ്വീകരിച്ച നാടാർ, ഈഴവ സ്ത്രീകൾ അരയ്ക്കുമുകളിൽ നഗ്നമായി പുറത്തിറങ്ങിനടക്കുന്നത് മിഷണറി വനിതകൾക്ക് ഇഷ്ടപ്പെട്ടില്ല. അതുകൊണ്ട് അവർ തന്നെ ലളിതവും അയഞ്ഞതുമായ റൗക്ക (ജാക്കറ്റ്) രൂപപ്പെടുത്തി അവരെ ധരിപ്പിച്ചു. ചില ക്രിസ്ത്യൻസ്ത്രീകൾ ജാക്കറ്റിനുമുകളിൽ, തോളിൽക്കൂടി മറ്റൊരു മുണ്ട് (കവണി) കൂടി ധരിച്ചു. ഇത് ഉയർന്ന ജാതിക്കാർ ധരിക്കുന്ന 'തോൾ ശീല' പോലെ ആയിരുന്നു. തിരുനെൽവേലിയിലും ഇതുപോലെ നാടാർ സ്ത്രീകൾ മേൽവസ്ത്രം ധരിക്കുമായിരുന്നു. എന്നാൽ തിരുവിതാംകൂറിൽ ഉയർന്ന ജാതിക്കാർക്ക്, പ്രത്യേകിച്ച് ശൂദ്രർക്ക്, ക്രിസ്ത്യൻ സ്ത്രീകൾ വൃത്തിയായും മാന്യമായും വസ്ത്രം ധരിക്കുന്നത് ഇഷ്ടപ്പെട്ടില്ല. അവർ ചീത്തപറയാനും പരിഹസിക്കാനും മോശമായി പെരുമാറാനും തുടങ്ങി. ധാരാളം പരാതികൾ മിഷണറിമാർക്കു ലഭിച്ചു. 1821-ൽ റവ. ചാൾസ് മീഡ് ഈ അതിക്രമങ്ങൾക്ക് എതിരെ കൽക്കുളം കോടതിയിൽ പരാതി നൽകി. എന്നാൽ യാതൊരുപരിഹാരവും ഉണ്ടായില്ല. തുടർന്ന് അദ്ദേഹം റസിഡണ്ട് കേണൽ ന്യൂവോളിന് പരാതി സമർപ്പിച്ചു. കേണൽ ന്യൂവോൾ ഒരന്വേഷണത്തിന് ഉത്തരവ് നൽകി.

ഇതിനിടെ, ക്രിസ്തുമതം സ്വീകരിച്ച ചാന്നാന്മാർക്കെതിരെ അവരുടെ പഴയ പേരുകളിൽ ഉയർന്ന ജാതിക്കാർ കോടതിയിൽ ഒരു പരാതി നൽകി; അവർ കള്ളിന്റെ കുടിശ്ശിക അടച്ചിട്ടില്ലെന്ന്. കൂടാതെ അവരുടെ സ്ത്രീകൾ മേൽ വസ്ത്രം ധരിക്കുന്നു എന്നും. നാടാർസ്ത്രീകൾ മേൽവസ്ത്രം ധരിച്ചതിന് പിഴചുമത്തിക്കൊണ്ട് കോടതി വിധി വന്നു. ഈ വിധിക്കെതിരെ റവമീഡ് സർക്കാരിന് ഒരു നിവേദനം സമർപ്പിച്ചു. റസിഡണ്ടിന്റെ ഉത്തരവുപ്രകാരം കോടതി കേസ് വീണ്ടും പരിഗണിക്കുകയും മീഡിനോട് വിശദീകരണം നൽകാൻ ആവശ്യപ്പെടുകയും ചെയ്തു. അദ്ദേഹം ഇങ്ങനെ വിശദീകരിച്ചു : "ചാന്നാരും മറ്റുജാതിക്കാരുമായ സ്ത്രീകൾ ക്രിസ്തുമതം സ്വീകരിച്ചാൽ അവർ പള്ളിയിലും വാണിഭസ്ഥലത്തും അങ്ങാടിയിലും പോകുമ്പോൾ മാന്യത കാത്തു സൂക്ഷിക്കാൻ വേണ്ടി മേൽവസ്ത്രം ധരിച്ചിരിക്കണം. പള്ളിയിൽ പോകുമ്പോൾ മേൽവസ്ത്രം ഉണ്ടായേ മതിയാവൂ. അത് അവരുടെ അവകാശവും മതത്തിന്റെ ചിട്ടയുമാണ്. ക്രിസ്ത്യാനികൾക്ക് ഒരു മാന്യതയുണ്ട്. അതിൽ വസ്ത്രത്തിന് നല്ല പങ്കുണ്ട്. അതുകൊണ്ട് നാടാർ ക്രിസ്ത്യൻ സ്ത്രീകൾ ക്രിസ്തീയതയ്ക്ക് അനുയോജ്യമായി മേൽവസ്ത്രം ധരിച്ച് നടക്കണം എന്ന് ഞങ്ങൾ നിർദ്ദേശിച്ചിട്ടുണ്ട്.

റവ.മീഡിന്റെ വിശദീകരണം അംഗീകരിച്ച കോടതി ക്രിസ്ത്യാനികളായ ചാന്നാർ സ്ത്രീകൾക്ക് മേൽ വസ്ത്രം ധരിക്കാൻ അനുവാദം നൽകി. അവരിൽ നിന്നുപിഴ ഈടാക്കേണ്ടതില്ലെന്നും വിധിച്ചു.

ഈ കോടതിവിധി പ്രശ്നത്തിന് ശാശ്വതപരിഹാരമായില്ല. എതിരാളികൾക്കുണ്ടായ പരാജയം അവരുടെ വാശിയും വൈരാഗ്യവും വർദ്ധിപ്പിച്ചു. മേൽ ജാതിക്കാരുടെ മാന്യതയും അന്തസ്സും താഴ്ന്ന ജാതിക്കാർക്ക് വിട്ടുകൊടുക്കാൻ അവർക്ക് മനസ്സില്ലായിരുന്നു.

മറുഭാഗത്ത്, കോടതി വിധി ചാന്നാർ ക്രിസ്ത്യൻ സ്ത്രീകൾക്ക് അനുകൂലമായപ്പോൾ ചാന്നാർ-ഈഴവ ജാതിക്കാർ കൂട്ടമായി ക്രിസ്തുമതത്തിൽ ചേരാൻ താത്പര്യം കാണിച്ചു. അനേകം പേർ അപേക്ഷയുമായി റവമീഡിനെ സമീപിച്ചു. റവമീഡിന് അവരുടെ ഉദ്ദേശ്യത്തോട് സഹതാപം തോന്നിയെങ്കിലും, വിശ്വാസത്തെക്കാളുപരി അവർ അതുവരെ സഹിച്ച അപമാനവും ലജ്ജയും ക്രിസ്തുമതത്തിന്റെ മറവിൽ പരിഹരിക്കാമെന്ന ആഗ്രഹമാണ് അവരുടെ താത്പര്യത്തിനുപിന്നിലുള്ളതെന്ന് അദ്ദേഹം മനസ്സിലാക്കി അവരുടെ അപേക്ഷ സ്വീകരിക്കാൻ തയ്യാറായില്ല. സ്നാനത്തിന്റെ നിബന്ധനകളെപ്പറ്റി അദ്ദേഹം അവരെ പറഞ്ഞുമനസ്സിലാക്കി. ക്രിസ്തുമതം മനുഷ്യസ്നേഹത്തിന്റെയും, ആത്മാവിന്റെ രക്ഷയുടെയും മതമാണെന്നും അത് മനുഷ്യാവകാശസംരക്ഷണത്തിന് പ്രാധാന്യം നൽകുന്നതാണെന്നും മനസ്സിലാക്കിയ അനേകം ചാന്നാന്മാർ പൂർണ്ണ വിശ്വാസത്തോടെ സ്നാനത്തിനുള്ള എല്ലാ നിബന്ധനകളും അനുസരിക്കാൻ തയ്യാറായി. അങ്ങനെ കൂടുതൽ സ്കൂളുകൾ സ്ഥാപിച്ചു.

ഈ കാലത്ത്, അക്രൈസ്തവരായ നാടാർ സ്ത്രീകൾ കൂടുതൽ പേർ മേൽവസ്ത്രം ധരിച്ച് പുറത്തിറങ്ങാൻ തുടങ്ങി. ഇതിനെ സവർണ്ണഹിന്ദുക്കൾ എതിർത്തു. അവർ അക്രമാസക്തരായി. നൂറ്റാണ്ടുകളായി നിലനിൽക്കുന്ന, ജാതി വ്യത്യാസം പ്രകടമാക്കുന്ന, വസ്ത്രധാരണ സമ്പ്രദായത്തിൽ മാറ്റം വരുത്തുന്നതിനെ അവർ എതിർത്തു.

**മേൽവസ്ത്ര ലഹള**

▶ ശേഷം പേജ് 9ൽ

താഴ്ന്ന ജാതിക്കാരായിപ്പോയി എന്നതുകൊണ്ട് സ്ത്രീകൾക്ക് സ്വന്തം ശരീരം മറയ്ക്കാൻ സ്വാതന്ത്ര്യം ഇല്ലാതിരിക്കുക; സ്വന്തം ശരീരത്ത് വസ്ത്രം ധരിക്കാൻ ആർക്കും അവകാശമുണ്ടെന്ന് ആ പാവങ്ങളെ ബോധ്യപ്പെടുത്താൻ വിദേശത്തുനിന്നും എത്തിയ മിഷനറിമാർ യത്നിക്കുക; അതിനെതിരെ കലാപം ശമിപ്പിച്ച് വസ്ത്രധാരണാവകാശം സ്ഥാപിക്കാൻ ബ്രിട്ടീഷ് ഭരണാധികാരികളുടെ സഹായം വേണ്ടിവരിക– കേരള ചരിത്രത്തിലെ ഈ കറുത്ത അദ്ധ്യായം ആരെയും ലജ്ജിപ്പിക്കുന്നതാണ്.



# നഗ്നത മറയ്ക്കാൻ വേണ്ടി സമരം

**തി**രുവിതാംകൂറിൽ ക്രിസ്ത്യാനികളായ താഴ്ന്ന ജാതിക്കാരെ ഉയർന്ന ജാതിക്കാർ പീഡിപ്പിക്കുന്നതിനെതിരെ 1855–ൽ സി.എം.എസ്, എൽ.എം.എസ്. മിഷണറിമാർ സംയുക്തമായി ഒരു പരാതി മദ്രാസ് ഗവൺമെന്റിനു നൽകി. തിരുവിതാംകൂർ റസിഡണ്ട് കല്ലനോട് വിശദീകരണം നൽകാൻ ആവശ്യപ്പെട്ടുകൊണ്ട് പരാതി അദ്ദേഹത്തിന് അയച്ചുകൊടുത്തു. അദ്ദേഹം നൽകിയ വിശദീകരണം മദ്രാസ് ഗവൺമെന്റിന് തൃപ്തികരമായി തോന്നിയില്ല. തെറ്റായ വിവരങ്ങളാണ് അദ്ദേഹം നൽകിയത്. ഒരു കമ്മീഷനെ നിയമച്ച് പരാതിയെപ്പറ്റി മുറപ്രകാരം അന്വേഷണം നടത്തണമെന്ന് ഗവർണർ ജനറൽ ലോർഡ് ഡൽഹൗസി മദ്രാസ് ഗവർണർ ലോർഡ് ഹാരിസിനോട് ആവശ്യപ്പെട്ടു. എന്നാൽ കമ്മീഷനെ നിയമിക്കുവാൻ താമസിച്ചു. എങ്കിലും 1856 ആദ്യം തിരുവിതാംകൂർ സംസ്ഥാനത്തെ ദുർഭരണത്തെപ്പറ്റി മഹാരാജാവിനും റഡിഡണ്ടിനും അവരുടെ ശ്രദ്ധ ആവശ്യപ്പെട്ടുകൊണ്ട് ഹാരിസ് പ്രഭു ഒരു കത്തയച്ചു. അതിൽ ആസന്നമായ കലാപം തടയുന്നതിന് മുൻകരുതൽ എടുക്കാനും ഉപദേശിച്ചു.

1858ൽ ദിവാൻ കൃഷ്ണറാവു മരിച്ചു. ടി. മാധവറാവു പുതിയ ദിവനായി. 1858 ഒക്ടോബർ മുതൽ നായർ സമുദായക്കാർക്ക് ക്രിസ്ത്യാനികളോടുള്ള ശത്രുതാ മനോഭാവം ശക്തിപ്പെടുന്നതിന്റെ സൂചനകൾ കണ്ടുതുടങ്ങി. കുഴപ്പങ്ങൾ ഗുരുതരമായ രീതിയിൽ പൊട്ടിപ്പുറപ്പെട്ടു.

1829ലെ പ്രഖ്യാപനത്തിൽ നാടാർ ക്രിസ്ത്യൻ സ്ത്രീകൾക്ക് മേൽമുണ്ട് ധരിക്കുന്നത് വിലക്കിയിരുന്നു എങ്കിലും പള്ളിയിൽ പോകുമ്പോൾ പലരും മേൽമുണ്ട് ധരിച്ചിരുന്നു. ഇതുകണ്ട് ക്രിസ്ത്യാനികളല്ലാത്ത ചില നാടാർ സ്ത്രീകളും മേൽമുണ്ട് ധരിക്കാൻ തുടങ്ങി. ഇങ്ങനെ മേൽമുണ്ട് ധരിച്ച് പുറത്തു നടന്ന നാടാർ സ്ത്രീകളെ പകവീട്ടൽപോലെ നായന്മാർ പരസ്യമായി ആക്രമിച്ചു. ഇതിനെ ഹിന്ദു – ക്രിസ്ത്യൻ നാടാർ സമുദായം എതിർക്കാൻ തന്നെ തീരുമാനിച്ചു. നാടാർ സ്ത്രീകളുടെ ജാക്കറ്റ് (അയഞ്ഞ മേൽക്കുപ്പായം) ഉരിഞ്ഞുകളയാൻ സർക്കർ ഒരു കല്പന പുറപ്പെടുവിച്ചിട്ടുണ്ടെന്ന് നായന്മാർ പ്രചരിപ്പിക്കാൻ തുടങ്ങി.

1858 ഒക്ടോബറിൽ നെയ്യാറ്റിൻകര ചന്തയിൽ ഒരു നാടാർ ക്രിസ്ത്യൻ സ്ത്രീയെ പരസ്യമായി ആക്രമിച്ച് അവരുടെ ജാക്കറ്റ് കീറിക്കളഞ്ഞു. ഇതിനെതിരെ പരാതി കൊടുക്കുകയും കേസ് കോടതിയിൽ തെളിയിക്കുകയും ചെയ്തു. എന്നാൽ കുറ്റം ചെയ്തയാളിന് തീരെ ചെറിയതുക പിഴ നൽകി വിട്ടയച്ചു. ഇത് അയാൾക്ക് ഒരു പ്രോത്സാഹനമായിരുന്നു. വീണ്ടും അയാൾ തന്റെ ഹീനമായ പ്രവൃത്തി ആവർത്തിച്ചു. അയാളോടൊപ്പമുള്ളവർ കൂട്ടമായി ചന്തയിൽ വന്ന് ക്രിസ്ത്യാനികളെ ഉന്തിത്തള്ളി, അവരുടെ മേൽ തുപ്പുകയും മണ്ണുവാരി എറിയുകയും ചെയ്തു. ഉരിഞ്ഞെടുത്ത ജാക്കറ്റുകൾ ഒരു മരത്തിൽ തൂക്കിയിട്ട് ക്രിസ്ത്യാനികളെയും നാടാർ സമുദായത്തെയും അവഹേളിച്ചു.

ഈ സ്ഥിതി കൂടുതൽ വഷളാക്കുന്നതിന് പല കാരണങ്ങളും ഉണ്ടായിരുന്നു. ഈസ്റ്റിൻഡ്യാക്കമ്പിനിയുടെ ഭരണം അവസാനിപ്പിക്കുകയും ബ്രിട്ടീഷ് സർക്കാർ നേരിട്ട് ഇൻഡ്യയുടെ ഭരണം ഏറ്റെടുക്കുകയും ചെയ്ത സമയത്തായിരുന്നു അത്. ഇതോടനുബന്ധിച്ച് 1858ൽ വിക്ടോറിയ രാജ്ഞി ഒരു വിളംബരത്തിൽ പ്രസിദ്ധപ്പെടുത്തി.മതപരമായ കാര്യങ്ങളിൽ ഒരു നിഷ്പക്ഷത ഈ വിളബംബരത്തിൽ ധ്വനിച്ചിരുന്നു. 'മതവിശ്വാസിത്തിന്റെയോ അനുഷ്ഠാനത്തിന്റെയോ പേരിൽ ആർക്കും ഉപദ്രവമോ സൈ്വരക്കേടോ ഉണ്ടാകരുത്. മറ്റൊരാളിന്റെ മതവിശ്വാസത്തിലോ, കൈകടത്താൻ പാടില്ല. മിഷനറിമാരെയും അവർ ക്രിസ്തീയ സത്യങ്ങൾ മറ്റുള്ളവരെ അറിയിക്കുന്നതിനെയും തടയാനുള്ള ഒരു നിയമമായി സവർണ്ണഹിന്ദുക്കളെ ഇതിനെ ദുർവ്യാഖ്യാനം ചെയ്തു.

1858 ഡിസംബറിൽ ലോർഡ് ഹാരീസ് തിരുവിതാംകൂറിൽ വന്നപ്പോൾ രാജ്ഞിയുടെ പ്രഖ്യാപനത്തിന്റെ മൂലരൂപം വായിച്ചു. അദ്ദേഹം പോയശേഷം ചില കിംവദന്തികൾ നാട്ടിൽ പ്രചരിപ്പിച്ചു. ഹാരിസ് തിരുവിതാംകൂറിന്റെ ഭരണനിർവ്വഹണം മുഴുവനും രാജാവിനെ ഏല്പിച്ചെന്നും, ബിട്ടീഷ് ഗവൺമെന്റിന് ഇനി നിയന്ത്രണം ഉണ്ടാവുകയില്ലെന്നും, അനന്തരഫലമായി മഹാരാജാവ് ഏല്പിച്ചെന്നും, ബ്രിട്ടീഷ് ഗവൺമെന്റിന് ഇനി നിയന്ത്രണം ഉണ്ടാവുകയില്ലെന്നും, അനന്തരഫലമായി മഹാരാജാവ് ക്രിസ്തുമതത്തോട് അനുഭാവം കാണിക്കുകയില്ലെന്നും ആയിരുന്നു അതിന്റെ ചുരുക്കം. ഇതിനുശേഷം സവർണ്ണ ഹിന്ദുക്കളുടെ ധൈര്യം വർദ്ധിച്ചു. ക്രൈസ്തവ – അക്രൈസ്തവ ഭേദം കൂടാതെ ചാന്നാർ, ഈഴവ ജാതിക്കാർക്കെതിരെ അവർ തിരിഞ്ഞു.



1858 ഒക്ടോബറിൽ നെയ്യാറ്റിൻകര ചന്തയിൽ ഒരു നാടാർ ക്രിസ്ത്യൻ സ്ത്രീയെ പരസ്യമായി ആക്രമിച്ച് അവരുടെ ജാക്കറ്റ് കീറിക്കളഞ്ഞു. ഇതിനെതിരെ പരാതി കൊടുക്കുകയും കേസ് കോടതിയിൽ തെളിയിക്കുകയും ചെയ്തു. എന്നാൽ കുറ്റം ചെയ്തയാളിനെതിരെ ചെറിയതുക പിഴ നൽകി വിട്ടയച്ചു. ഇത് അയാൾക്ക് ഒരു പ്രോത്സാഹനമായിരുന്നു. വീണ്ടും അയാൾ തന്റെ ഹീനമായ പ്രവൃത്തി ആവർത്തിച്ചു. അയാളോടൊപ്പമുള്ളവർ കൂട്ടമായി ചന്തയിൽ വന്ന് ക്രിസ്ത്യാനികളെ ഉന്തിത്തള്ളി, അവരുടെ മേൽ തുപ്പുകയും മണ്ണുവാരി എറിയുകയും ചെയ്തു. ഉരിഞ്ഞെടുത്ത ജാക്കറ്റുകൾ ഒരു മരത്തിൽ തൂക്കിയിട്ട് ക്രിസ്ത്യാനികളെയും നാടാർ സമുദായത്തെയും അവഹേളിച്ചു.

1858 ഡിസംബറിൽ പാറശാലയിലെ അധികാരി (സബ് മജിസ്ട്രേറ്റ്) ക്രിസ്ത്യാനികളോടുള്ള തന്റെ പ്രതിഷേധം പ്രകടമാക്കാൻ മിഷൻ കോമ്പൗണ്ടിൽ നിന്ന ഒരു മരം നിയമവിരുദ്ധമായി മുറിച്ചു. മിഷനറിക്ക് അധികാരമെല്ലാം നഷ്ടപ്പെട്ടെന്ന് വിളിച്ചുപറഞ്ഞു. അധികം താമസിക്കാതെ മറ്റൊരു അധികാരി പാറശാലയ്ക്കടുത്ത് കളിയിക്കാവിളയിലെ ചന്തയിൽ ചെന്ന് അനേകം നാടാർ സ്ത്രീകളെ അധിക്ഷേപിക്കുകയും തനിക്ക് അതിനുള്ള അധികാരം ഉണ്ടെന്നു പറഞ്ഞ് അവരുടെ ജാക്കറ്റുകൾ അഴിപ്പിച്ചു കൊണ്ടുപോവുകുയും ചെയ്തു. ഇങ്ങനെയുള്ള പ്രവൃത്തികൾ പല അധികാരിമാരും നായന്മാരും ആവർത്തിച്ചു. അതോടൊപ്പം ബ്രിട്ടീഷ് അധികാരം നശിച്ചെന്നും യൂറോപ്യന്മാരെ കൊല്ലാനും അവരുടെ സ്വത്തുക്കൾ നശിപ്പിക്കാനും സ്വാതന്ത്ര്യമുണ്ടെന്ന് പ്രചരിപ്പിച്ചു. പാറശാല ജില്ലയില ഇരുപതു ദിവസം പ്രക്ഷോഭം തുടർന്നു. മൂന്നു പള്ളികളും മൂന്നു ചെറിയ ആരാധനാലയങ്ങളും കത്തിനശിപ്പിച്ചു.

നെയ്യൂർ ജില്ലയിൽ പാവപ്പെട്ട നാടാന്മാരുടെ സ്വത്തുക്കൾ പിടിച്ചുപറിക്കുകയും അവരെ ഉപദ്രവിക്കുകയും ചെയ്തു. ഗുരുപാദം എന്ന സഭാ പ്രവർത്തകന് ഒരു മാവുണ്ടായിരുന്നു. നിറയെ മാങ്ങയും. അത് ചില സർക്കാരുദ്യോഗസ്ഥന്മാർ മുറിച്ചു. ഗുരുപാദം മേലധികാരികൾക്ക് പരാതി നൽകി. അന്വേഷണം നടത്താമെന്ന് അവർ ഉറപ്പു നൽകി. എന്നാൽ ഏതാനും ദിവസം അവർ തന്നെ വന്ന് തടിമുറിച്ച് വിറകാക്കി കൊണ്ടുപോയി. പ്രതിഷേധിച്ച് ഗുരുപാദത്തിന്റെ ഭാര്യയെയും മകനെയും സഹപ്രവർത്തകനെയും അടിച്ചു.

1859 ജനുവരി 10ന് നെയ്യൂർ ചന്തയിൽ നാടാർ പുരുഷന്മാരെയും സ്ത്രീകളെയും പോലീസ് മർദ്ദിച്ചു. സമാധാനപരമായി കച്ചവടം നടത്തിക്കൊണ്ടിരുന്ന നാടാന്മാരെ ജയിലിൽ അടച്ചു. ഹിന്ദു നാടാർ സ്ത്രീകൾ മേൽവസ്ത്രം ധരിച്ചതാണ് പ്രകോപനത്തിനു കാരണം. അക്രമികൾ നെയ്യൂരിലെ ക്രിസ്ത്യൻ ഗ്രാമത്തിൽ പ്രവേശിച്ച് കണ്ടവരെയെല്ലാം തല്ലി. പലരും ദൂരസ്ഥലങ്ങളിലേക്ക് ഓടിപ്പോയി. ചിലർ മിഷൻ ബംഗ്ലാവിൽ അഭയം തേടി. പോഷ്കാർ പോലീസുകാരെ അയച്ചു ക്രിസ്ത്യാനികളെ സംരക്ഷിച്ചു. അടുത്ത ദിവസം ശാന്തപുരത്തുനിന്ന് ലൂയിസ്, ജെയിംസ് ടൗണിൽ നിന്ന് റസ്സൽ, നെയ്യൂരിൽ നിന്ന് ബെയ്‌ലിസ് എന്നിവർ തിരുവന്തപുരത്തുവന്ന് റസിഡണ്ടിനെയും മഹാരാജാവിനെയും വിവരം ധരിപ്പിച്ചു. ഒരു നായർ ബ്രിഗേഡിനെ സമാധാനം പുനഃസ്ഥാപിക്കാൻ അയച്ചു. അതേ രാത്രിയിൽ വടക്കൻ കരയിലെ പള്ളിക്ക് തീവച്ചു. അങ്ങനെ പല പള്ളികളും. മൂന്നു പള്ളികൾ തീവച്ചതിനും മറ്റു പള്ളികൾ തീവയ്ക്കുമെന്ന് ഭീഷണിപ്പെടുത്തിയതിനും നാഗർകോവിൽ ക്രിമിനൽ കോടതി കേസ് കൊടുത്തു. കോടതിയിലെ ഗുമസ്തന്മാർ അവരുടെ ശൂദ്രസഹോദരന്മാരെ കുറ്റവിമുക്തരാക്കാൻ എല്ലാ ശ്രമവും നടത്തി. ഒന്നാം ജഡ്ജി പരസ്യമായി കുറ്റം ചുമത്തപ്പെട്ട കക്ഷികൾക്ക് അനുകൂലമായി നിന്ന് അവരെ ജാമ്യത്തിൽ വിട്ടു. നാടാന്മാരുടെ മേൽ കുറ്റങ്ങൾ ആരോപിച്ചു. കൂനംകാട് സ്കൂൾ തീവച്ചതൊഴികെ കേസിലെയും പ്രതികളെ തെളിവില്ലെന്ന് പേരിൽ വെറുതെ വിട്ടു.

നാഗർകോവിലിൽ ആണ് ലഹള ഏറ്റവും അക്രമസ്കതമായി പൊട്ടിപ്പുറപ്പെട്ടത്. 1859 ജനവരി 4ന് ഉയർന്ന ജാതിക്കാരും ശൂദ്രരുമായ ഇരുനൂറോളം പേർ വാളും ഗദകളുമായി തലക്കുടിയിലെ ക്രിസ്ത്യാനികളുട വീടുകളിൽ കയറി തേർവാഴ്ച നടത്തി. സാധനങ്ങൾ മുഴുവൻ നശിപ്പിച്ചു. ക്രിസ്ത്യാനികളെയും സഭാപ്രവർത്തകരെയും മർദ്ദിച്ചു. സ്ത്രീകളെ വലിച്ചിഴിച്ച് വീടിനു പുറത്തിട്ടു. അവരുടെ വസ്ത്രവും ജാക്കറ്റും വലിച്ചു കീറി മിക്കവാറും നഗ്നരാക്കി അപമാനിച്ചു. ഇതേ രീതിയിലുള്ള ആക്രമണം ക്രിസ്ത്യാനികളുടെ മേൽ ആറാംപൊഴി, സെബൻവിള എന്നിവിടങ്ങളിലും നടന്നു. സഭാപ്രവർത്തകന്റെ വീട് മറിച്ചിച്ചിട്ടു; പണം പിടിച്ചുപറിച്ചു, പുസ്കതങ്ങൾ കീറി, സ്കൂൾ മാസ്റ്ററെ അടിച്ചു. അടുത്ത ഞായറാഴ്ച കാട്ടുപുത്തൂർ പള്ളിയിൽ ആരാധന നടക്കുമ്പോൾ അതേയാളുകൾ പള്ളിയിൽ കയറി സഭാപ്രവർത്തകനെയും വിശ്വാസികളെയും ഓടിച്ച്, പുസ്കതങ്ങൾ വലിച്ചുകീറി, പള്ളിപൂട്ടി താക്കോലുമായി പോയി. 1859 ജനവരി 10ന് റസിഡണ്ടിന്റെ ബംഗ്ലാവ് തീ വച്ചുനശിപ്പിച്ചു. അതിനുശേഷം നാടാർ സമുദായക്കാരുടെ തീട്ടുവിളയിലെ അനേകം വീടുകളും റോമൻ കത്തോലിക്കരുടെ കോട്ടറിയലുള്ള 79 വീടുകളും തീവച്ച് നശിപ്പിച്ചു. ജനവരി 16ന് ആറാംപൊഴിയിലെ പള്ളിക്ക് തീവച്ചു. അറപ്പുറ, കുന്നംകാട് എന്നിവിടങ്ങളിലെ മിഷൻസ്കൂളുകളും ചുട്ടു ചാമ്പലാക്കി.

ജനവരി 23ന് കുളത്തുവിളയിലെ പള്ളിയിൽ ആരാധന നടക്കുമ്പോൾ സഭാപ്രവർത്തകനെ പോലീസ് കസ്റ്റഡിയിൽ എടുത്തു. ആ ദിവസം അദ്ദേഹത്തെ പിടിച്ചുകെണ്ടുപോകരുതെന്ന് ജനങ്ങൾ അപേക്ഷിച്ചിട്ടും അതു കേൾക്കാതെ അധികാരിയുടെ അടുത്തേക്കു കൊണ്ടുപോയി. അധികാരി സഭാ പ്രവർത്തനെയും മിഷനറിമാരെയും കഠോരമായി ദുഷിക്കുകയും ശകാരിക്കുകയും ചെയ്തുകൊണ്ട് സഭാ പ്രവർത്തകന്റെ വസ്ത്രങ്ങൾ ബലമായി ഉരിഞ്ഞെടുത്ത് വലിച്ചുകീറി തുണ്ടമാക്കി. അർദ്ധനഗ്നനായ അദ്ദേഹത്തെ പ്രഹരിച്ച് ജയിലിൽ ഇട്ടു.

ജനവരി 29ന് നാഗർകോവിലിലും ജനുവരി 31ന് മറ്റൊരു ഗ്രാമത്തിലും പള്ളികൾ തീവച്ചു. ജെയിംസ് ടൗണിൽ നാടന്മാരുടെ മൂന്നു വീടുകളും തീവച്ചു. ചുറ്റുപാടുമുള്ള ഗ്രാമങ്ങളിലെ ക്രിസ്ത്യാനികൾ വീടൊഴിഞ്ഞുപോയി. ക്രിസ്ത്യാനികൾ ചന്തയിലേ

▸ ശേഷം പേജ് 10ൽ

# ഇതാ ദൈവസ്തുതിയുടെ സന്ദേശം

**ഡോ. പോൾ മണലിൽ**

**സങ്കീർത്തനങ്ങളെ ഞാൻ ഹൃദയത്തോട് ചേർത്തു വച്ചാണ് ഇപ്പോഴും വായിക്കുന്നത്. ഈ വേദഭാഗങ്ങൾ വായിക്കുമ്പോൾ തോന്നുന്ന ഹൃദയശുദ്ധീകരണവും അനുതാപവും പാപബോധവും ദൈവാശ്രയവും എന്റെതായ അനുഭവങ്ങളാണ്.**



**ഡോ.** പോൾസൺ പുലിക്കോട്ടിൽ എഴുതിയ സങ്കീർത്തനങ്ങൾ എന്ന വ്യാഖ്യാനം എന്ന പുസ്തകം പ്രകാശിപ്പിക്കാൻ എന്നെ ക്ഷണിച്ചതു ഒരു നിയോഗമായി കരുതുന്നു. ഈ പുസ്തകത്തെപ്പറ്റിയുള്ള പരസ്യങ്ങൾ മരുപ്പച്ചയിലും ഹാലേലുയ്യയിലും ഗുഡ്ന്യൂസിലും മറ്റും വായിച്ചപ്പോൾ അതിന്റെ ഒരു കോപ്പി കരസ്ഥമാക്കാൻ ഞാൻ ആഗ്രഹിച്ചിരുന്നു. അതിനു കാരണമുണ്ട്. ബാല്യത്തിൽ ഞാൻ വേദപുസ്തകത്തിൽ ഏറ്റവും കൂടുതൽ വായിച്ചിട്ടുള്ളതു സങ്കീർത്തനങ്ങളാണ്. വീട്ടിൽ സന്ധ്യക്ക് പാട്ടും വേദപുസ്തക വായനയും നിർബന്ധമായിരുന്നു. പഴയനിയമത്തിലെ ഒരു ഭാഗം മൂത്തജേഷ്ഠൻ വായിക്കും. രണ്ടാമത്തെ ജേഷ്ഠൻ പുതിയനിയമം വായിക്കും. ഇളയപുത്രനായതിനാൽ ഞാൻ സങ്കീർത്തനങ്ങൾ വായിക്കും. എന്നാൽ ജേഷ്ഠന്മാർ കോളേജ് പഠനത്തിന് പോയപ്പോൾ വേദപുസ്തകവായന എന്റെ മാത്രം ചുമതലയായി. ഉറക്കെ വായിക്കണമെന്ന് അപ്പന്റെ ആജ്ഞ ഉള്ളതിനാൽ വാക്കും വാചകവും വ്യക്തമായും സ്ഫുടമായും വായിക്കേണ്ടതുണ്ടായിരുന്നു. പഴയനിയമമോ പുതിയനിയമമോ വായിച്ചു കഴിഞ്ഞാൽ സങ്കീർത്തനങ്ങൾ വായിക്കും. ഇപ്രകാരം സ്കൂൾ ഫൈനൽ ആയപ്പോഴേക്കും സങ്കീർത്തനങ്ങൾ പല തവണ ഞാൻ വായിച്ചു കഴിഞ്ഞു. ജീവിതത്തിൽ എനിക്കു ഓരോ ഘട്ടത്തിലും ധൈര്യം തന്നതു സങ്കീർത്തനങ്ങൾ ആണെന്നു പറയേണ്ടിയിരിക്കുന്നു. “യഹോവ എന്റെ ഇടയനാകുന്നു, എനിക്കു മുട്ടുണ്ടാകുകയില്ല” എന്ന ഇരുപത്തിമൂന്നാം സങ്കീർത്തനം ഇന്നും എന്റെ ജീവിതത്തിനും കരുത്തുപകരുന്ന ഒരു കീർത്തനാമാണെന്ന് ഞാൻ വെളിപ്പെടുത്തുകയാണ്.

സങ്കീർത്തനങ്ങളെ ഞാൻ ഹൃദയത്തോട് ചേർത്തു വച്ചാണ് ഇപ്പോഴും വായിക്കുന്നത്. ഈ വേദഭാഗങ്ങൾ വായിക്കുമ്പോൾ തോന്നുന്ന ഹൃദയശുദ്ധീകരണവും അനുതാപവും പാപബോധവും ദൈവാശ്രയവും എന്റെതായ അനുഭവങ്ങളാണ്. പോൾസൺ പുലിക്കോട്ടിൽ എഴുതിയ ‘സങ്കീർത്തനങ്ങൾ ഒരു വ്യഖ്യാനം’ എന്ന പുസ്തകം അതുകൊണ്ട് വലിയ ആർത്തിയോടെയാണ് ഞാൻ വായിച്ചത്. പോൾസൺ പുലിക്കോട്ടിലിനെ എനിക്ക് പരിചയമില്ല. ഞാൻ ഇന്നാണ് അദ്ദേഹത്തെ ആദ്യമായി കാണുന്നത്. ഈ പുസ്തകം വായിച്ചപ്പോൾ ഇതിന്റെ കർത്താവായ അദ്ദേഹം ഒരു മറുനാടൻ മലയാളിയാണെന്ന് എനിക്ക് തോന്നിയതേയില്ല. ഈ പുസ്തകമെഴുതാൻ പത്തുവർഷമെടുത്തു. എന്നാൽ ഒരു ദശകത്തിനു മുമ്പ് മഹാരാഷ്ട്രയിൽ എത്തിയ പോൾസൺ പുലിക്കോട്ടിൽ എത്ര സരളവും ഹൃദ്യവും ആയ ഭാഷയിലാണ് ഈ പുസ്തകം എഴുതിയിരിക്കുന്നതെന്ന് ഓർക്കുമ്പോൾ സങ്കീർത്തനങ്ങളിലെ ഭാഷയുടെ ഓജസും തേജസും അതിന്റെ വ്യാഖ്യാനത്തിലും കൈവന്നിട്ടുണ്ടല്ലോയെന്ന് പറയേണ്ടിയിരിക്കുന്നു. ഇത്ര മനോഹരമായി മലയാളം ഇതെഴുതാൻ ദൈവം പ്രവർത്തിച്ചു എന്നല്ലാതെ എന്തു പറയാനാണ്.

ഈ പുസ്കത്തിന്റെ ഘടന എല്ലാ വായക്കാരെയും മുന്നിൽ കണ്ടുകൊണ്ടുള്ളതാണ്. ഇതിനു മൂന്നു ഭാഗങ്ങളുണ്ട്. ഒന്നാം ഭാഗം സങ്കീർത്തനങ്ങളെപ്പറ്റിയുള്ള ഒരു പഠനമാണ്. ഗഹനവും സമഗ്രവുമായ ഒരു പഠനമാണിത്. രണ്ടാം ഭാഗമാണ് ഈ പുസ്കത്തിന്റെ കാതൽ. ഒരോ സങ്കീർത്തനത്തിന്റെയും വിശദമായ വ്യാഖ്യാനം ഈ ഭാഗത്തുണ്ട്. മൂന്നാം ഭാഗം കുറിപ്പുകളാണ്. പദങ്ങൾ, ആശയങ്ങൾ എന്നിവ സംബന്ധിച്ചുള്ളതാണ്.

എബ്രായ ജനതയുടെ ഗീതാജ്ഞലികളാണ്. സങ്കീർത്തനങ്ങൾ. അവരുടെ നൊമ്പരങ്ങളും പ്രതീക്ഷകളും ആഹ്ലാദങ്ങളും ഇതിൽ നിറഞ്ഞു നിൽക്കുന്നു. ദൈവത്തിന്റെ ഹൃദയത്തുടിപ്പകൾ പേറുന്ന സങ്കീർത്തനങ്ങൾ വേദപുസ്കതത്തിന്റെ ഹൃദയഭാഗത്താണ് കുടികൊള്ളുന്നതെന്ന് ഓർത്തുപോകുന്നു. ദൈവത്തിന്റെ മഹത്വത്തെ കീർത്തിക്കുന്ന സ്തുതിഗീതങ്ങളും നുറുങ്ങുന്ന ഹൃദയത്തോടെ ദൈവസന്നിധിയിൽ നിൽക്കുന്നവരുടെ വിലാപങ്ങളും ദൈവത്തോടുള്ള നന്ദിസൂചനകളുടെ സ്തോത്രങ്ങളും സങ്കീർത്തനങ്ങളുടെ ഭാഗമാണ്. സങ്കീർത്തനങ്ങളിൽ ഒരു സമൂഹത്തിന്റെ സ്പന്ദനങ്ങൾ എനിക്ക് അനുഭവിക്കാൻ കഴിഞ്ഞിട്ടുണ്ട്. സങ്കീർത്തനങ്ങളിൽ ഒരു വിശ്വാസ സമൂഹമുണ്ട്. ഈ പുസ്തകത്തിൽ പോൾസൺ പുലിക്കോട്ടിൽ പറയുന്നതുപോലെ പുരാതന യിസ്രായേലിന്റെ കാവ്യസമ്പത്താണ് സങ്കീർത്തനങ്ങൾ. വേദപുസ്തകത്തിലെ പത്തൊമ്പതാം പുസ്തകമായ സങ്കീർത്തനത്തിൽ നൂറ്റിയമ്പതു കീർത്തനങ്ങളുണ്ട്. യുദ്ധവിജയം, ഉപകാരസ്മരണകൾ, വിലാപങ്ങൾ, പ്രാർത്ഥനകൾ, അനുതാപം, പാപബോധം എന്നിങ്ങനെ വ്യത്യസ്തസന്ദർഭങ്ങളിൽ ചമയ്ക്കപ്പെട്ടതാണ് ഇവയെല്ലാം. ഞാൻ പലപ്പോഴും ആലോചിച്ചിട്ടുണ്ട്, ഈ സഭാവിഭാഗങ്ങൾ ഉണ്ടാകുന്നതിനു മുമ്പ് വിശ്വാസികൾ എങ്ങനെയാണ് പ്രാർത്ഥിച്ചിരുന്നതെന്ന്. അവർ വേദപുസ്തകത്തിലെ ഏതു ഭാഗങ്ങളാവും വായിച്ചിട്ടുണ്ടാവുക? നമ്മൾ പുതിയനിയമത്തിന്റെ പശ്ചാത്തലത്തിലാണ് മിക്കപ്പോഴും വിശ്വാസത്തെ സ്വീകരിക്കാറുള്ളത്. എന്നാൽ പഴയനിയമകാലത്തു എങ്ങനെയായിരുന്നു?

**ഞാൻ വിശുദ്ധനാട്ടിൽ ചെന്നപ്പോൾ യേശുവിന്റെ പാദമുദ്രകൾ പതിഞ്ഞ മണ്ണിൽ ദാവീദിന്റെ ഒരു പ്രതിമ കണ്ടു. ദാവീദിനെ കണ്ടപ്പോൾ യിസ്രയേലിന്റെ രാജാവിന്റെ ചിത്രമല്ല എന്റെ മനസ്സിൽ വന്നത്. പാപത്തിന്റെ തിണർപ്പുകളിൽ നിന്നു മോചനം നേടാൻ യാചിക്കുന്ന സങ്കീർത്തനക്കാരനായ ദാവീദിനെയാണ് എനിക്കോർമ്മ വന്നത്.**



ഞാൻ വിശുദ്ധനാട്ടിൽ ചെന്നപ്പോൾ യേശുവിന്റെ പാദമുദ്രകൾ പതിഞ്ഞ മണ്ണിൽ ദാവീദിന്റെ ഒരു പ്രതിമ കണ്ടു. ദാവീദിനെ കണ്ടപ്പോൾ യിസ്രയേലിന്റെ രാജാവിന്റെ ചിത്രമല്ല എന്റെ മനസ്സിൽ വന്നത്. പാപത്തിന്റെ തിണർപ്പുകളിൽ നിന്നു മോചനം നേടാൻ യാചിക്കുന്ന സങ്കീർത്തനക്കാരനായ ദാവീദിനെയാണ് എനിക്കോർമ്മ വന്നത്. പോൾസൺ പുലിക്കോട്ടിൽ മുപ്പത്തിരണ്ടാം സങ്കീർത്തനത്തെ വ്യാഖ്യാനിക്കുമ്പോൾ പറയുന്ന ചില കാര്യങ്ങളെപ്പറ്റി ഞാൻ ആലോചിച്ചിട്ടുണ്ട്. ദാവീദിന്റെ ഒരു ധ്യാനമാണിത്. “ലംഘനം ക്ഷമിച്ചും പാപം മറച്ചും കിട്ടിയവൻ ഭാഗ്യവാൻ....” എന്ന സങ്കീർത്തനത്തിന്റെ വ്യാഖ്യാനത്തിൽ പോൾസൺ പുലിക്കോട്ടിൽ പറയുന്നതു, ദൈവത്തിൽ നിന്നും പാപക്ഷമ പ്രാപിച്ചവ്യക്തി ആത്മാവിൽ കപടമില്ലാത്ത മനുഷ്യനാണെന്നാണ്. പാപം ഏറ്റുപറയാതിരുന്നതിനാൽ സങ്കീർത്തനക്കാരന് ശാരീരികമായ അസ്വാസ്ഥ്യം ഉണ്ടായി. ശരിയാണ്, പാപത്തിന്റെ ഫലമായി ശരീരം മുഴുവനും പീഡിതമാകുന്ന അവസ്ഥ എനിക്കും ഉണ്ടായിട്ടുണ്ട്. ബാല്യത്തിൽ സങ്കീർത്തനങ്ങൾ വായിച്ചതുകൊണ്ടാണെന്നു തോന്നുന്നു, ഈ പാപബോധം എന്നിൽ അങ്കുരിച്ചിട്ടുള്ളത്. ദൈവം പാശ്ചാത്തപിക്കുന്നവരുടെ പാപങ്ങളെ മോചിക്കുന്നുവെന്നാണ് ദാവീദ് പറയുന്നത്. ഈ സങ്കീർത്തനം വായിക്കുമ്പോൾ പോൾസൺ പുലിക്കോട്ടിൽ എഴുതിയിരിക്കുന്നതു പോലെ എനിക്ക് ദൈവവുമായുള്ള അനുഭവങ്ങളെ അയവിറക്കാൻ കഴിയുന്നു.

സങ്കീർത്തനങ്ങളെ ഞാൻ പഴയനിയമത്തിന്റെ പശ്ചാത്തലത്തിലാണ് ഇത്രയും നാൾ വിലയിരുത്തിയിരുന്നത്.’ എന്നാൽ പോൾസൺ പുലിക്കോട്ടിൽ പറയുന്നതു, കർത്താവും അപ്പസ്തോലന്മാരും സങ്കീർത്തനങ്ങളുടെ അധികാരികതയെ അംഗീകരിച്ചിരുന്നു എന്നാണ്. എനിക്കു മാത്രമല്ല, പുതിയനിയമകാലത്തെ എല്ലാവിശ്വാസികൾക്കും ഒഴിവാക്കാൻ കഴിയാത്ത ഒരു പഴയനിയമഗ്രന്ഥമാണ് സങ്കീർത്തനങ്ങൾ. പോൾസൺ പുലിക്കോട്ടിൽ എഴുതുന്നതുപോലെ ദാവീദിന്റെയും ശാലോമോന്റെയും ജീവിതത്തിനും ചിന്തക്കും അപ്പുറമായി സങ്കീർത്തനങ്ങളെ കാണേണ്ടതുണ്ട്. എന്നാൽ സങ്കീർത്തനങ്ങൾ വായിക്കുമ്പോൾ ഞാൻ ദാവീദിന്റെ പക്ഷത്തുനിന്നും ചിന്തിച്ചിട്ടുണ്ട്. ദാവീദിന്റെ വേദനയും സന്തോഷവും ദാവീദിന്റെ മാത്രമല്ല. ദൈവത്തിൽ ആശ്രയിക്കുന്നവർക്ക് പ്രാർത്ഥിക്കാനും മനനം ചെയ്യാനും പുതിയനിയമകാലത്തും സങ്കീർത്തനങ്ങൾ മതിയായവയാണ് പോൾസൺ പുലിക്കോട്ടിൽ അതുകൊണ്ടാണ് പറയുന്നതു, പഴയനിയമത്തിലെ പലതും പുതിയനിയമസഭക്കു പ്രതിബിംബങ്ങളാണെന്ന്. പഴയനിയമത്തിലെ പലതും സങ്കീർത്തനത്തിലൂടെ ക്രിസ്തുവിലൂടെയുള്ള പുതിയ അനുഭവങ്ങൾക്ക് വഴിമാറുന്നതായി എനിക്കും തോന്നിയിട്ടുണ്ട്.

സങ്കീർത്തനങ്ങളുടെ ഉള്ളടക്കത്തെപ്പറ്റി മലയാളത്തിൽ സമഗ്രമായ പഠനങ്ങൾ ഒന്നും ഉണ്ടായിട്ടില്ല. പോൾസൺ പുലിക്കോട്ടിൽ ഈ പുസ്തകം ഇറക്കിയപ്പോൾ ഞാൻ ‘സങ്കീർത്തനം’ പത്രാധിപർ വിജോയ് സ്ക്കറിയായോട് ചോദിച്ചു, ഈ ഗ്രന്ഥകാരൻ ഒരു പെന്തക്കോസ്തു വിശ്വാസിയായതിനാൽ ഇതിന്റെ വ്യാഖ്യാനത്തിൽ എന്തെങ്കിലും വിശ്വാസപരമായ പ്രത്യേക കാഴ്ചപ്പാട് ഉണ്ടോയെന്ന്. ചില സഭാ വിശ്വാസികൾ പ്രസിദ്ധപ്പെടുത്തുന്ന പുസ്തകങ്ങളിൽ അത്തരം വേദശാസ്ത്രപരമായ കാഴ്ചപ്പാട് ഞാൻ കണ്ടിട്ടുണ്ട്. ഞാനൊരു ഓർത്തഡോക്സ് സഭാംഗമായതുകൊണ്ട് ഇങ്ങനെ ചിന്തിക്കുന്നതല്ല. ഓരോ സഭാ വിശ്വാസിക്കും വചനവ്യാഖ്യാനത്തിൽ സ്വാതന്ത്ര്യമുണ്ടാവും. എന്നാൽ ദൈവത്തെപ്പറ്റിയും ദൈവവിശ്വാസത്തെപ്പറ്റിയും എഴുതുമ്പോൾ, ആരെഴുതിയാലും അതു എല്ലാ ക്രിസ്ത്യാനികൾക്കും വായിക്കാൻ കഴിയണമെന്നാണ് എന്റെ പക്ഷം. പോൾസൺ പുലിക്കോട്ടിന്റെ ഈ പുസ്തകം വായിച്ചുകഴിഞ്ഞപ്പോൾ ഇതു അത്തരമൊരു ഗ്രന്ഥമാണെന്ന് എനിക്ക് ബോധ്യപ്പെട്ടു.

ഈ പുസ്തകത്തിലെ ഭാഷാശൈലിയും ആശയഗരിമയും മാത്രമല്ല എന്നെ അകർഷിച്ചിട്ടുള്ളത്. സങ്കീർത്തനങ്ങളുടെ അന്തസ്സത്ത വ്യാഖ്യാനിച്ചുകൊടുക്കുന്ന ഒരു രചനാശൈലി പോൾസൺ പുലിക്കോട്ടിലിനുണ്ട്. ആദ്യന്തം ഈ ശൈലിയിൽ നിലയുറപ്പിച്ചാണ് ഗ്രന്ഥകാരൻ സങ്കീർത്തന വ്യാഖ്യാനം നടത്തുന്നത്. നൂറ്റമ്പതു സങ്കീർത്തനങ്ങളുടെ വ്യാഖ്യാനത്തിലും സൂക്ഷ്മമായ ഒരു രചനാശൈലിയാണ് ഗ്രന്ഥകാരൻ അനുവർത്തി

▶ ശേഷം പേജ് 9ൽ

# ദൈവപുത്രന്റെ നാട്ടിലൂടെ....

- JORDAN
- ISRAEL
- PALESTINE
- SINAI
- EGYPT

TOURS FROM
USA, UK, CANADA,
Middle East & India...



ന്യൂഡൽഹി, മുംബൈ, ബാംഗ്ലൂർ, കൊച്ചി എന്നിവിടങ്ങളിൽ നിന്നും യാത്രാസംഘങ്ങൾ.
മോശ വാഗ്ദത്ത നാട് ദൂരെ നിന്നു കണ്ടത് നെബോയുടെ മുകളിൽ നിന്നാണ്.
ആ കാഴ്ച നമ്മുടെയും കണ്ണുകൾക്ക് കുളിർമ നൽകുന്നു.

■ ഈജിപ്ത് ■ സീനായ് ■ ഇസ്രയേൽ ■ പാലസ്തീൻ ■ ജോർദ്ദാൻ

# വിശുദ്ധ നാട് യാത്ര

## സന്ദർശിക്കുന്ന പ്രധാന സ്ഥലങ്ങൾ

**ഈജിപ്ത് :** ഈജിപ്ഷ്യൻ മ്യൂസിയം, പിരമിഡുകൾ, സ്ഫിങ്ങ്സ്, ആദ്യ നൂറ്റാണ്ടുകളിലെ ആരാധനാലയങ്ങൾ, നൈൽ നദിയിലൂടെ ബോട്ട് യാത്ര, സൂയസ് കനാൽ തീരത്തു കൂടി യാത്ര, മുൾപ്പടർപ്പ് സീനായ്മല, പത്തു കല്പനകൾ ലഭിച്ച സ്ഥലം.

**യിസ്രായേൽ - പാലസ്തീൻ :** യെരൂശലേം നഗരം, ഒലീവ് മല, കർത്താവു പ്രാർത്ഥന പഠിപ്പിച്ച സ്ഥലം, ഓശാന വീഥി, ഗദ്സമനെ തോട്ടം, യേശു മുട്ടുകുത്തി പ്രാർത്ഥിച്ച പാറ. രണ്ടായിരം വർഷത്തിൽപരം പഴക്കമുള്ള ഒലിവ് വൃക്ഷങ്ങളും, **ബേത്‌ലഹേം** യേശുവിന്റെ ജന്മസ്ഥലം, ആട്ടിടയന്മാർക്ക് ദൂതന്മാർ പ്രത്യക്ഷമായ സ്ഥലം, യോഹന്നാൻ സ്നാപകന്റെ ജന്മസ്ഥലം,



**ഗോൽഗോഥാ, യെരിക്കോ, ബഥനി :** ബേദ്സെയ്ദാകുളം, ദാവീദ് രാജാവിന്റെ ശവകുടീരം, പരീക്ഷാമല, സക്കായി കർത്താവിനെ കാണാൻ കയറിയ അത്തി വൃക്ഷം, മർക്കോസിന്റെ മാളികമുറി, ബെഥേനിയിൽ മറിയയുടെയും മാർത്തയുടെയും ഭവനം, ലാസറിനെ ഉയിർപ്പിച്ച കല്ലറ, **ചാവുകടൽ,** യേശു കുരിശും ചുമന്നു പോയ വഴി, പീലാത്തോസ് വിധിപ്രസ്താവിച്ച മന്ദിരം, മുൾക്കിരീടം ചൂടിയയിടം, കുരിശിന്റെ വഴിയിലെ പതിന്നാല് സ്ഥലങ്ങൾ, യേശുവിനെ കുരിശിൽ തറച്ച സ്ഥലം, തലയോടിടം, *കർത്താവിനെ അടക്കിയ കല്ലറതോട്ടത്തിൽ ആരാധന*, കർത്താവുയിർത്തെഴുന്നേറ്റ കല്ലറ.

**സിയോൻ, നസ്രത്ത്, കാന, യോർദ്ദാൻ നദി :** ഗബ്രിയേൽ ദൂതൻ മറിയയ്ക്കു പ്രത്യക്ഷപ്പെട്ട സ്ഥലം, യോസഫിന്റെയും മറിയയുടെയും ഭവനം, യോസഫിന്റെ പണിശാല, യേശു ബാല്യകാലം ചിലവിട്ട സ്ഥലങ്ങൾ. പച്ചവെള്ളത്തെ വീഞ്ഞാക്കിയ കാനായിലെ കല്യാണവീട്, താബോർ മല, യേശു സ്നാനമേറ്റ യോർദ്ദാൻ നദി.



**ഗലീല തടാകത്തിൽ ബോട്ടുയാത്ര:** പരസ്യ ശുശ്രൂഷ ആരംഭിച്ച കഫർന്നഹൂം, ഗിരിപ്രഭാഷണമല, യേശു വെള്ളത്തിനു മീതെ നടന്ന ഗലീല തടാകത്തിലൂടെ ബോട്ടുയാത്ര.

**ജോർദ്ദാൻ - നെബോ പർവ്വതം :** മോശെ അവസാനമായി വാഗ്ദത്ത നാട് ദർശിച്ച നെബോ പർവ്വതം.

- ഗൾഫ്, അമേരിക്ക, ഇംഗ്ലണ്ട് തുടങ്ങിയ രാജ്യങ്ങളിൽ നിന്നും നേരിട്ടു ടൂറുകൾ.
- സഭകൾക്കും മിഷൻ സംഘടനകൾക്കും വേണ്ടി പ്രത്യേകം പാക്കേജുകൾ!

## അടുത്തയാത്ര

## സെപ്റ്റംബർ 7

ഇവ ഞങ്ങളുടെ പ്രത്യേകതയാണ്

▸▸ സ്റ്റാർ ഹോട്ടലുകളിൽ താമസം ▸▸ മൂന്നുനേരവും വിഭവസമൃദ്ധമായ ഭക്ഷണം ▸▸ മികച്ചയാത്രാ സൗകര്യങ്ങൾ ▸▸ ഷോപ്പിംഗ് അവസരങ്ങൾ ▸▸ ആത്മീയ ചിന്തകൾ ഉണർത്തുന്ന പഠനങ്ങളും ആരാധനയും ▸▸ പ്രഗത്ഭരായ ഗൈഡുകളുടെ സേവനം.

മരുപ്പച്ച ചീഫ് എഡിറ്റർ
അച്ചൻകുഞ്ഞ് ഇലന്തൂർ നേതൃത്വം നല്കുന്നു.

MARUPPACHA
Ph: 0469-2634321, Mob: 9961720195
Website : www.marupacha.com
E-mail : maruppacha@yahoo.com



ആൻഡമാൻസ്/ചെന്നൈയിൽ നിന്നും

# വിശുദ്ധ നാട് യാത്ര

■ ഈജിപ്ത് ■ സീനായ് ■ ഇസ്രയേൽ ■ പാലസ്തീൻ ■ ജോർദ്ദാൻ

**ഈജിപ്ത്**
ഈജിപ്ഷ്യൻ മ്യൂസിയം, പിരമിഡുകൾ, സ്ഫിങ്ങ്സ്, ആദ്യ നൂറ്റാണ്ടുകളിലെ ആരാധനാലയങ്ങൾ, നൈൽ നദിയിലൂടെ ബോട്ട് യാത്ര, സൂയസ് കനാൽ തീരത്തു കൂടി യാത്ര, മുൾപ്പടർപ്പ് സീനായ്മല, പത്തു കല്പനകൾ ലഭിച്ച സ്ഥലം.

**യിസ്രായേൽ– പാലസ്തീൻ**
യെരൂശലേം നഗരം, ഒലീവ് മല, കർത്താവു പ്രാർത്ഥന പഠിപ്പിച്ച സ്ഥലം, ഓശാന വീഥി, ഗദ്സമനെ തോട്ടം, യേശു മുട്ടുകുത്തി പ്രാർത്ഥിച്ച പാറ. രണ്ടായിരം വർഷത്തിൽപരം പഴക്കമുള്ള ഒലിവ് വൃക്ഷങ്ങളും, **ബേത്‌ലഹേം** യേശുവിന്റെ ജന്മസ്ഥലം, ആട്ടിടയന്മാർക്ക് ദൂതന്മാർ പ്രത്യക്ഷമായ സ്ഥലം, യോഹന്നാൻ സ്നാപകന്റെ ജന്മസ്ഥലം,

**ഗോൽഗോഥാ, യെരിക്കോ, ബഥനി**
ബേദ്സെയ്ദാകുളം, ദാവീദ് രാജാവിന്റെ ശവകുടീരം, പരീക്ഷാമല, സക്കായി കർത്താവിനെ കാണാൻ കയറിയ അത്തിവൃക്ഷം, മർക്കോസിന്റെ മാളികമുറി, ബെഥെനിയിൽ മറിയയുടെയും മാർത്തയുടെയും ഭവനം, ലാസറിനെ ഉയിർപ്പിച്ച കല്ലറ, **ചാവുകടൽ**, യേശു കുരിശും ചുമന്നുപോയ വഴി, പീലാത്തോസ് വിധിപ്രസ്താവിച്ച മന്ദിരം, മുൾക്കിരീടം ചൂടിയയിടം, കുരിശിന്റെ വഴിയിലെ പതിന്നാല് സ്ഥലങ്ങൾ, യേശുവിനെ കുരിശിൽ തറച്ച സ്ഥലം, തലയോടിടം, *കർത്താവിനെ അടക്കിയ കല്ലറതോട്ടത്തിൽ ആരാധന*, കർത്താവുയിർത്തെഴുന്നേറ്റ കല്ലറ.

**സിയോൻ, നസ്രത്ത്, കാന, യോർദ്ദാൻ നദി**
ഗബ്രിയേൽ ദൂതൻ മറിയയ്ക്കു പ്രത്യക്ഷപ്പെട്ട സ്ഥലം, യോസഫിന്റെയും മറിയയുടെയും ഭവനം, യോസഫിന്റെ പണിശാല, യേശു ബാല്യകാലം ചിലവിട്ട സ്ഥലങ്ങൾ. പച്ചവെള്ളത്തെ വീഞ്ഞാക്കിയ കാനായിലെ കല്യാണവീട്, താബോർ മല, യേശു സ്നാനമേറ്റ യോർദ്ദാൻ നദി.

**ഗലീല തടാകത്തിൽ ബോട്ടുയാത്ര**
പരസ്യ ശുശ്രൂഷ ആരംഭിച്ച കഫർന്നഹൂം, ഗിരിപ്രഭാഷണമല, യേശു വെള്ളത്തിനു മീതെ നടന്ന ഗലീല തടാകത്തിലൂടെ ബോട്ടുയാത്ര.

**ജോർദ്ദാൻ നെബോ പർവ്വതം**
മോശെ അവസാനമായി വാഗ്ദത്ത നാട് ദർശിച്ച നെബോ പർവ്വതം.



## സെപ്റ്റംബർ 7ന് യാത്ര

**പ്രത്യേകതകൾ....**

▸▸ സ്റ്റാർ ഹോട്ടലുകളിൽ താമസം ▸▸ മൂന്നുനേരവും വിഭവസമൃദ്ധമായ ഭക്ഷണം ▸▸ മികച്ചയാത്രാ സൗകര്യങ്ങൾ ▸▸ ഷോപ്പിംഗ് അവസരങ്ങൾ ▸▸ ആത്മീയ ചിന്തകൾ ഉണർത്തുന്ന പഠനങ്ങളും ആരാധനയും ▸▸ പ്രഗത്ഭരായ ഗൈഡുകളുടെ സേവനം.

**കൂടുതൽ വിവരങ്ങൾക്ക്:**

**ROSHIN ANDAMANS**
Contact: +91 9933247703
icfpban@gmail.com




# ന്യൂയോർക്ക് വി.ബി.എസ്

**ന്യൂയോർക്ക്:** ഈസ്റ്റേൺ പി.വൈ.പി.എ.യുടെ ആഭിമുഖ്യത്തിൽ ഒൻപതാമത് ന്യൂയോർക്ക് വി.ബി.എസ്.ജൂൺ 30 മുതൽ ജൂലൈ 2 വരെ നടക്കും. മുൻ വർഷങ്ങളിൽ നിന്ന് വ്യത്യസ്തമായി പൊതു വേദിയായ വിസ്കാർഡി സെന്ററിലാണ് (Viscardi Center, 201 I.U Willets Road, Albertson, NY 11507) ഇത്തവണ വി.ബി.എസ് നടക്കുന്നത്. ജൂൺ 30-ന് രാവിലെ 9 മണിക്ക് പാസ്റ്റർ മാത്യു സാമുവേൽ ഉദ്ഘാടനം നിർവ്വഹിക്കും. റീജിയൻ സെക്രട്ടറി റവ.ജോസഫ് വില്യംസ് അധ്യക്ഷത വഹിക്കും.

അഞ്ചു മുതൽ 16 വയസ് വരെയുള്ള വിദ്യാർത്ഥികളുടെ ആത്മീയ, മാനസീക, ശാരീരിക വളർച്ചക്കുതകുന്ന നിരവധി പ്രോഗ്രാമുകൾ ഉൾപ്പെടുത്തി ക്രമീകരിച്ചിരിക്കുന്ന വി.ബി.എസിൽ നാനൂറോളം കുട്ടികൾ പങ്കെടുക്കുമെന്ന് പ്രതീക്ഷിക്കുന്നു. സഭാ വിഭാഗ വ്യത്യാസമില്ലാതെ എല്ലാ വിഭാഗം വിദ്യാർത്ഥികൾക്കും പ്രവേശനം നൽകും. പപ്പറ്റ് ഷോ. സ്കിറ്റ്, മൾട്ടി മീഡിയാ പ്രസന്റേഷൻ എന്നിവയിലൂടെ ദൈവവചന പഠനത്തോടൊപ്പം കുട്ടികളുടെ ശാരീരിക-മാനസിക വളർച്ചക്കായി കലാകായിക മത്സരങ്ങളും ഇതോടനുബന്ധിച്ച് ക്രമീകരിച്ചിട്ടുണ്ട്. പങ്കെടുക്കുന്ന എല്ലാ കുട്ടികൾക്കും വി.ബി.എസ്.ലോഗോ ആലേഖനം ചെയ്ത ടീ ഷർട്ടുകൾ നൽകും. കൂടാതെ രാവിലെ 9-4 വരെ തുടർച്ചയായി നടക്കുന്ന ക്ലാസുകൾക്കിടയിൽ കുട്ടികൾക്ക് ഭക്ഷണക്രമീകരണവും ഒരുക്കിയിട്ടുണ്ട്. 30-ലധികം അധ്യാപകർ ക്ലാസുകൾക്ക് നേതൃത്വം നൽകും. കൂടാതെ ചിൽഡ്രൻസ് മിനിസ്ട്രിയിൽ മികവ് തെളിയിച്ച സിസ്റ്റർ വിന്നി ജോൺസൺ ഹ്യൂസ്റ്റൺ അതിഥിയായി പങ്കെടുക്കും. പാസ്റ്റർ സി.കെ.ദാനിയേലിന്റെ കൊച്ചുമകളും പാസ്റ്റർ ജോൺസൺ ദാനിയേലിന്റെ മകളുമാണ് വിന്നി. ന്യൂയോർക്കിൽ ഇന്ത്യൻ സമൂഹം തിങ്ങിപ്പാർക്കുന്ന ലോംഗ് ഐലന്റിലെ വിസ്ഗാഡി സെന്ററാണ് ഇത്തവണ വി.ബി.എസിന് വേദിയാകുന്നത്. പൊതുവേദി എന്ന നിലയിൽ പെന്തെക്കോസ്തരല്ലാത്ത ധാരാളം വിദ്യാർത്ഥികൾ ഇത്തവണ പങ്കെടുക്കുമെന്ന് പ്രതീക്ഷിക്കുന്നതായി സംഘാടകർ പറഞ്ഞു. മുൻവർഷങ്ങളിൽ ധാരാളം കുട്ടികൾ യേശുവിനെ രക്ഷിതാവായി സ്വീകരിക്കുവാൻ വി.ബി.എസ്. മുഖാന്തരമായിട്ടുണ്ട്. റീജിയൻ പി.വൈ.പി.എ.പ്രവർത്തനങ്ങൾക്ക് പ്രിൻസൺ ഏബ്രഹാം (പ്രസിഡന്റ്), സ്റ്റീവ് ജേക്കബ് (വൈസ് പ്രസിഡന്റ്), ഗ്ലാഡ്‌വിൻ ജി.വർഗീസ് (സെക്രട്ടറി), ജസ്റ്റിൻ റോബർട്സൺ (ട്രഷറാർ) എന്നിവർ നേതൃത്വം നൽകുന്നു. വി.ബി.എസ്.കോർഡിനേറ്ററായി ബെസി തോമസ് പ്രവർത്തിക്കുന്നു. കൂടുതൽ വിവരങ്ങൾക്കും ഓൺലൈൻ രജിസ്ട്രേഷനും **pypa.org** സന്ദർശിക്കുക.

### ന്യൂജേഴ്സി വി.ബി.എസ്

ഐ.പി.സി.ഈസ്റ്റേൺ റീജിയന്റെ രണ്ടാമത് വി.ബി.എസ്.ആഗസ്റ്റ് 4-6 വരെ ന്യൂജേഴ്സിയിൽ നടക്കും. ഹാക്കൻസാസിലുള്ള ഇന്ത്യാ ക്രിസ്ത്യൻ അസംബ്ലി ഹാളിലാണ് വി.ബി.എസ് നടക്കുന്നത്. ഈ വി.ബി.എസിലും സിസ്റ്റർ വിന്നി ജോൺസൺ ക്ലാസുകൾ നയിക്കും.

### അഡൾട്ട് ക്ലാസുകൾ

ഇത്തവണ വി.ബി.എസിൽ അഡൾട്ടിന് വേണ്ടി പ്രത്യേക ക്ലാസുകൾ ക്രമീകരിച്ചിരിക്കുന്നു. പ്രഗത്ഭരായ ദൈവദാസന്മാർ നയിക്കുന്ന ക്രമീകൃതമായ ക്ലാസുകൾ ആദ്യമായാണ് വി.ബി.എസിൽ ക്രമീകരിച്ചിരിക്കുന്നത്. കുട്ടികൾക്കും മുതിർന്നവർക്കും വി.ബി.എസ് പ്രയോജനമാകുമെന്ന് വി.ബി.എസ്.കോർഡിനേറ്റർ അറിയിച്ചു.

പാസ്റ്റർ മാത്യു സാമുവൽ




# ശുശ്രൂഷ വിജയിക്കണമെങ്കിൽ

**ദൈ**വീക ശുശ്രൂഷയുടെ ഉത്തരവാദിത്വബോധം ശുശ്രൂഷകരിൽ നാൾക്കുനാൾ കുറഞ്ഞുവരുന്ന വ്യസനകരമായ പ്രവണതയാണ് ഇന്നു സർവ്വത്ര കണ്ടുവരുന്നത്. സുവിശേഷ ശുശ്രൂഷ, അത് അർഹിക്കുന്ന ഗൗരവത്തോടും, ഘനത്തോടും കൂടി നിർവ്വഹിച്ചു കൊണ്ടിരുന്നവർ തന്നെ. പ്രവർത്തന നൈർമ്മല്യതയും ലക്ഷ്യബോധവും കൈവെടിഞ്ഞ് അപഥഗമനം ചെയ്തുകൊണ്ടിരിക്കുന്ന കാഴ്ച ആരെയാണ് വേദനിപ്പിക്കാത്തത്? 'നിന്നെത്തന്നെയും ഉപദേശത്തെയും സൂക്ഷിച്ചുകൊൾക; ഇതിൽ ഉറച്ചു നില്ക്ക; അങ്ങനെ ചെയ്താൽ നീ നിന്നെയും നിന്റെ പ്രസംഗം കേൾക്കുന്നവരെയും രക്ഷിക്കും. 1 തിമോ. 4:15. അങ്ങനെ ചെയ്യുന്നില്ലെങ്കിൽ, നീ നിന്നെയും മറ്റുള്ളവരെയും നശിപ്പിക്കും. എന്നുള്ള വിപൽ പ്രബോധനം ഈ വാക്കുകളിൽ നിഗൂഢമായിരിക്കുന്നുവല്ലോ.

നടത്തിപ്പുകാരുടെ നിരുത്തരവാദിത്വ നീക്കങ്ങളാൽ ദേശത്തിനു വന്നുചേരുന്ന ദുർഗതിയെക്കുറിച്ച് ജ്ഞാനിയായ ശലോമോൻ അതിനിശിത വാക്കുകളിൽ ചൂണ്ടികാണിച്ചിരിക്കുന്നു. - ബലവാനായ രാജാവും, അതികാലത്തു ഭക്ഷണം കഴിക്കുന്ന പ്രഭുക്കന്മാരും ഉള്ള ദേശമേ, നിനക്ക് അയ്യോ കഷ്ടം! കുലീന പുത്രനായ രാജാവും, മദ്യപാനത്തിനല്ല, ബലത്തിനുവേണ്ടി മാത്രം തക്കസമയത്തു ഭക്ഷണം കഴിക്കുന്ന പ്രഭുക്കൻമാരും ഉള്ള ദേശമേ, നിനക്കു ഭാഗ്യം'. സഭാപ്ര.10:16,1. രാജ്യത്തോടും സമൂഹത്തോടുമുള്ള ബന്ധത്തിൽ ഇതു വാസ്തവമെങ്കിൽ ദൈവീക കാര്യങ്ങളിലും ആത്മീയ ശുശ്രൂഷയിലും എത്ര അധികം.

ഭൗതികത്വത്തിന്റെ അസൂയാർഹമായ മുന്നേറ്റവും, അതോടൊപ്പം ആത്മീയനോടുള്ള വ്യക്തമായ വിരസതയും മുഖമുദ്രയായുള്ള ഏദൻകാലവും, സത്യശുശ്രൂഷകർക്കു അശേഷം അനുയോജ്യമല്ല. മാനുഷിക മഹത്വത്തിന്റെയും ഭൗതീക വാദത്തിന്റെയും കുത്തിയൊഴുക്കിൽ പിടിച്ചു നില്പാൻ, മത ആദർശങ്ങൾക്കോ തത്വചിന്തകൾക്കോ കഴിയാതെയായി. ഒരിക്കൽ ഒഴിച്ചു കൂടാത്തതും അനർഘങ്ങളുമായി കരുതിയിരുന്ന മൂല്യങ്ങൾ വലിച്ചെറിഞ്ഞു, വിശ്വാസസത്യങ്ങൾ ബലികഴിച്ച് ഏതുവിധേനയും ജീവിക്കണമെന്നുള്ള ക്ഷുദ്രലക്ഷ്യത്തിൽ കണ്ണുനട്ട്, അതിവേഗം നീങ്ങിക്കൊണ്ടിരിക്കുന്ന തലമുറയുടെ മധ്യേ ദൈവശുശ്രൂഷ ചെയ്യുന്നത് ദുഷ്കരണം തെന്ന. "ദുർന്നടപ്പിന്റെ അതേ കവച്ചിൽ നിങ്ങൾ അവരോടു ചേർന്നു നടക്കാതിരിക്കുന്നത് അപൂർവ്വമെന്ന് വെച്ച് അവർ നിങ്ങളെ ദുഷിക്കുന്നു" (1 പത്രോ. 4:4) എന്ന വചനം എത്ര അന്വർത്ഥമായിരിക്കുന്നു!

ലോകമയത്വത്തിന്റെയും അനാത്മികതയുടെയും അതിപ്രസരം നിഴലിച്ചു നില്ക്കുന്ന പശ്ചാത്തലത്തിൽ സുവിശേഷ ശുശ്രൂഷ നിർവിഘ്നം നിർവ്വഹിക്കേണ്ടതെങ്ങനെ? പ്രത്യേകിച്ചും സഹകാരികളിൽ പലരിൽ നിന്നും സഹാനുഭൂതിയോ, സഹകരണമോ പ്രതീക്ഷിക്കാൻ കഴിയാഞ്ഞ സാഹചര്യത്തിൽ, സ്വർഗ്ഗീയ ദർശനത്തിനു മങ്ങലേശാതെ, ആദർശങ്ങൾക്കു ക്ഷതം സംഭവിക്കാതെ, കർത്താവു തന്നെ ശുശ്രൂഷ നിവർത്തിപ്പാൻ കഴിയുമോ? നമ്മെ ശക്തിപ്പെടുത്തുന്ന ദൈവകൃപയിൽ ആശ്രയിച്ചും നമ്മിൽ ബലത്തോടു വ്യാപരിക്കുന്ന പരിശുദ്ധാത്മശക്തിയാലും അതു കഴിയും; നിശ്ചയം, പൗലോസ് തിമൊഥയോസിനോടുള്ള അന്ത്യപ്രബോധനത്തിൽ അതു എടുത്തുകാട്ടിയിരിക്കുന്നു.

"നമ്മുടെ കർത്താവിന്റെ സാക്ഷ്യത്തെയും അവന്റെ ബന്ധനായ എന്നെയും കുറിച്ചു ലജ്ജിക്കാതെ, സുവിശേഷത്തിനായി ദൈവശക്തിക്കൊത്തവണ്ണം എന്നോടു കൂടി കഷ്ടം സഹിക്ക"; "ക്രിസ്തു യേശുവിലുള്ള കൃപയാൽ ശക്തിപ്പെടുക" 2 തിമോ.1:8; 2:1. കൊലോസ്യയിലെ വിശ്വാസികൾക്കു താനെഴുതി. "ഏതു മനുഷ്യനെയും ക്രിസ്തുവിൽ തികഞ്ഞവനാക്കുവാൻ എന്നിൽ ബലത്തോടു വ്യാപരിക്കുന്ന വ്യാപാരശക്തിക്കൊത്തവണ്ണം പോരാടിക്കൊണ്ടു അദ്ധ്വാനിക്കുന്നു. "കൊലോ.1:28, 29.

സത്യശുശ്രൂഷകൻ പലപ്പോഴും സമൂഹത്തിൽ ഒറ്റപ്പെട്ടവരായിരിക്കും, യെശയ്യാവും യിരമ്യാവും ദൈവശുശ്രൂഷയോടുള്ള ബന്ധത്തിൽ പൊതുജന ചിന്താധാരകളിൽ നിന്നൊഴിഞ്ഞുമാറി നില്പാൻ ബദ്ധപ്പെട്ടു. യെശ.8:11; യിരമ്യ 15:15-17. ദൈവത്തിന്റെ നുകം മൃദുവും, ലഘുവുമെങ്കിലും, അതേറ്റിരിക്കുന്ന ഒരോ ശുശ്രൂഷകനും പൊതുജനപ്രീതിക്കും, വ്യർത്ഥമായ മാനുഷിക പുകഴ്ചകൾക്കും കാംക്ഷിക്കാതെ, ദൈവത്തിന്റെ കൈ നിമിത്തം തനിച്ചായിരിക്കട്ടെ. വിലാ. 3:27-29.

രാജാവിന്റെ ശത്രുക്കളുടെ നെഞ്ചത്തു തറച്ചു അവരെ വീഴ്ത്തുന്ന മൂർച്ചയേറിയ അമ്പുകളായി നാം തീരേണമെങ്കിൽ, തൃക്കൈകളുടെ നിഴലിൽ ഒളിച്ചിരുന്നുകൊണ്ട് അവന്റെ പൂണയിൽ മറഞ്ഞിരിക്കേണ്ടിയിരിക്കുന്നു; സങ്കി.45:5, യെശ.49:2,3. അവനോടു കൂടി ഇരിപ്പാനും ശുശ്രൂഷക്കു അയപ്പാനു മത്രേ ദൈവം നമ്മെ നിയോഗിച്ചിരിക്കുന്നത്. മർക്കോ. 3:13-15.

പൊതുജന ചിന്താസരണിയിൽ നിന്ന് അകന്നു നില്ക്ക. ദൈവത്തോടുകൂടി തനിച്ചാകുവാൻ ഉത്ഹാസിക്ക. അങ്ങനെയെങ്കിൽ ശുശ്രൂഷ സഫലവും, വിജയകരവുമായിരിക്കും.

## അമേരിക്കയിൽ ബ്രദറൺ സംഗമം

▶ 1-ാം പേജ് തുടർച്ച

15ന് സമാപിക്കും. പി.വി.നൈനാൻ (സെക്രട്ടറി), വർഗീസ് ചാക്കോ (ട്രഷറാർ), സാജൻ ചെറിയാൻ (അസിസ്റ്റന്റ് ട്രഷറാർ), ഫിലിപ്പ് വടക്കൻ-ഒക്ലഹോമ, ജേക്കബ് തോമസ്-ഡാളസ് (ഏരിയ കോർഡിനേറ്റേഴ്സ്), ജെറി മോഡിയിൽ, വിനയ് മാത്യൂസ് (യൂത്ത് & ചിൽഡ്രൻസ് പ്രോഗ്രാം കോർഡിനേറ്റേഴ്സ്), ബേബി മാത്യു (താലന്ത് റൈറം) എന്നിവർ ഉൾപ്പെട്ട വിപുലമായ കമ്മറ്റി സമ്മേളനത്തിന്റെ ഒരുക്കങ്ങൾക്ക് നേതൃത്വം നൽകുന്നു. കൂടുതൽ വിവരങ്ങൾക്ക് www.southwestbrethren.org എന്ന് വെബ് സെറ്റ് സന്ദർശിക്കുക.

ജൂലൈ 17ന് തുടക്കം കുറിക്കുന്ന ദി ഫെലോഷിപ്പ് ഓഫ് ഇന്ത്യൻ ഫാമിലീസ് ഇൻ നോർത്ത് അമേരിക്കയുടെ (ഫിബാ) 11-ാമത് സമ്മേളനം ക്രോംവെല്ലിലെ ഹാർട്ട് ഫോഡ് ക്രൗൺ പ്ലാസ ഹോട്ടലിൽ നടക്കും. വിശ്വാസികളെ ദൈവവുമായും തമ്മിൽ തമ്മിലും ഉള്ള ഗാഢബന്ധത്തിലേക്ക് നയിക്കുക എന്നതാണ് ഫിബാ കോൺഫ്രൻസിന്റെ ലക്ഷ്യം. ഈ വർഷം നടക്കുന്ന കോൺഫ്രൻസിൽ കർതൃദാസന്മാരായ വർഗീസ് കുര്യൻ, ഡോ. അലക്സാണ്ടർ കുര്യൻ, മൈക്ക് അറ്റ്വുഡ്, നേറ്റ് ബ്രാംസെൻ എന്നിവർ മുഖ്യ പ്രഭാഷകർ ആയിരിക്കും. ഇൻഡ്യയിൽ നിന്നും അമേരിക്കയിൽ നിന്നുമുള്ള കർതൃദാസന്മാർ വിവിധ സെക്ഷനുകൾക്ക് നേതൃത്വം നൽകും. സഹോദരീസമ്മേളനം, യൂത്ത് സെക്ഷൻ, കുട്ടികൾക്കുള്ള പ്രത്യേക പരിപാടികൾ എന്നിവ ഈ സമ്മേളനത്തിന് മാറ്റു കൂട്ടും. "പ്രെയ്സ് ആന്റ് വർഷിപ്പ്" പൊതുയോഗങ്ങളുടെ പ്രത്യേക ഭാഗമായി നടത്തും. "ഈ ദുഷ്ടലോകത്തിൽ ദൈവമുള്ളവരായി ജീവിക്കുക" എന്നതായിരിക്കും ചിന്താവിഷയം. 20ന് ഞായറാഴ്ച നടക്കുന്ന ആരാധനായോഗം 2014 ലെ ദി ഫെലോഷിപ്പ് ഓഫ് ഇൻഡ്യൻ ഫാമിലീസ് ഇൻ നോർത്ത് അമേരിക്കയുടെ ഈ വർഷത്തെ കോൺഫ്രൻസിന്റെ സമാപന സമ്മേളനം ആയിരിക്കും.

## ഓസ്ട്രേലിയൻ കോൺഫ്രൻസ് സമാപിച്ചു

**സിഡ്നി:** ഓസ്ട്രേലിയായിലെ മലയാളി പെന്തെക്കോസ്ത് സഭകളുടെ സംയുക്തവേദിയായ ഓസ്ട്രേലിയൻ ഇന്ത്യൻ പെന്തെക്കോസ്തൽ കോൺഫ്രൻസിന്റെ നാലാമത് സമ്മേളനം സമാപിച്ചു. ഏപ്രിൽ 18-ന് നാഷണൽ പ്രസിഡന്റ് പാസ്റ്റർ തോമസ് ജോർജ്ജ് ഉദ്ഘാടനം ചെയ്ത സമ്മേളനത്തിൽ പാസ്റ്റർമാരായ കെ.ജോയി, ഡോ.ജോൺ കെ.മാത്യു എന്നിവർ മുഖ്യപ്രസംഗകരായിരുന്നു. എബിപീറ്റർ, ഷേർളി മാത്യു, സൂസൻ പണിക്കർ എന്നിവരും വിവിധ സെക്ഷനുകളിൽ പ്രസംഗിച്ചു. ഞായറാഴ്ച സമാപന സമ്മേളനത്തിൽ പാസ്റ്റർ തോമസ് ജോർജ്ജിന്റെ നേതൃത്വത്തിൽ തിരുവത്താഴ ശുശ്രൂഷ നടന്നു. സെക്രട്ടറി പാസ്റ്റർ പ്രകാശ് ജേക്കബ് നന്ദി പറഞ്ഞു. വിവിധ ഭാഗങ്ങളിൽ നിന്ന് നൂറുകണക്കിന് വിശ്വാസികൾ പങ്കെടുത്തു.

## ചിരിയുംകാര്യവും



ഡോ. ജോർജ് സാമുവൽ

### കറിപൗഡർ

**പ്ര**ശംസകളും, അംഗീകാരവും മറ്റും പ്രതീക്ഷിക്കുന്ന ഇന്നത്തെ സമൂഹത്തിൽ ഭംഗിവാക്കുകൾ പറയുവാൻ ചിലപ്പോൾ പരീക്ഷിക്കപ്പെടുന്നു. നല്ലതും മെച്ചപ്പെട്ടതുമായ അനുഭവങ്ങളുണ്ടാകുമ്പോൾ തീർച്ചയായും പ്രകീർത്തിച്ചു പറഞ്ഞ് മറ്റുള്ളവരെ അനുമോദിക്കുന്നത് തികച്ചും അനുയോജ്യമാണ്. ഭംഗിവാക്കു പറഞ്ഞ് തിരിച്ചടിയേൽക്കുന്നതിനെക്കാൾ അതിനു മുതിരാതിരിക്കുകയാണുത്തമം. ഒരു സംഭവം ഉദാഹരണമായെടുക്കാം.

ഞാനും, കേരളത്തിൽ നിന്നുള്ള മറ്റൊരാളുംകൂടെ അമേരിക്കയിൽ സായിപ്പും, മദാമ്മയും നൽകിയ അത്താഴവിരുന്നിൽ പങ്കെടുത്തിരുന്നു. കേരളക്കാർ കറിപ്രിയരാണെന്ന ധാരണയിൽ മദാമ്മ കറിപോലെ ഏതോ പാകം ചെയ്തു ഞങ്ങളുടെ മുമ്പിൽ വച്ചിട്ടുണ്ടായിരുന്നു. എന്റെകൂടെ വന്നയാൾ അമേരിക്കയിൽ സ്ഥിരം താമസക്കാരനായിരുന്നതിനാൽ സായിപ്പിനോടും, മദാമ്മയോടും തൊടുന്നതിനും പിടിച്ചതിനുമൊക്കെ നന്ദി പറഞ്ഞുകൊണ്ടിരുന്നു. അതോടൊപ്പം കറിയുടെ ഗുണമേന്മയെക്കുറിച്ച് പ്രകീർത്തിച്ച് മദാമ്മയെ അനുമോദിച്ചു. ഞാൻ അങ്ങനെയൊന്നും പറഞ്ഞില്ലെങ്കിലും തലയാട്ടിക്കൊണ്ടിരുന്നു. രുചികരമായ ഭക്ഷണത്തിന് നന്ദി പറയാൻ മറന്നതുമില്ല.

ഭക്ഷണമേശയിൽ നിന്നും എഴുന്നേറ്റ് ഞങ്ങൾ അല്പസമയംകൂടി ചെലവഴിച്ചശേഷം യാത്ര പറയുവാൻ ഒരുമ്പെട്ടു. അപ്പോൾ അതാ മദാമ്മ ഉച്ചത്തിൽ ക്ഷമാ യാചനത്തോടെ ''ഞാൻ ഇന്ന് ആദ്യമായി വാങ്ങിയ കറിപൗഡർ പൊതി കെട്ടഴിക്കാതെ ഇവിടെ ഇരിക്കുന്നതേയുള്ളൂ". അപ്പോൾ കറിപൗഡർ അല്പംപോലും ഉപയോഗിക്കാതെയാണ് കറിയുണ്ടാക്കി തന്നതെന്ന് മനസ്സിലായി. ഞാൻ ഭംഗിവാക്കൊന്നും അടിച്ചുവിടാഞ്ഞതിൽ ഖേദിക്കാനിടയായില്ല. സമയം അതിക്രമിച്ചിരിക്കുന്നുവെന്ന് പറഞ്ഞ് കൂടെ വന്നയാൾ എന്നെ വിളിച്ചുകൊണ്ട് കാറിനടുത്തേയ്ക്ക് നീങ്ങി. ഭംഗിവാക്കുകളിൽ ആത്മാർത്ഥതയുണ്ടോ എന്നുള്ളത് എപ്പോഴെങ്കിലും വെളിച്ചത്തു വരുമെന്നോർക്കുക.

## നിങ്ങളുടെ പഞ്ചായത്തിനെക്കുറിച്ച് നിങ്ങൾക്ക് എന്തറിയാം?

- നിങ്ങൾ പാർക്കുന്ന പഞ്ചായത്ത്/മുനിസിപ്പാലിറ്റി പരിധിക്കകത്ത് എത്ര പെന്തെക്കോസ്ത് സഭകളുണ്ട്?
- ഏതൊക്കെയാണ് ആ സഭ?
- നിങ്ങളുടെ പഞ്ചായത്തിൽ സ്ഥാപിതമായ ആദ്യപെന്തെക്കോസ്ത് സഭ ഏതാണ്?
- നിങ്ങളുടെ പഞ്ചായത്തിൽ ആദ്യമായി പെന്തെക്കോസ്ത് സന്ദേശവുമായി എത്തിയ വ്യക്തി/സുവിശേഷകൻ ആരാണ്?
- നിങ്ങളുടെ പഞ്ചായത്തിലെ ആദ്യപെന്തെക്കോസ്ത് കുടുംബം ഏതാണ്?
- നിങ്ങളുടെ പഞ്ചായത്തിൽ സമീപ കാലത്തോ-മുമ്പ് എന്നെങ്കിലുമോ സുവിശേഷകർ മർദ്ദിക്കപ്പെടുകയോ പീഡിപ്പിക്കപ്പെടുകയോ ചെയ്തിട്ടുണ്ടോ?
- നിങ്ങളുടെ പഞ്ചായത്തിൽ വിശ്വാസികളായ ആരെങ്കിലും വാർഡ് മെമ്പറായി തിരഞ്ഞെടുക്കപ്പെട്ടിട്ടുണ്ടോ?
- നിങ്ങളുടെ പഞ്ചായത്തിൽ പെന്തെക്കോസ്ത് വിശ്വാസികളാൽ നടത്തപ്പെടുന്ന എന്തെങ്കിലും വ്യവസായ/വ്യാപാര/സേവന വിദ്യാഭ്യാസ സ്ഥാപനങ്ങളുണ്ടോ? ഉണ്ടെങ്കിൽ പേരും വിലാസവും.
- നിങ്ങളുടെ പഞ്ചായത്തിൽ പതിവായി മുടങ്ങാതെ നടക്കുന്ന കൺവൻഷനുണ്ടോ?
- നിങ്ങളുടെ പഞ്ചായത്തിൽ മുൻകാലത്തുണ്ടായിരുന്ന ഏതെങ്കിലും പെന്തെക്കോസ്ത് സഭ നിന്നു പോയിട്ടുണ്ടോ?
- നിങ്ങളുടെ പഞ്ചായത്തിൽ പെന്തെക്കോസ്ത് വിശ്വാസികൾക്ക് സെമിത്തേരിയുണ്ടോ?

2015 ജനുവരിയിൽ പ്രസിദ്ധീകരിക്കുന്ന ഹാലേലൂയ്യാ ഇയർബുക്കിൽ നിങ്ങളുടെ പഞ്ചായത്തിലെ പെന്തെക്കോസ്ത് സഭകളെക്കുറിച്ചും സമൂഹത്തെക്കുറിച്ചും സമഗ്രമായ വിവരങ്ങൾ ഉൾപ്പെടുത്തുവാൻ ആഗ്രഹിക്കുന്നു. മുകളിൽ പറഞ്ഞ വിവരങ്ങൾ നിങ്ങൾക്ക് അറിയാമെങ്കിൽ എഴുതി അയച്ചു തരിക.അല്ലെങ്കിൽ നിങ്ങളുടെ പഞ്ചായത്തിലെ ഇത്തരം വിവരങ്ങൾ കണ്ടെത്തുവാൻ ഞങ്ങളെ സഹായിക്കാമോ?

**ഉടൻതന്നെ ബന്ധപ്പെടുക: 9349500155, 0469-3290355**

**വിവരങ്ങൾ അയക്കേണ്ടുന്ന വിലാസം:**

**Hallelujah, Post Box 1, Tiruvalla-689 101**

## ക്രിസ്ത്യൻ എക്സ്പോ ഒരുക്കങ്ങൾ തുടങ്ങി

**ബാംഗ്ലൂർ:** അന്തർദേശീയ ക്രിസ്ത്യൻ എക്സ്പോ സെപ്തംബർ 2-7 വരെ സെന്റ് തോമസ് ടൗണിലെ ക്യാമ്പസ് ക്രൂസേഡ് സെന്ററിൽ നടക്കും. അന്തർദേശീയ തലത്തിലുള്ള എഴുത്തുകാർ, പ്രസാധകർ, വിതരണക്കാർ, മാസികകൾ, മൾട്ടി മീഡിയ, ടി.വി.ക്രിസ്ത്യൻ ബിസിനസ് മീറ്റിംഗ് എന്നിവയുടെ 400-ലധികം പവലിയനുകൾ പ്രവർത്തിക്കും. ഫലകരമായ സുവിശേഷ പ്രവർത്തനം, സഭാ സ്ഥാപനം, പുസ്തക പ്രസാധനം, ക്രിസ്തീയ ചലച്ചിത്ര നിർമ്മാണം തുടങ്ങി വിവിധ വിഷയങ്ങളിൽ പ്രഗത്ഭരുടെ ക്ലാസുകളും വർക്ഷോപ്പുകളും അടങ്ങുന്ന സെമിനാറുകൾ എന്നിവയെല്ലാം ഈ മഹാമേളയ്ക്ക് മാറ്റുകൂട്ടും. ഇന്ത്യാ ക്യാമ്പസ് ക്രൂസേഡിന്റെയും സത്യം മിനിസ്ട്രീസിന്റെയും സഹകരണത്തിൽ ക്രിസ്ത്യൻ ലിറ്ററേച്ചർ & മീഡിയ അസോസിയേഷൻ ആണ് ഈ അന്തർദേശീയ ക്രിസ്ത്യൻ എക്സ്പോ സംഘടിപ്പിക്കുന്നത്.

▶ 3-ാം പേജ് തുടർച്ച

## തുണിയില്ലാതിരുന്ന കാലം

**രണ്ടാംഘട്ടം: 1829**

രണ്ടാമത്തെ മേൽവസ്ത്ര ലഹള നെയ്യൂർ ജില്ലയിലുള്ള ഇരണിയൽ, കണ്ണന്നൂർ, തൃപ്പരപ്പ്, ആറ്റൂർ, ഒടിയാർ വിള, പിലിപ്പനം എന്നിവിടങ്ങളിലാണ് നടന്നത്. 1828 ഡിസംബർ 23ന് രാവിലെ ആറ്റൂരിലുള്ള നായന്മാർ വലിയ സംഘമായിവന്ന് കണ്ണന്നൂർ പള്ളിയിൽനിന്നും ഏകദേശം ഒരു മൈൽ ദൂരെ ഒരു തുറന്ന സ്ഥലത്ത് നില ഉറപ്പിച്ചു. തോക്കുകൾ, വാളുകൾ, കോടാലികൾ, കുറുവടികൾ, ഗദകൾ തുടങ്ങിയ ആയുധങ്ങളുമായിട്ടാണ് അവർ വന്നത്. ക്രിസ്ത്യാനികളെ പിടികൂടി പത്മനാഭപുരത്തേക്കു കൊണ്ടുപോവുകയായിരുന്നു ഉദ്ദേശ്യം. വരാൻ പോകുന്ന കലാപത്തെപ്പറ്റി കണ്ണന്നൂരിലെ ക്രിസ്ത്യാനികൾക്ക് മുൻകൂട്ടി അറിവ് ലഭിച്ചിരുന്നതിനാൽ വീടുകളിൽനിന്നും അവർ പലായനം ചെയ്തു. ഏതാനും സ്ത്രീകളും കുട്ടികളും മാത്രം ചില വീടുകളിൽ അവശേഷിച്ചു. അവരോടായി നായന്മാരുടെ പരാക്രമം. സ്ത്രീകൾക്ക് അവരിൽനിന്നും ആഭാസകരമായ അശ്ലീലവാക്കുകളുടെ അഭിഷേകം ലഭിച്ചു. ഒരു സ്ത്രീയെ വസ്ത്രം ഉരിഞ്ഞുനഗ്നയാക്കി. മറ്റു സ്ത്രീകളുടെ മാറിടം നഗ്നമാക്കി, മാറ് മറയ്ക്കാനുള്ള അവകാശം നായർ മുതൽ ഉള്ള സവർണ്ണർക്കു മാത്രമാണെന്ന സങ്കല്പത്തിൽ! ക്രിസ്ത്യാനികളുടെ വീടുകൾ കൊള്ളയടിച്ചു. പള്ളി തീയ്‌വച്ചു നശിപ്പിച്ചു. എന്നാൽ അക്രൈസ്തവരായ ചാന്നാന്മാരെ ഉപദ്രവിച്ചില്ല.

അടുത്ത ദിവസം വീണ്ടും അവരുടെ പൈശാചിക പ്രവൃത്തി ആവർത്തിച്ചു. ഇതെല്ലാം നടക്കുമ്പോൾ തഹശീൽദാർ ഒന്നും അറിഞ്ഞില്ല എന്ന ഭാവിച്ചു. ഇതു കൂടാതെ മറ്റനേകം അതിക്രമങ്ങളും അടുത്ത ദിവസങ്ങളിൽ നടന്നു.

യേശു അടിയാൾ എന്ന ചാന്നാർ ക്രിസ്ത്യൻ സ്ത്രീ കളിയിക്കാവിളയിലെ ചന്തയിൽ ചെന്നപ്പോൾ നായന്മാർ അവരെ അടിക്കുകയും മേൽവസ്ത്രം വലിച്ചുകീറുകയും ചെയ്തു. അനേകം ക്രിസ്ത്യൻ ആരാധനാലയങ്ങളും സ്കൂളുകളും അഗ്നിക്കിരയാക്കി. പ്രതിഫലം ഇല്ലാതെ ജോലി ചെയ്യണം എന്ന ആജ്ഞ നിരസിച്ചതിന് ഒരു ചാന്നാനെ ആനയുടെ പിൻകാലിൽ കെട്ടി വലിപ്പിച്ചു. റവമീഡിനെ കയ്യേറ്റം ചെയ്യാൻ ശ്രമം നടന്നു. 1829 ആദ്യം മീഡിനെ വധിക്കും എന്ന വിവരം അദ്ദേഹത്തിനുലഭിച്ചു. അദ്ദേഹംഉദയഗിരിക്കോട്ടയിലുള്ള പട്ടാളക്കാരുടെ സംരക്ഷണം തേടി. രണ്ടാഴ്ച അദ്ദേഹം പട്ടാളത്തിന്റെ സംരക്ഷണയിൽ കഴിഞ്ഞു.

റസിഡണ്ട് കേണൽ മോറിസൺ ദിവാൻ റാവു മുഖേന ഒരന്വേഷണത്തിന് ഉത്തരവ് നൽകി. ദിവാൻ ഒരു സൂക്ഷ്മാന്വേഷണത്തിന് പത്മനാഭപുരം കോടതിയിൽ വന്നു. മേൽവസ്ത്രം പരസ്യമായി കീറുക, മോശമായി പെരുമാറുക, ഉപദ്രവിക്കുക തുടങ്ങിയ പ്രവൃത്തികൾക്കു വിധേയരായ അനേകം സ്ത്രീകളെ ജിഎച്ച്. ആഷ്ടൻ എന്ന മിഷനറി കോടതിയിൽ കൂട്ടിക്കൊണ്ടുവന്നു. എന്നാൽ മാറ് മറച്ചു വന്ന ഈ സ്ത്രീകളെ ശൂദ്രശിപായിമാർ ഗേറ്റുകടത്തി വിട്ടില്ല. അതിനാൽ അവർക്ക് കോടതിയിൽ പ്രവേശിക്കാൻ അരയ്ക്കുമുകളിലുള്ള വസ്ത്രം മാറ്റേണ്ടിവന്നു. കോടതിയിൽ അന്വേഷണപരിശോധനകൾ നടക്കുമ്പോൾ ശൂദ്രരായ ഗ്രാമത്തലവന്മാർ വലിയ ഒച്ചപ്പാടുണ്ടാക്കി. കുറച്ചു പരിശോധനകൾക്കു ശേഷം സമാധാനത്തോടെ കഴിയാൻ എല്ലാവരെയും ദിവാൻ ഉപദേശിച്ചു. പഴക്കം ചെന്ന ആചാരത്തിനുമാറ്റം ഒന്നും വരുത്താതെ മേൽവസ്ത്രത്തിന്റെ ഉപയോഗം സംബന്ധിച്ച് ഒരു പ്രഖ്യാപനം നടത്തുന്നതാണെന്ന് ഉറപ്പുനൽകിക്കൊണ്ട് അന്വേഷണം അവസാനിപ്പിച്ചു.

1829 ഫെബ്രുവരി 29ന് പ്രഖ്യാപനം വന്നു. അത് ക്രിസ്ത്യാനികൾക്ക് ഒട്ടും ആശ്വാസം നൽകുന്നതല്ലായിരുന്നു. ചാന്നാർ ക്രിസ്ത്യൻ സ്ത്രീകൾക്ക് അയഞ്ഞ ജാക്കറ്റ് ധരിക്കാം. എന്നാൽ ക്രിസ്ത്യാനികളാണെങ്കിലും അല്ലെങ്കിലും ചാന്നാർ സ്ത്രീകൾ മേൽമുണ്ട് ധരിക്കുന്നത് പൂർണ്ണമായും നിരോധിച്ചു. പഴക്കം ചെന്ന ജാത്യാചാരങ്ങളെ മാനിക്കാൻ ക്രിസ്ത്യാനികളോട് കല്പിച്ചു. സർക്കാരിന്റെ അനുമതികൂടാതെ ആരാധനാലയങ്ങൾ പുനരുദ്ധരിക്കുകയോ പുതിയതായി ഉണ്ടാക്കുകയോ ചെയ്യരുതെന്നും കല്പനയായി. ജനങ്ങൾ പള്ളികളിൽ കൂട്ടമായി സംബന്ധിച്ചു. പിന്നീട് ഉത്തരവിൽ അയവുവരുത്തുകയും പള്ളികളും സ്കൂളുകളും പുനർനിർമ്മിക്കുകയും ചെയ്തു.

ക്രിസ്തുമതം സ്വീകരിച്ച പാവങ്ങളെ ഉയർന്ന ജാതിക്കാർ ഉപദ്രവിക്കുന്നതിനെതിരെ മിഷണറിമാർ സർക്കാരിന് പരാതിനൽകുമായിരുന്നു. അത് ഉയർന്ന ജാതിക്കാരുടെ പക കൂടുതൽ വർദ്ധിപ്പിച്ചു. ഉദാഹരണമായി, പ്രതിഫലമില്ലാതെ ജോലി ചെയ്യുന്നതിനുള്ള കരാറിൽ ഒപ്പിടാൻ വിസ്സമ്മതിച്ചതിന് തിരുവനന്തപുരം ജില്ലയിൽ ദേവസഹായം എന്ന ആളിനെയും മറ്റ് ആറുപേരെയും പിടികൂടി ജയിലിൽ അടച്ചു. അതുപോലെ, ആറ്റിങ്ങലിൽ ക്രിസ്തുമതം സ്വീകരിച്ച ഈഴവരെ സർക്കാരുദ്യോഗസ്ഥന്മാർ പീഡിപ്പിച്ചു. തോമസ് പോൾ എന്നയാളിനെ വീട്ടിൽക്കയറി കൈയ്യേറ്റം ചെയ്യുകയും ബോധം നശിക്കുംവരെ വലിച്ചിഴച്ച് ജയിലിൽ അടയ്ക്കുകയും ചെയ്തു.

നെയ്യാറ്റിൻകരയിൽ നാടാർ ക്രിസ്ത്യാനികൾ പള്ളിയിൽ ആരാധിക്കുമ്പോൾ ചില സർക്കാരുദ്യോഗസ്ഥന്മാർ പള്ളിയിൽ കയറി പുരുഷന്മാരോട് ഊഴിയം വേല ചെയ്യാൻ അവരോടൊപ്പം ചെല്ലണം എന്നാജ്ഞാപിച്ചു. ആരാധന അലങ്കോലപ്പെടുത്തി. ഞായറാഴ്ചകളിൽ നിർബ്ബന്ധിത ജോലി ചെയ്യുവാൻ ഇവർ മുമ്പ് വിസ്സമ്മതിച്ചതിന്റെ പ്രതികാരമായിരുന്നു ആരാധന അലങ്കോലപ്പെടുത്തൽ. സഭാ പ്രവർത്തകനായിരുന്ന അരുളാനന്ദത്തെയും (മോശവത്സലം ശാസ്ത്രിയാരുടെ പിതാവ്) അവർ ഉപദ്രവിച്ചു. അദ്ദേഹത്തെ അടിക്കുകയും മീശ പിഴുതെടുക്കുകയും ചെയ്തു. അദ്ദേഹം ഗുരുതരമായ രോഗത്തിനടിമയായി.

1840 മുതൽ 1860 വരെ തിരുവിതാംകൂർ റസിഡണ്ടായിരുന്ന ജനറൽ കല്ലന്റെ നിലപാടും മിഷണറിമാർക്ക് അനുകൂലമല്ലായിരുന്നു. ഒരു തികഞ്ഞ ബ്യൂറോക്രാറ്റായിരുന്ന അദ്ദേഹം മിഷണറിമാരുടെ വിദ്യാഭ്യാസ, അടിമോദ്ധാരണ പ്രവർത്തനങ്ങളോട് താത്പര്യം കാണിച്ചിരുന്നില്ല. ഒരു സവർണ്ണ ഹിന്ദു യാഥാസ്ഥിതികന്റെ മനോഭാവമായിരുന്നു അദ്ദേഹത്തിന്റേത്. അക്കാലത്ത് മിഷണറിമാരുടെ പ്രവർത്തനങ്ങളോട് അനുഭാവം കാണിച്ചിരുന്നത് സ്വാതി തിരുനാൾ, ഉത്രം തിരുനാൾ എന്നീ മഹാരാജാക്കന്മാരായിരുന്നു.

## മേൽമുണ്ടുവഴക്കിനെപ്പറ്റി സി. കേശവൻ



"**മേ**ൽമുണ്ടുവഴക്ക് എന്തു ഭയങ്കരം ആയിരുന്നെന്നോ! ശീലവഴക്ക്, മുലമാറാപ്പുവഴക്ക്, ചാന്നാർ ലഹള എന്നിങ്ങനെ പല പേരുകളിലും ഈ സ്വാതന്ത്ര്യസമരം അറിയപ്പെടുന്നുണ്ട്. തെക്ക് ചാന്നാന്മാരുടെ (നാടാർ) ഇടയിലാണ് ഈ വഴക്ക് ആരംഭിച്ചത്. വടക്ക് ഏതാണ്ട് കൊല്ലം വരെ ഈ ലഹള എത്തി. മിഷണറിസായിപ്പന്മാരുടെ ശക്തിയായ പിന്തുണ, ആരുടെയും തുണയില്ലാതിരുന്ന പാവപ്പെട്ട സമുദായങ്ങൾക്കുകിട്ടി. മതം മാറിയ ചാന്നാട്ടികളുടെ വേഷം മിഷണറിമാർ പരിഷ്ക്കരിച്ചു; നായർ സ്ത്രീകളെപ്പോലെ മേൽ മുണ്ടും മാറുമറപ്പുമായി. അത് നായന്മാർക്കു രസിച്ചില്ല. അടിയായി, ലഹളയായി, സ്ത്രീകളുടെ തുണിയുരിയലായി. ഗവൺമെന്റ് കീഴ്നടപ്പിന്റെ പേരിൽ മേൽ ജാതികളുടെ വശം ചേർന്ന് ഏഴജാതികളുടെ മേൽമുണ്ട് അഴിപ്പിക്കാൻ കൂട്ടുനിന്നു. മാധവരായർ ദിവാന്റെ കല്പനകൾ പുറപ്പെട്ടു; മുലമറച്ചുനടക്കാൻ അവകാശമുള്ള പെണ്ണുങ്ങളെ മറ്റുള്ള പെണ്ണുകൾ അനുകരിക്കരുതെന്ന്; അത് ചട്ടവിരോധമാണെന്ന്; ശിക്ഷിക്കുമെന്ന്; ലഹളകൾ അമർത്തുമെന്ന്; ന്യായം നടത്തുമെന്ന്. പക്ഷെ 'നിയമലംഘനം' പിന്നെയും നടന്നു. മിഷണറിമാർ വിട്ടില്ല."

"അന്ന് തിരുവിതാംകൂർ മദ്രാസ് ഗവൺമെന്റിന്റെ കീഴിലായിരുന്നു. മിഷണറിമാർ ഈ കീഴ്നടപ്പിന്റെ കാട്ടാളത്തത്തെപ്പറ്റിയും തിരുവിതാംകൂർ ഗവൺമെന്റിന്റെ പക്ഷപാതബുദ്ധിയെപ്പറ്റിയും മദ്രാസ് ഗവർണറുടെയും വൈസ്രോയിയുടെയും അടുക്കൽ നിവേദനം നടത്തി. ബ്രിട്ടീഷ് ഗവൺമെന്റിന്റെ കർശനമായ സമാധാനം ചോദിപ്പുണ്ടായി. രായരുടെ സാധൂകരണം വായിക്കേണ്ട ഒരു രേഖയാണ്. അതിന് മദ്രാസ് ഗവർണർ സർ ചാൾസ് ട്രെവല്യൻ രോഷാകുലനായി അയച്ച മറുപടിയും വായിക്കേണ്ടതാണ്. ബ്രിട്ടീഷ് സാമ്രാജ്യം ഭരിക്കുന്നത് ഒരു സ്ത്രീയാണെന്നും അവർ അവരുടെ സഹോദരിയുടെ സ്ത്രീത്വത്തെ അവഹേളിക്കുന്നത് ആരായാലും അത് ക്ഷമിക്കയില്ലെന്നും തിരുവിതാംകൂർ രാജാവവർകൾ ഓർമ്മിക്കണമെന്നായിരുന്നു അതിന്റെ ചുരുക്കം. വേണ്ടി വന്നാൽ ബയണറ്റുമുനകൊണ്ടുതന്നെ ഈ പരിഷ്ക്കാരം നടപ്പിൽ വരുത്തുമെന്നു ഭീഷണിപ്പെടുത്തുകയും ചെയ്തു. രാജാവും കുഴഞ്ഞു, മന്ത്രിയും കുഴഞ്ഞു. ഏതുവേഷവും ആർക്കും ധരിക്കാമെന്ന് രാജകല്പനയുണ്ടായി. ലഹളയുമൊടുങ്ങി. ഈ സ്വാതന്ത്ര്യലബ്ധിയിൽ ആഹ്ളാദിച്ച് എന്റെ ഒരു മാതാമഹി നിരവധി ഈഴവപെണ്ണുങ്ങൾക്ക് മുലമറയ്ക്കാൻ ഒട്ടേറെ നേര്യതുകൾ സൗജന്യമായി നല്കുകയുണ്ടായി."

പിൻതലമുറകൾക്ക് കൗതുകവും അത്ഭുതവും ജനിപ്പിക്കുന്ന അന്നത്തെ മാറുമറയ്ക്കലിനെപ്പറ്റി ധാരാളം വിവരണങ്ങളുണ്ട്. സാഹിത്യകാരനും രാഷ്ട്രീയ പ്രവർത്തകനുമായിരുന്ന ശ്രീ.എം.കെ. കുമാരന്റെ ഏതാനും വരികൾ കൂടി ഉദ്ധരിച്ചുകൊണ്ട് ഈ വിഷയം അവസാനിപ്പിക്കാം.

".....'ചാന്നാർ ലഹള' എന്നാണ് ആ സംഭവം അറിയപ്പെടുന്നത്. കന്യാകുമാരി ജില്ലയിൽ ആരംഭിച്ച് കളിയിക്കാവിളയിൽ ജ്വലിച്ച് വടക്കോട്ടു വ്യാപിച്ചു.... നാടാർ സമുദായക്കാർ കുടിയാന്മാരായിരുന്നു. പൗരാവകാശങ്ങൾ പോലും നിഷേധിക്കപ്പെട്ടിരുന്ന അവർ ദാരിദ്ര്യത്തിലും അജ്ഞതയിലും അന്ധവിശ്വാസത്തിലും ആണ്ടുകിടന്നു. അവർ ഈ കഷ്ടപാടുകൾ സഹിച്ചു പൊറുതിമുട്ടിക്കഴിയുമ്പോൾ പാശ്ചാത്യരാജ്യങ്ങളിൽ നിന്നും വന്ന ക്രൈസ്തവ മിഷണറിമാർ മോചനത്തിനുള്ള ഒരു മാർഗ്ഗം പാവപ്പെട്ട നാടാന്മാരുടെ മുന്നിൽ തുറന്നുകാണിച്ചു. മിഷണറിമാർ തെക്കൻ തിരുവിതാംകൂറിൽ പല സ്ഥലങ്ങളിലും വിദ്യാലയങ്ങൾ സ്ഥാപിച്ചു നാടാന്മാർക്ക് വിദ്യാഭ്യാസം നൽകി. ആതുരശുശ്രൂഷാരംഗത്തും ക്രൈസ്തവമിഷണറിമാർ മഹത്തായ സേവനം അനുഷ്ഠിച്ചു. മിഷണറിമാരുടെ പ്രവർത്തനഫലമായി നാടാന്മാർക്കിടയിൽ അവകാശബോധവും ആത്മാഭിമാനവും വളർന്നു.

"അക്കാലത്ത് മാറ് മറയ്ക്കാനുള്ള അവകാശം നാടാർ സ്ത്രീകൾക്ക് ഇല്ലായിരുന്നു. ക്രിസ്തുമതം സ്വീകരിച്ച നാടാർ സ്ത്രീകൾ മറ്റു ക്രിസ്ത്യാനികളെപ്പോലെ കുപ്പായമിട്ടുകൊണ്ട് പൊതുസ്ഥലങ്ങളിൽ പ്രത്യക്ഷപ്പെടാൻ തുടങ്ങി. ഈ ധിക്കാരം സഹിക്കാൻ സവർണ്ണഹിന്ദുക്കൾക്കുകഴിഞ്ഞില്ല. അവർ നാടാർ സ്ത്രീകളെ ആക്രമിക്കുകയും അവരുടെ കുപ്പായം വലിച്ചുകീറിക്കളയുകയും ചെയ്തു. പല സ്ഥലങ്ങളിലും ലഹളകൾ പൊട്ടിപ്പുറപ്പെട്ടു. സ്ഥിതിഗതികൾ നിയന്ത്രണാതീതമായപ്പോൾ മദിരാശിയിലെ ബ്രിട്ടീഷ് ഭരണകൂടം ഇടപെട്ടു. മിഷണറിമാരുടെ സഹായം നാടാന്മാർക്ക് അനുഗ്രഹമായിത്തീർന്നു. നാടാർ സ്ത്രീകൾക്ക് മാറുമറയ്ക്കാനുള്ള അവകാശം പരിരക്ഷിക്കാൻ തിരുവിതാംകൂർ സർക്കാർ നിർബ്ബന്ധിതരായി."

ഇങ്ങനെ, താഴ്ന്ന ജാതിക്കാർക്ക് നിഷേധിച്ചിരുന്ന പല അവകാശങ്ങളും ഓരോന്നായി അവർക്ക് ലഭിച്ചുതുടങ്ങി. വീട് ഓടുമേയാനുള്ള അവകാശം, സ്വർണ്ണാഭരണങ്ങൾ അണിയുവാനുള്ള അവകാശം, ചെരുപ്പിടാനുള്ള അവകാശം, എന്നിങ്ങനെ ഓരോന്നും ചോഗർക്കും പുലയർക്കും ലഭിച്ചത് തുടർച്ചയായ നിവേദനങ്ങളുടെ ഫലമായിട്ടാണ്.

## ഇതാ ദൈവസ്തുതിയുടെ സന്ദേശം

▶ 5-ാം പേജ് തുടർച്ച

ക്കുന്നത്. ഉദാഹരണമായി, ഒന്നാം സങ്കീർത്തനം വ്യാഖ്യാനിക്കുമ്പോൾ അതിന്റെ ചരിത്രപശ്ചാത്തലവും സന്ദർഭവും ഗ്രന്ഥകാരൻ വിവരിക്കുന്നു. ഈ സങ്കീർത്തനത്തെ ഒരു തോറാ സങ്കീർത്തനമായി വിശേഷിപ്പിക്കുന്നു. തുടർന്നു ഇതിന്റെ ഉള്ളടക്കത്തെപ്പറ്റിയുള്ള വ്യാഖ്യാനമുണ്ട്. തന്റെ ബഹുഭാഷാപാണ്ഡിത്യം പ്രകടമാക്കുന്ന തരത്തിൽ വാക്കുകളും വാചകങ്ങളും എടുത്തു വിശദീകരിക്കാൻ ഗ്രന്ഥകാരൻ തയ്യാറാകുന്നു. പാഠത്തിലെ പദങ്ങളുടെ വേദശാസ്ത്രപരമായ വിലയിരുത്തലും മറ്റൊരു പ്രത്യേകതയാണ്. വേദപുസ്തകത്തിലെ ഇതരഗ്രന്ഥങ്ങളിൽ നിന്നും സമാനമായ ആശയങ്ങളും സങ്കീർത്തനവ്യാഖ്യാനത്തിൽ കോർത്തിണക്കുന്നു. ഗ്രന്ഥകാരന്റെ ബഹുഭാഷാപാണ്ഡിത്യം മിക്കപ്പോഴും പദങ്ങളുടെ വ്യാഖ്യാനത്തിൽ പ്രകടമാകുന്നുണ്ട്. ഏറ്റവും ഒടുവിൽ സങ്കീർത്തനത്തിന്റെ ലക്ഷ്യവും അതു അവതരിപ്പിക്കുന്ന സന്ദേശവും ഗ്രന്ഥകാരൻ വിശദീകരിക്കുന്നു. ഈയൊരു മട്ടിലാണ് എല്ലാ സങ്കീർത്തനങ്ങളെയും ഗ്രന്ഥകാരൻ വ്യാഖ്യാനിക്കുന്നത്.

ഈ ചടങ്ങിൽ എന്നെ ആകർഷിച്ച ഒരു പരിപാടി കെവിന്റെയും വിജെ. ട്രാവന്റെയും ആലാപനങ്ങളാണ്. പോൾസൺ പുലിക്കോട്ടിലിന്റെ ഗ്രന്ഥപ്രകാശനത്തിന് ഇത്തരമൊരു ആലാപനത്തിനു പ്രസക്തിയുണ്ട്. വി.ജെ. ട്രാവന്റെ ആലാപനങ്ങൾ എപ്പോഴും ദൈവസ്തുതിയാണ്. സങ്കീർത്തനങ്ങളിലെ ഓരോ കീർത്തനവും അതുപോലെ ദൈവസ്തുതിയിലാണ് അവസാനിക്കുന്നത്. ഇക്കാര്യം പോൾസൺ പുലിക്കോട്ടിൽ എടുത്തു പറയുന്നുണ്ട്. ഉദാഹരണമായി 150-ാം സങ്കീർത്തനത്തിൽ, ദൈവത്തെ സ്തുതിക്കുക എന്നല്ലാതെ വേറൊരു ചിന്തയും കാണുന്നില്ലെന്ന് അദ്ദേഹം സൂചിപ്പിക്കുന്നു. ദൈവത്തെ സ്തുതിക്കുമ്പോൾ ലോകസൃഷ്ടിയെപ്പറ്റിയും മറ്റും ഓർക്കണമെന്നാണ് ഈ സങ്കീർത്തനത്തിൽ പറയുന്നത്. ഇപ്രകാരം ഓരോ സങ്കീർത്തനവും ചില സാമൂഹ്യപരിപ്രേക്ഷ്യങ്ങൾ അവതരിപ്പിക്കുന്നു. ആരാണ് യഹോവയെ സ്തുതിക്കേണ്ടത്? ജീവനുള്ളതൊക്കെയും യഹോവയെ സ്തുതിക്കട്ടെ എന്നാണ് സങ്കീർത്തനക്കാരൻ പറയുന്നത്. യഹോവയെ സ്തുതിക്കാൻ എല്ലാവരും ബാദ്ധ്യസ്ഥരാണ് എന്ന സന്ദേശമാണ് സങ്കീർത്തനവ്യാഖ്യാനത്തിലൂടെ പോൾസൺ പുലിക്കോട്ടിലും നമുക്കുതരുന്ന സന്ദേശം.

*(പോൾസൺ പുലിക്കോട്ടിൽ എഴുതിയ 'സങ്കീർത്തനങ്ങൾ ഒരു വ്യാഖ്യാനം' എന്ന പുസ്തകം എറണാകുളം വൈ.എം.സി.എയിൽ നടന്ന ചടങ്ങിൽ പ്രകാശിപ്പിച്ചുകൊണ്ട് നടത്തിയ പ്രസംഗം)*

# ചിറകില്ലാത്ത പക്ഷികൾ....!



എ.ഐ. ജോർജ്ജുകുട്ടി




**ദൈവം നമുക്ക് സഹായത്തിനായി ഒരുക്കിവച്ച ചിറകുകൾ ഒരു പക്ഷേ ഉറ്റ മിത്രങ്ങളും സഹോദരങ്ങളും മാതാപിതാക്കളും ജീവിതപങ്കാളിയുമൊക്കെയാകും. എന്നാൽ ദുഃഖകരമെന്നുപറയട്ടെ, കണ്ണുള്ളപ്പോൾ കണ്ണിന്റെ പ്രാധാന്യം നാം അറിയാറില്ല എന്ന ചൊല്ലുപോലെ, ജീവിച്ചിരിക്കുമ്പോൾ ആ ചിറകുകളെ നാം വേണ്ടുംവണ്ണം പ്രാധാന്യം കല്പിക്കുകയോ അർഹിക്കുന്ന പരിഗണന നല്കുകയോ ചെയ്യാറില്ല. പല ചിറകുകളും നമുക്ക് തടസ്സങ്ങളാണെന്ന തെറ്റിദ്ധാരണയിൽ നാം അരിഞ്ഞുവീഴ്ത്തിയെന്നും വരാം.**

വർഷങ്ങൾക്കുമുമ്പ് അയൽവാസിയായ ഒരു സുഹൃത്ത് തന്റെ വീട്ടിൽ വളർത്തുന്ന കോഴിയെ ഓടിച്ചുപിടിക്കാൻ അതിന്റെ പിന്നാലെ പായുന്നതിനിടയിൽ പെട്ടെന്ന് നെഞ്ചുവേദന അനുഭവപ്പെട്ടു... ആശുപത്രിയിലെത്തിച്ചെങ്കിലും, ഭാര്യയെയും പറക്കമുറ്റാത്ത കുഞ്ഞുങ്ങളെയും തനിച്ചാക്കി അദ്ദേഹം പറന്നകന്നു...

തുടർച്ചയായി പുകവലിക്കുന്നതും മദ്യപിക്കുന്നതും അദ്ദേഹത്തിന്റെ ദുശ്ശീലമായിരുന്നു. ഏറെ വർഷങ്ങൾക്ക്മുമ്പ് അദ്ദേഹത്തിന്റെ പിതാവും ഹൃദയാഘാതം മൂലമായിരുന്നു മരിച്ചത്. പാരമ്പര്യരോഗങ്ങളും ദുശ്ശീലങ്ങളും തന്നെ വേട്ടയാടുന്നത് ഗൗനിക്കാതെ ജീവിതം ആഘോഷിക്കുന്നതിനിടയിൽ വന്ന നെഞ്ചുവേദന പക്ഷേ ആ ഓട്ടം അവസാനിക്കുവാൻ കാരണമായി.

ചിറകുകളുള്ള ജീവികളാണല്ലോ പക്ഷികൾ. ശത്രുവിൽനിന്ന് രക്ഷപ്പെടാനും താല്ര്യമില്ലാത്ത സാഹചര്യങ്ങളിൽനിന്ന് അകലുവാനും അന്തരീക്ഷത്തിലേക്ക് ഉയർന്ന് പൊങ്ങുവാനും വായുവിനെ പിന്നിലാക്കി ഉദ്ദേശിക്കുന്ന ലക്ഷ്യത്തിലേക്ക് യാത്രചെയ്യാനും ചിറകുകൾ സഹായിക്കുന്നു. കൂടുകെട്ടി മുട്ടയിട്ട് അവയുടെ മീതെ ചിറകുവിരിച്ച് പൊരുന്നയിരിക്കുന്നതിനും, കുഞ്ഞുങ്ങൾക്ക് ചൂടും സുരക്ഷിതത്വവും നല്കുന്നതിനും ചിറകുകൾ പ്രധാനപങ്ക് വഹിക്കുന്നു. അതിശൈത്യം നിറഞ്ഞ അന്റാർട്ടിക്കൻ പ്രദേശങ്ങളിൽ കഴിയുന്ന പെൻഗ്വിനുകൾക്ക് ചിറകുപയോഗിച്ച് പറന്നുയരാൻ പ്രാപ്തിയില്ല. ഒട്ടകപ്പക്ഷി പോലുള്ളവ ഊഷരഭൂമിയിൽ കഴിയുന്നു. അവയും ചിറകുപയോഗിച്ച് പറന്നുയരുന്നില്ലെങ്കിലും സാഹചര്യങ്ങൾക്കനുയോജ്യമായ വിധമാണ് അവയുടെയും ശരീരഘടന. ദൈവം ഓരോ ജീവജാലങ്ങൾക്കും നല്കിയിട്ടുള്ള കഴിവുകൾ വിസ്മയകരമായവയാണ്. മരുപ്രദേശങ്ങളിൽ ജീവിക്കുന്ന ജന്തുക്കൾക്ക് അത്യുഷ്ണത്തെ അതിജീവിക്കാനാവശ്യമായ ശരീരഘടനയാണ് നല്കിയിരിക്കുന്നത്.

പ്രതികൂലം നിറഞ്ഞ ജീവിതഘട്ടങ്ങളിൽ മരുഭൂമിയിലൂടെ ഓടിയലയുന്ന ദാവീദ് പ്രാവിനുള്ളപോലെ എനിക്ക് ചിറകുകൾ ഉണ്ടായിരുന്നെങ്കിൽ എന്ന് ആശിച്ചുപോയതായി സങ്കീർത്തനങ്ങളിൽ രേഖപ്പെടുത്തിയിട്ടുണ്ട്. വെളിപ്പാടുപുസ്തകത്തിൽ സൂര്യനെ അണിഞ്ഞ സ്ത്രീയെപ്പറ്റി ദർശനത്തിൽ കാണുന്ന യോഹന്നാൻ പറയുന്നത് മഹാ സർപ്പത്തിന്റെ ഉപദ്രവത്തിൽനിന്ന് രക്ഷപെട്ട് മരുഭൂമിയിലേക്ക് പറന്നുപോകുവാൻ സ്ത്രീക്ക് കഴുകന്റേതുപോലത്തെ രണ്ട് വലിയ ചിറക് ലഭിച്ചു എന്നാണ്.

പാരമ്പര്യത്തിന്റെയും ദുശ്ശീലങ്ങളുടെയും പിശാചിന്റെ ബന്ധനങ്ങളിൽനിന്നും ആക്രമണങ്ങളിൽനിന്നും രക്ഷപ്പെട്ട്, സ്വതന്ത്രവും സ്വസ്ഥവുമായ ഒരു ജീവിതം നയിക്കാൻ കാംക്ഷിക്കുന്നവർക്ക് പ്രത്യാശ നല്കുന്ന വചനമാണ് യെശയ്യാവ് 40:30,31. യഹോവയെ കാത്തിരിക്കുന്നവർ ശക്തിയെ പുതുക്കും, അവർ കഴുകന്മാരെപ്പോലെ ചിറകടിച്ചുകയറും....അത്യുന്നതന്റെ മറവിൽ വസിക്കുന്നവനെപ്പറ്റി സങ്കീർത്തനം 91-ൽ പറയുന്നത് തന്റെ തൂവലുകൾകൊണ്ട് അവൻ നിന്നെ മറയ്ക്കും, അവന്റെ ചിറകിൻ നിഴലിൽ നീ ഘോഷിച്ചാനന്ദിക്കും എന്നത്രേ. നമുക്ക് സർവ്വശക്തന്റെ ചിറകിൻ നിഴലിൽ എക്കാലവും സുരക്ഷിതത്വം ഉണ്ട്.

നമ്മുടെ ജീവിതസാഹചര്യങ്ങളിൽ നമുക്ക് നേരിടേണ്ടിവരുന്ന വെല്ലുവിളികളെ തരണംചെയ്യാൻ ആവശ്യമായ ഘടകങ്ങൾ ദൈവം നമുക്കായി ഒരുക്കിവച്ചിട്ടുണ്ട്. അകാലത്തിൽ നഷ്ടപ്പെട്ട ജീവിതപങ്കാളിയെപ്പറ്റി എന്റെ ഒരു ചിറക് പറിഞ്ഞുപോയി എന്ന് വിലപിക്കുന്നവരെ നമുക്ക് പരിചയമുണ്ടാവും.

അതെ, മനുഷ്യന് അക്ഷരീക ചിറക് ഇല്ല, പക്ഷേ, ദൈവം നമുക്ക് സഹായത്തിനായി ഒരുക്കിവച്ച ചിറകുകൾ ഒരു പക്ഷേ ഉറ്റ മിത്രങ്ങളും സഹോദരങ്ങളും മാതാപിതാക്കളും ജീവിതപങ്കാളിയുമൊക്കെയാകും. എന്നാൽ ദുഃഖകരമെന്നു പറയട്ടെ, കണ്ണുള്ളപ്പോൾ കണ്ണിന്റെ പ്രാധാന്യം നാം അറിയാറില്ല എന്ന ചൊല്ലുപോലെ, ജീവിച്ചിരിക്കുമ്പോൾ ആ ചിറകുകളെ നാം വേണ്ടുംവണ്ണം പ്രാധാന്യം കല്പിക്കുകയോ അർഹിക്കുന്ന പരിഗണന നല്കുകയോ ചെയ്യാറില്ല. പല ചിറകുകളും നമുക്ക് തടസ്സങ്ങളാണെന്ന തെറ്റിദ്ധാരണയിൽ നാം അരിഞ്ഞുവീഴ്ത്തിയെന്നും വരാം. ചെറിയ തെറ്റുകുറ്റങ്ങളുടെ പേരിൽ ജീവിതപങ്കാളിയോട് ക്ഷമിക്കാൻ കഴിയാതെ അസഹിഷ്ണുക്കളായി ദാമ്പത്യബന്ധം വേർപിരിയുന്നവർ പലപ്പോഴും ആ വ്യക്തിതന്നെ മുമ്പ് ജീവിതത്തിൽ ഒരു ചിറകുപോലെ സഹായമായി നിലകൊണ്ട സന്ദർഭങ്ങൾ മറന്നുപോകുന്നു. യൗവ്വനത്തിന്റെ രക്തത്തിളപ്പിൽ അരിഞ്ഞുവീഴ്ത്തിയ ചിറകുകളുടെ നടുക്കുന്ന ഓർമ്മകളും പേറി ചിറകുകളില്ലാത്ത പക്ഷികളെപ്പോലെ അവർ വാർദ്ധക്യത്തിൽ ഞരങ്ങി കഴിയുന്നു.

# നഗ്നത മറയ്ക്കാൻ വേണ്ടി സമരം

▶ 4-ാം പേജ് തുടർച്ച

ക്കും പൊതുസ്ഥലത്തേക്കും സഞ്ചരിക്കുന്ന റോഡുകൾ അടച്ചു. ചുറ്റുപാടും ഭീകരാവസ്ഥ പരന്നു. സർക്കാരിന്റെ താഴ്ന്ന ഉദ്യോഗസ്ഥന്മാർക്കുപോലും ക്രിസ്ത്യാനികൾക്കെതിരെ കൂസലില്ലാതെ പ്രവർത്തിച്ചു.

ലഹള അമർച്ച ചെയ്യാനും അന്വേഷണം നടത്തി സമാധാനാന്തരീക്ഷം പുനഃസ്ഥാപിക്കാനും ദിവാൻ മാധവറാവു ഡപ്യൂട്ടി ദിവാൻ പേഷ്കാർ ശങ്കുണ്ണിമേനോനെ നിയോഗിച്ചു. അദ്ദേഹത്തിന് ഒന്നും ചെയ്യാൻ കഴിഞ്ഞില്ല. ദിവാൻ തന്നെ തെക്കൻ ജില്ലകളിലേക്കുപോയി ഒരു പ്രഖ്യാപനം നടത്തി: “നിയമാനുസൃതമല്ലാതെ പുരാതന ആചാരങ്ങളും മാമൂലുകളും ലംഘിക്കുന്നത് വ്യക്തമായും തെറ്റാണ്. ചാന്നാന്മാർ ഇത് അനുസരിക്കുകയും പ്രവർത്തിക്കുകയും വേണം. ആരെങ്കിലും ഉപദ്രവം ഉണ്ടാക്കിയാൽ അവരെ കർശനമായി ശിക്ഷിക്കുന്നതാണ്. ശൂദ്രന്മാർക്കും ഉയർന്ന ജാതിക്കാരും ചാന്നാന്മാർക്കെതിരെ യാതൊന്നും പ്രവർത്തിക്കരുത്; സമാധാനം നശിപ്പിക്കയുമരുത്.

എന്നാൽ ക്രിസ്ത്യാനികളെ ഉപദ്രവിക്കുന്നതും ബുദ്ധിമുട്ടിക്കുന്നതും തുടർന്നുകൊണ്ടിരുന്നു. പുരുഷന്മാരെയും സ്ത്രീകളെയും തല്ലി, വസ്ത്രം വലിച്ചുകീറി. സഭാപ്രവർത്തകർ, സ്കൂൾ മാസ്റ്റർമാർ എന്നിവരെ കയ്യേറ്റം ചെയ്തു. വീടുകൾ കൊള്ളയടിക്കുകയും തീ വയ്ക്കുകയും ചെയ്തു. ഞായറാഴ്ച ആരാധന അസാദ്ധ്യമായി.

1859 ഫെബ്രുവരി 7ന് എൽ.എം.എസ്. മിഷനറിമാർ പാവപ്പെട്ട ജനങ്ങൾക്കുവേണ്ടി ഒരു പരാതി മഹാരാജാവിന് സമർപ്പിച്ചു. എത്രയും പെട്ടെന്ന് അക്രമങ്ങൾ അമർച്ച ചെയ്യണം എന്നും പ്രജകളായ തങ്ങളെ സംരക്ഷിക്കണം എന്നും അപേക്ഷിച്ചു. മാർച്ച് 12 വരെ മറുപടിയൊന്നും ലഭിച്ചില്ല. പരാതിക്ക് ഒരിടത്തുനിന്നും പരിഹാരവും ഉണ്ടായില്ല. ഈ സമയം, ബ്രിട്ടീഷ് സർക്കാർ ക്രിസ്ത്യാനികളോടുള്ള അനീതി മനസ്സിലാക്കി. 1859 മാർച്ച് 28ന് മദ്രാസ് ചീഫ് സെക്രട്ടറി തിരുവിതാംകൂർ റസിഡണ്ടിൽ നിന്നും ഒരുവിശദീകരണം ആവശ്യപ്പെട്ടു. മറുപടി തൃപ്തികരമല്ലാഞ്ഞതിനാൽ ഇൻഡ്യയുടെ സ്റ്റേറ്റ് സെക്രട്ടറിക്കും പരമോന്നത ഗവൺമെന്റിനും എല്ലാകാര്യങ്ങളും മദ്രാസ് ചീഫ് സെക്രട്ടറി എഴുതി അറിയിച്ചു. ഇൻഡ്യൻ സ്റ്റേറ്റ് സെക്രട്ടറി ലോർഡ് സ്റ്റാൻലി, മദ്രാസ് ഗവർണർ ചാൾസ് ട്രെല്യനോട് ഉചിതമായ അന്വേഷണം നടത്താൻ ഉത്തരവ് നൽകി. മദ്രാസ് ഗവർണറും കൗൺസിൽ അംഗങ്ങളും സമഗ്രമായ അന്വേഷണം നടത്തി, നിസ്സഹായരും പാവപ്പെട്ടവരുമായ നാടാർ സ്ത്രീകൾ അനുഭവിക്കുന്ന യാതനകളെപ്പറ്റി മനസ്സിലാക്കി. അതുകൊണ്ട് ഈ പ്രശ്നത്തിൽ ഇടപെടേണ്ടത് അത്യാവശ്യമാണെന്ന് നിശ്ചയിച്ചുകെണ്ട് ചാൾസ് ട്രെവല്യൻ തിരുവിതാംകൂർ റസിഡന്റ് ജനറൽ കല്ലന് ഒരു കത്തയച്ചു.

“ഇപ്രകാരം ഒരു പ്രശ്നം വളരെ വിരളമായേ ഞാൻ അഭിമുഖീകരിച്ചിട്ടുള്ളു. അതിൽ സത്യവും നീതിയും മാത്രമല്ല മനുഷ്യത്വത്തെക്കുറിച്ചുള്ള നമ്മുടെ പൊതുവായ എല്ലാ വികാരങ്ങളും ഒരു വശത്തുണ്ട്. ഇത്തരം സന്ദർഭങ്ങളിൽ ശക്തമായ നടപടി സ്വീകരിച്ചില്ലെങ്കിൽ പരിഷ്കൃത ലോകം മുഴുവനും നമ്മെപ്പറ്റി ലജ്ജിച്ചുകരയും....

“ഇക്കാര്യങ്ങൾ രാജാവിനെ ബോധ്യപ്പെടുത്തേണ്ടത് നിങ്ങളുടെ കടമയാണ്. 1814ലെ വിജ്ഞാപനത്തിലെ നിരോധനങ്ങളും 1829 ഫെബ്രുവരിയിലെ പ്രഖ്യാപനവും ഈ കാലത്തിന് (1859) യോജിച്ചതല്ലെന്നും അത് പ്രബുദ്ധനായ ഒരു രാജാവിനു ചേരുന്നതല്ലെന്നും ധരിപ്പിക്കണം.”

ചാന്നാർ സ്ത്രീകളുടെ മേൽവസ്ത്രത്തിന്റെ കാര്യത്തിൽ നിലവിലിരിക്കുന്ന നിയമങ്ങൾക്കു മാറ്റം വരുത്തുന്നതിന് തിരുവിതാംകൂർ രാജഭരണത്തിൽ സമ്മർദ്ദം ചെലുത്താൻ റസിഡണ്ട് കല്ലനോട് അദ്ദേഹം നിർദ്ദേശിച്ചു.

“ചാന്നാർ സ്ത്രീകൾക്ക് മേൽ വസ്ത്രം ധരിക്കാൻ അനുവാദം നൽകുകതന്നെവേണം, ഈ പരിഷ്കാരം പ്രയോഗത്തിൽ വരുത്താൻ ബയണറ്റ് (cold steel) ആവശ്യമായി വന്നാൽപോലും.

1859 മെയ് 17ന് ദിവാൻ മാധവറാവു റസിഡണ്ട് കല്ലൻ മുഖേന മദ്രാസ് ഗവർണർക്ക് എഴുതി: “1829ൽ പുറപ്പെടുവിച്ച പ്രഖ്യാപനം കാര്യമായി പരിഷ്കരിക്കുന്നതിന് വഴികൾ ഉണ്ടെന്ന് മഹാരാജാവ് തിരുമനസ്സിന് ബോദ്ധ്യമായിട്ടുണ്ട്. ചാന്നാർ സ്ത്രീകളുടെ മാറ് മറയ്ക്കുന്നതിനുള്ള നിരോധനം എടുത്തകളയുന്ന കാര്യം തിരുമനസ് ഇപ്പോൾ പരിഗണിച്ചിട്ടുണ്ട്. ഉയർന്ന ജാതിക്കാരുടെ വേഷം അതേപടി അനുകരിക്കരുത് എന്ന ചെറിയ നിബന്ധനയോടുകൂടി, ചാന്നാർ സ്ത്രീകളുടെ അന്തസ്സ് പാലിക്കുവാനുള്ള അവരുടെ ആവശ്യം പൂർത്തീകരിക്കുവാൻ പൂർണ്ണ സ്വാതന്ത്ര്യം നൽകുന്നതാണ്.”

ഇതിനുള്ള മറുപടി മദ്രാസ് ഗവർണർ 1859മെയ് 30ന് ജനറൽ കല്ലന് അയച്ചു: 1859 ജൂൺ 6ന് റസിഡണ്ട് കല്ലൻ മദ്രാസ് ഗവർണർക്കെഴുതി: “മദ്രാസ് ഗവൺമെന്റിന്റെ ഉപദേശപ്രകാരം ചാന്നാർ സ്ത്രീകളുടെ ശരീരത്തിന്റെ മേൽഭാഗം മറയ്ക്കുന്നത് നിരോധിച്ചുകൊണ്ടുള്ള എല്ലാ നിയമങ്ങളും എടുത്തുകളഞ്ഞുകൊണ്ട് ഒരു വിളംബരം മഹാരാജാവ് ഉടൻ നടത്തുന്നതാണ്.”

1859 ജൂലൈ 26-ാം തീയതി ആ വിളംബരം ഉണ്ടായി: 1829ൽ (കൊ. വ. 1004) പുറപ്പെടുവിച്ച വിളംബരത്തിൽ ചാന്നാർ സ്ത്രികളുടെ മേൽവസ്ത്രത്തെ സംബന്ധിച്ച ആവലാതിക്ക് ഇടവരുത്തിയ കാര്യങ്ങളെപ്പള്ളി നമ്മെ ധരിപ്പിച്ചതിൽ, ആരുടെയെങ്കിലും മനസ് വേദനിപ്പിക്കുന്നതാണെന്ന തോന്നൽ കഴിയുന്നേടത്തോളം ഉണ്ടാകാതിരിക്കാൻ എല്ലാ ജനങ്ങളും കരുതുന്നത് നമ്മുടെ ഉദ്ദേശ്യവും സന്തോഷവുമാണ്. അതിനാൽ ക്രിസ്ത്യൻ സ്ത്രീകളെപ്പോലെ ചാന്നാർ സ്ത്രീകളും ജാക്കറ്റ് ധരിക്കുന്നതിനോ, എല്ലാ വിഭാഗത്തിലും പെട്ട ചാന്നാർ സ്ത്രികളും ജാക്കറ്റ് ധരിക്കുന്നതിനോ, എല്ലാ വിഭാഗത്തിലുംപെട്ട ചാന്നാർ സ്ത്രീകൾ മുക്കുവത്തികളെപ്പോലെ മേൽഭാഗം മാറയത്തക്കവിധം പരുക്കൻ വസ്ത്രം ചുറ്റിവയ്ക്കുന്നതിനോ അവരുടെ മാറിടം മറയ്ക്കുന്നതിനോ വിലക്കുണ്ടായിരിക്കുന്നതല്ല. എന്നാൽ ഉയർന്ന ജാതിക്കാരായ സ്ത്രീകളുടെ വേഷം പോലാകരുത്.”

ഒടുവിൽ ഉയർന്ന ജാതക്കാരായ സ്ത്രീകളെപ്പോലെ ആകരുതെന്ന വ്യവസ്ഥയിൽ ചാന്നാർ സ്ത്രീകൾക്ക് മാറുമറയ്ക്കാൻ അവകാശം ലഭിച്ചു! താഴ്ന്ന ജാതിക്കാർ ഒരു വിധത്തിലും ഉയർന്ന ജാതിക്കാരെപ്പാലെ ആകരുത് എന്നതായിരുന്നു സവർണ്ണവിഭാഗത്തിന്റെ മനസ്സിലിരിപ്പ്.

താഴ്ന്ന ജാതിക്കാരായിപ്പോയി എന്നതുകൊണ്ട് സ്ത്രീകൾക്ക് സ്വന്തം ശരീരം മറയ്ക്കാൻ സ്വാതന്ത്ര്യം ഇല്ലാതിരിക്കുക; സ്വന്തം ശരീരത്ത് വസ്ത്രം ധരിക്കാൻ ആർക്കും അവകാശമുണ്ടെന്ന് ആ പാവങ്ങളെ ബോധ്യപ്പെടുത്താൻ വിദേശത്തുനിന്നും എത്തിയ മിഷനറിമാർ യത്നിക്കുക; അതിനെതിരെ കലാപം ശമിപ്പിച്ച് വസ്ത്രധാരണാവകാശം സ്ഥാപിക്കാൻ ബ്രിട്ടീഷ് ഭരണാധികാരികളുടെ സഹായം വേണ്ടിവരിക- കേരള ചരിത്രത്തിലെ ഈ കറുത്ത അദ്ധ്യായം ആരെയും ലജ്ജിപ്പിക്കുന്നതാണ്.

**ഇസ്രായേലേ കേൾക്ക...**

സർവ്വശക്തനും സകലത്തിന്റെയും സൃഷ്ടാവുമായ യാഹ് യഹോവേ ഇസ്രായേലിന്റേത്... അവിടുത്തെ മശിഹ ആയ യഹോശുവ ഇസ്രായേലിന്റേത്.... യാഹിന്റെ വാക്കുകൾ ഉൾക്കൊള്ളുന്ന ബൈബിൾ ഇസ്രായേലിന്റേത്.... ബൈബിൾ പഠിപ്പിക്കുവാനുള്ള യോഗൃത ഇസ്രായേലിനു മാത്രം.... എന്നാൽ ജാതീയ മതങ്ങൾ തങ്ങളുടേത് അല്ലാത്ത ബൈബിൾ അർഹതയോ യോഗൃതയോ ഇല്ലാതെ അവർക്ക് ഇണങ്ങിയ രീതികളിൽ പഠിപ്പിക്കുമ്പോൾ അത് യഥാർത്ഥമായ രീതിയിൽ പഠിപ്പിക്കേണ്ട ബാദ്ധ്യതയും ഇസ്രായേലിന്റേത്... ഇസ്രായേലിന്റെ പഠിപ്പിക്കൽ എന്തെന്ന് വേർതിരിച്ചറിയാൻ ഒരു ദിവസത്തെ ബൈബിൾ ക്ലാസ്.

**SCHOOL OF BIBLE THOUGHT PALA, MOB:9447149061**

## www.marupacha.com

# MATRIMONIALS

**വിവാഹ പരസ്യങ്ങൾക്ക് 500 രൂപ**

**പരസ്യങ്ങൾ ടെലിഫോണിലും സ്വീകരിക്കും**

**ഫോൺ: +91-469 - 2634321**

**e-mail: maruppacha@yahoo.com**

വിലാസം : MATRIMONIALS, MARUPPACHA, TIRUVALLA -1

'MARUPPACHA' യുടെ പേരിൽ ഡി.ഡി എടുക്കുക

വിവാഹ പരസ്യങ്ങൾ സൗജന്യമായി വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കും

---

രക്ഷിക്കപ്പെട്ട് സ്നാനപ്പെട്ട്, ആത്മസ്നാനം പ്രാപിച്ച്, ദൈവകൃപയിൽ നിൽക്കുന്നതും സുവിശേഷവേലയിൽ താത്പര്യമുള്ളതുമായ സിറിയൻ പെന്തെക്കോസ്തു യുവതി (ചാർട്ടേഡ് അക്കൗണ്ടന്റ് 34/5'3") ചെന്നൈയിൽ ഒരു പ്രമുഖ ക്രിസ്തീയ സ്ഥാപനത്തിൽ ഓഡിറ്ററായി ജോലി ചെയ്യുന്നു.
നല്ല ആത്മീയ നിലവാരമുള്ളതും സുവിശേഷവേലയിൽ താത്പര്യമുള്ളതും ബിരുദാനന്തര ബിരുദത്തിൽ കുറയാത്ത വിദ്യാഭ്യാസ യോഗ്യതയുള്ളതുമായ ജോലിയുള്ള പെന്തെക്കോസ്തു യുവാക്കളുടെ മാതാപിതാക്കളിൽ നിന്ന് വിവാഹാലോചനകൾ ക്ഷണിക്കുന്നു.

**Ph: 044 26840963, 09841307096**
**samlijo42@gmail.com**

---

സിറിയൻ ക്രിസ്ത്യൻ പെന്തെക്കോസ്ത് (TPM, 168 cm, DOB 27-8-1987, വെളുത്തനിറം, BE Computer Science course completed). മസ്കറ്റിൽ International School ൽ I.T. Dept.ൽ ജോലിയുള്ള യുവാവിന് പെന്തക്കോസ്ത് യുവതിയുടെ മാതാപിതാക്കളിൽ നിന്നും വിവാഹാലോചനകൾ ക്ഷണിക്കുന്നു.

**Ph: 9446856849**

---

പെന്തെക്കോസ്ത് യുവതി, 25/151, Staff Nurse (Mumbai), വെളുത്തനിറം, പിതാവ് മാറി താമസിക്കുന്നു. വിദ്യാഭ്യാസവും ജോലിയുമുള്ള (ഗൾഫ് / മുംബൈ) ആത്മീയരായ പെന്തെക്കോസ്ത് യുവാക്കളുടെ മാതാപിതാക്കളിൽ നിന്നും വിവാഹാലോചനകൾ ക്ഷണിക്കുന്നു.

**09388577113**

---

പൂതിയ ഫ്ളാററ്, മോഡൽ വീട്, രണ്ടു നില, താമസത്തിനായോ സ്ഥാപനങ്ങൾക്കോ വാടകയ്ക്ക് കൊടുക്കപ്പെടും. തമ്പാനൂർ റെയിൽവേ സ്റ്റേഷൻ (1 കി.മീ), തൈക്കാട് ആശുപത്രിക്ക് സമീപം. ബൈക്ക്, ഓട്ടോ പോകുന്ന സ്ഥലം.

**THYCAUD,TVM**
**8289828962**

---

പെന്തെക്കോസ്ത് യുവതി, 25, MBA, വെളുത്തനിറം. അനുയോജ്യമായ വിവാഹാലോചനകൾ ക്ഷണിക്കുന്നു.

**9747490777, 9947709380**

---

Proposals invited for girl (30,158 cm, Diploma) born and brought up and working in UK. Prefer God fearing Pentecostal boys, graduate working in UK/ USA/ Australia

**09969234897, 006738716617**
**roydavidkurian@gmail.com**

---

**വസ്തു വില്പനയ്ക്ക്**

തിരുവല്ല നവജീവോദയത്തിനു സമീപം 20 സെന്റ് സ്ഥലം വില്പനയ്ക്ക്

**9847166994**

---

# BETHEL CONSTRUCTION

122/4/3, Blore

**Head office, Branch, Kumbanad, Thiruvalla. 0805162311, Mob: 8281144868**
**Email: vijithomas4@gmail.com**
**www.bethelcostructions.com**

**കൺസ്ട്രക്ഷൻ രംഗത്ത് മികച്ച സേവനവുമായി വിശ്വസ്തയോടുകൂടി വർക്കുകൾ ചെയ്തുകൊടുക്കപ്പെടും**

---

## വസ്തുവില്പനയ്ക്ക്

റാന്നി - അങ്ങാടി മാർത്തോമ്മ ഹോസ്പിറ്റലിൽ നിന്നും 500 മീറ്റർ അകലത്തിൽ വീടുവയ്ക്കാൻ എല്ലാവിധ സൗകര്യങ്ങളും ഉള്ളത്, പഞ്ചായത്ത് റോഡ്, വെള്ളം, വൈദ്യുതി, സ്കൂൾ, ആരാധനാലയം എന്നീ സൗകര്യങ്ങളുള്ള 60 സെന്റ് വസ്തു വിൽക്കുവാനുണ്ട്. ആവശ്യമുള്ളവർ താഴെകാണുന്ന മൊബൈൽ നമ്പറിൽ ബന്ധപ്പെടുക.

**9447249192**

---

## TEACHERS WANTED

പ്രൈമറി ക്ലാസ്സുകളിലേക്ക് ടീച്ചേഴ്സിനെ ആവശ്യമുണ്ട്. (1-3 Classes).

Contact: **Filadelfia Mission School, 09420268710**

---

## MARUPPACHA ADVERTISEMENT TARIFF

| Size | Multicolour | Black & White |
|---|---|---|
| 2 page | 30,000 | 20,000 |
| 1 page | 20,000 | 15,000 |
| ½ page | 10,000 | 6,000 |
| ¼ page | 5,000 | 3,000 |
| 1clm x1column | | 65 |
| Minimum 5cm x1 column | | 500 |

Matrimonial Rs. 500 for one issue Rs 1000. For - 3 Issues

---



# എല്ലാവരും അറിയട്ടെ താങ്കൾ ആരാണെന്ന്

മലയാളി പെന്തെക്കോസ്ത് സമൂഹം അതിവേഗം വളർച്ച പ്രാപിക്കുകയാണ്. ലോകത്തിന്റെ എല്ലാ കോണുകളിലും മലയാളി പെന്തെക്കോസ്ത് സഭകളും വിശ്വാസ സമൂഹവുമുണ്ട്. നേരത്തെ മലയാളി പെന്തെക്കോസ്തർ വളരെയധികം ഇഴയടുപ്പമുള്ള സമൂഹമായിരുന്നു. പരസ്പരം അറിയുവാനും മനസ്സിലാക്കുവാനും സാധിച്ചിരുന്നു. വിശ്വാസ സമൂഹത്തിന്റെ എണ്ണം ആയിരങ്ങളിൽ നിന്ന് ലക്ഷങ്ങളിലേക്ക് വളർന്നപ്പോൾ നമുക്ക് പരസ്പരമുള്ള ബന്ധങ്ങൾ അറിവുകൾ അന്യമാകുന്നു.

ഹാലേലൂയ്യാ ഇയർബുക്കിന്റെ 'ഹൂ ഈസ് ഹൂ' വിഭാഗത്തിൽ നിങ്ങളെക്കുറിച്ച്/നിങ്ങളുടെ നേട്ടങ്ങളെക്കുറിച്ച്/ശുശ്രൂഷയെക്കുറിച്ച്/ബിസിനസിനെക്കുറിച്ച്/ഔദ്യോഗിക രംഗത്തെക്കുറിച്ച്/കുടുംബത്തെക്കുറിച്ച്/ ഒക്കെ ലഘു വിവരണവും ഫോട്ടോയും ഉൾപ്പെടുത്തും. ലോകമെങ്ങും എല്ലാവരും അറിയട്ടെ താങ്കൾ ആരാണെന്ന്. ഒരു പക്ഷേ ജീവിതയാത്രക്കിടയിൽ നഷ്ടമായിപ്പോയ സുഹൃത്തുക്കളെ കണ്ടെത്തുവാൻ പോലും ഈ ഹൂ ഈസ് ഹൂ താങ്കളെ സഹായിച്ചേക്കാം.

ഇതോടൊപ്പമുള്ള ഫോം പൂരിപ്പിച്ച് ഇന്നുതന്നെ അയക്കുക.

ഹൂ ഈസ് ഹൂ വിഭാഗത്തിൽ മൾട്ടി കളറിൽ ഫോട്ടോ സഹിതം ജീവചരിത്രക്കുറിപ്പ് പ്രസിദ്ധീകരിക്കുന്നതിന് 1000 രൂപയാണ് ഫീസ്. ആ തുകക്കുള്ള ചെക്ക് സഹിതം ഫോം അയക്കുക. ഹൂസ് ഈസ് ഹൂവിൽ വിവരങ്ങൾ നൽകുന്ന എല്ലാവർക്കും 500 രൂപ വിലയുള്ള ഇയർബുക്ക് സൗജന്യമായി അയച്ചു തരുന്നതായിരിക്കും. വിദേശത്തു നിന്ന് ഹൂസ് ഈസ് ഹൂവിലേക്ക് വിവരങ്ങൾ നൽകുന്നവർക്ക് നിങ്ങളുടെ നാട്ടിലെ വിലാസത്തിൽ മാത്രമേ ഇയർബുക്ക് അയച്ചു തരികയുള്ളു. അല്ലെങ്കിൽ ഒരു കോപ്പിയുടെ പോസ്റ്റേജായി 2000 രൂപ ഉൾപ്പെടെ 3000 രൂപ അയക്കേണ്ടതുണ്ട്.

(ഹാലേലൂയ്യാ ഇയർബുക്ക് മലയാള പെന്തെക്കോസ്ത് സമൂഹത്തെക്കുറിച്ച് അറിയേണ്ടതെല്ലാം ഉൾപ്പെടുത്തിയിരിക്കുന്ന സമ്പൂർണ്ണ ഇൻഫർമേഷൻ ഗൈഡാണ്.)

**Hallelujah Year Book, Periyillath Complex, Near YMCA, Tiruvalla 689 101**
**Ph: 0469-3290355, 9349500155, Email: hyearbook2012@gmail.com**

## ഹൂ ഈസ് ഹൂ ഫോം

പേര് : ................................ ജനനതീയതി : ................................

വിലാസം : ................................................................

................................................................

ജില്ല : ................ സ്റ്റേറ്റ് : ................ പിൻ : ................

ഫോൺ : ................ ഇമെയിൽ : ................................

ജന്മദേശം : ................ വീട്ടുപേര് (കുടുംബപേര്) : ................

പിതാവ് : ................................ മാതാവ് : ................................

ഭാര്യ : ................................ ഭാര്യയുടെ ജോലി : ................................

മക്കൾ: 1 : ................ 2 : ................ 3 : ................

നിങ്ങളുടെ വിദ്യാഭ്യാസം : ................................................................

പഠിച്ച സ്ഥാപനങ്ങൾ : ................................................................

നിങ്ങളുടെ ജോലി/ശുശ്രൂഷ : ................................................................

ഔദ്യോഗിക സ്ഥാനം : ................................................................

ജോലി ചെയ്യുന്ന സ്ഥാപനം : ................................................................

എത്ര വർഷമായി ഈ ജോലി ചെയ്യുന്നു? : ................................................................

പാസ്റ്ററാണെങ്കിൽ ഇപ്പോൾ ശുശ്രൂഷിക്കുന്ന സഭ : ................................................................

നിങ്ങൾ ഇപ്പോൾ താമസിക്കുന്ന സ്ഥലം : ................ ഇവിടെ എത്ര വർഷമായി : ................

നിങ്ങൾ ഉൾപ്പെട്ടു നിൽക്കുന്ന സഭ : ................................................................

കേരളത്തിന് പുറത്താണ് താമസിക്കുന്നതെങ്കിൽ ഇതിന് മുമ്പ് എവിടെയൊക്കെ താമസിച്ചു

................................................................

ഏതെങ്കിലും പ്രസ്ഥാനത്തിന്റെയോ സ്ഥാപനത്തിന്റെയോ സഭയുടേയോ ഔദ്യോഗിക ചുമതലകളോ പദവികളോ വഹിക്കുന്നുണ്ടോ? ഉണ്ടെങ്കിൽ എഴുതുക. (നേരത്തെ വഹിച്ച ഔദ്യോഗിക ചുമതലയെക്കുറിച്ച് എഴുതുക.)

................................................................

................................................................

പ്രസിദ്ധീകരണത്തിനുവേണ്ടി പൂർണ്ണമനസ്സോടെ ഈ ഫോം പൂരിപ്പിച്ച് നൽകുന്നു.

പേര് : ഒപ്പ് :

NB: *പാസ്പോർട്ട് സൈസ് ഫോട്ടോ ഇതോടൊപ്പം അയച്ചുതരിക. ഈ ഫോമിൽ ചില കോളങ്ങൾ പൂരിപ്പിക്കുവാൻ സ്ഥലം തികയുന്നില്ലെങ്കിൽ മറ്റൊരുപേപ്പറിൽ എഴുതി ചേർക്കുക.*

MARUPPACHA
Planthottam Complex
Tiruvalla - 689 101, Phone: +91 469 2634321
www.marupacha.com

മരുപ്പച്ച

R.N.I. Reg No.67619/97
Postal Reg. No. **KL/TLA/100/2012-14**
License No. **KL/TLA/WPP-116/2012-14**
Licensed to Post without Prepayment
**Date of Publication 05 - 06 - 2014**

VILAVINAL DEVELOPERS

# 30 SUPER LUXURY VILLAS
# 48 PREMIUM APARTMENTS
# KAKKANAD

THENGODE JUNCTION KAKKANAD-PALLIKKARA HIGHWAY







ENTRANCE



SHOPPING MALL

## The Landmark

www.thelandmark.in

Super Market | Health Club | Swimming Pool
Children's Garden | Solar Powered | 3 Automatic Lifts
Remote Control Garage Gate | 8m Internal Road
Jogging Track | Sweet Well Water | 24x7 Security

## VILAVINAL BUILDERS & DEVELOPERS PRIVATE LIMITED

33/1843, NH47 Bypass, Vennala PO, Kochi - 682028
+91 82 81 744555 E: sales@vilavinaldevelopers.com

Cornish Aluminium Cont LLC, P.O. Box 2160, Sharjah
United Arab Emirates +971 50 958 2277

Printed, published and owned by Achenkunju Elanthoor, Planthottam Complex, Tiruvalla-1. Printed at Rashtra Deepika for MGM Offset Press, Kottayam, Published at Planthottam Complex, Tiruvalla-1 Editor : Achenkunju Elanthoor.